032:1:9 J2 ACHUTHA MENON: SMARANANJALI

032:1:9
J2

032:1:9 J2.
Achutha Menon:
...ramanchali

MUL
165305

**Madras Unive**

Call Number 032:1:

Accession Number

Available for loan from

This book should be retu

the date last marke

DOCTRINA VIM PROMOVET INSITAM

# സ്മരണാഞ്ജലി.

ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ,

ബി. എ. പിഎച്ച്ഡി.

UNIVERSITY LIBRARY
14 SEP 1955
MADRAS.

പ്രസാധകന്മാർ:

കെ. ആർ. ബ്രദേർസ്.

കോഴിക്കോട്.

1952.

ഒന്നാംപതിപ്പ്

—കോപ്പി ആയിരം—

വില

1-ക 8-ണ.

032:1:9

അച്ചടി

കെ. ആർ. ബ്രദേർസ് അച്ചുക്കൂടം, കോഴിക്കോട്.

UNIVERSITY LIBRARY
14 SEP 1955
MADRAS

# രവീന്ദ്രൻ*

1918-ലാണെന്നു തോന്നുന്നു, ഞാൻ വിദ്യാർത്ഥി ജീവിതം അവസാനിപ്പിച്ചു് അവിടുന്നങ്ങോട്ടുള്ള ഗൗരവത്തിന്നനുസരിച്ചുള്ള ഒരു സ്ഥാനം അന്വേഷിച്ചു് മദിരാശിയിൽ നടക്കയായിരുന്നു. "വിററൂണു" കൂടാതെ അഭയസ്ഥാനങ്ങൾ അപ്പോഴപ്പോഴായി കിട്ടുന്നുണ്ടായിരുന്നെങ്കിലും ഇരിപ്പിടം ഉറച്ചിട്ടുണ്ടായിരുന്നില്ല. പരിചയം കുറഞ്ഞ ഒരു വലിയ പട്ടണത്തിൽ പല തരക്കാരും വന്നും പോയും ജീവിതത്തിന്റെ അസ്ഥിരത്വം ഓരോ നിമിഷവും നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിയ്ക്കുന്നു. ഇതിൽ നമ്മുടെ സ്ഥാനമേതാണെന്നോ എന്താണെന്നോ അറിയാതെ നാം വിഷമിയ്ക്കുന്നു. ആൾപ്പെരുപ്പത്തിന്റെ കൂട്ടത്തിൽ നമ്മുടെ നിസ്സഹായ സ്ഥിതിയിൽ പങ്കു കൊള്ളാനോ സഹതപിയ്ക്കാനൊ ഒരുക്കമുള്ള ഒരാളെയെങ്കിലും കാ

---

* ശ്രീ ചിത്രയുഗം വിശേഷാൽ പ്രതി 1117.

ഞാൻ സാധിക്കാതെയുമിരിയ്ക്കുന്നു. ഇങ്ങിനെ അന്തംവിട്ടു നടക്കുന്ന കാലത്തു് ആരെങ്കിലും പ്രസംഗിയ്ക്കുന്നുണ്ടെന്നോ അല്ലെങ്കിൽ എവിടെയെങ്കിലും പ്രദർശനങ്ങൾ ഉണ്ടെന്നോ കേട്ടാൽ ആ രംഗത്തിലെത്തിച്ചേരാൻ എനിക്കു വളരെ തിടുക്കമായിരുന്നു. എന്നാൽ കുറച്ചുനേരത്തെയ്ക്കെങ്കിലും അവനവന്റെ ക്ലേശങ്ങൾ മറന്നിരിയ്ക്കാമല്ലൊ. വർത്തമാന കേന്ദ്രങ്ങൾ, വായനശാലകൾ ഇവയും അന്നു വളരെ സഹായിച്ചിട്ടുണ്ട്. വൈകുന്നേരം അഞ്ചു മണിമുതൽ എട്ടു മണിവരെയുള്ള സമയം അവയിൽതന്നെയായിരുന്നു കഴിച്ചുകൂട്ടിയിരുന്നതു്. അങ്ങിനെയിരിയ്ക്കുമ്പോഴാണ് ഒരു ദിവസം മഹാകവി രവീന്ദ്രനാഥൻ മദിരാശിക്കു വരുന്നുണ്ടെന്ന വിവരം പത്രത്തിൽ വായിച്ചതു്. ആ മഹാനെ ഒന്നു കാണണമെന്നു് അതിയായ മോഹം ജനിച്ചു. അതുവല്ല വിധത്തിലും ദൂരെ നിന്നൊ ഘോഷയാത്രയിൽ വല്ല മൂലയിലും നിന്നോ പോരാതാനും. അന്നു നമ്മുടെ നാട്ടിൽ ടാഗോർ പ്രസ്ഥാനത്തിൽ ഭ്രമം കൂടിയ കാലമായിരുന്നു. ആ മഹാകവിയുടെ കഥയോ, കവിതയോ ഇല്ലാതെ ഒരു മാസികയെങ്കിലും അന്നു പുറത്തിറങ്ങിയിരുന്നില്ല. ശാന്തിനികേതനത്തെപ്പററിയുള്ള ഒരു കവിത ഞാൻ തർജ്ജമചെയ്തു "ആത്മപോഷിണി"യിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. നാലുകൊല്ലം മുമ്പു സാമൂതിരിക്കാളേജിൽ വിദ്യാർത്ഥിയായിരുന്ന കാലത്തു് പ്രൊ. ജെ. സി. റോളോ (Prof J. C. Rollo) ടോറുഡട്ടു്, സരോജിനി നായഡു, രവീന്ദ്രനാഥ ടാഗോർ എന്നീ കവിത്രയങ്ങളെപ്പററി ചെയ്തു പ്രസംഗം അപ്പോഴും എന്റെ ചെവിയിൽ മാറെറാലി

കൊള്ളുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു വാചകം Rabindranath was great both in Promise and performance (അങ്കുരാവസ്ഥയിലും പല്ലവിതാവസ്ഥയിലും മാഹാത്മ്യം പ്രദർശിപ്പിച്ചിരുന്ന രവീന്ദ്രനാഥൻ) ഒരുകാലത്തും മറക്കുന്നതുമല്ല. ഇങ്ങിനെ ഉള്ളിൽ ടാഗോറിനെല്ലാതെ മറ്റു ഒരാൾക്കും കാര്യത്തിന്നു സ്ഥാനമില്ലെന്നായി തീർന്നിട്ടുള്ള ഘട്ടത്തിൽ ആ ലോകൈക മഹാകവിയുടെ പാവനവിഗ്രഹം കാണുവാൻ ഉടനെ ഭാഗ്യമുണ്ടാവുമെന്ന വിചാരം എന്നെ ഏതെല്ലാംവിധത്തിൽ സന്തോഷിപ്പിച്ചിരിക്കുമെന്ന് വായനക്കാർ ഊഹിയ്ക്കുയാണു ഉത്തമം. മഹാകവിയുടെ വരവു പ്രതീക്ഷിച്ചിരിപ്പായി. അദ്ദേഹത്തെ കണ്ടതുകൊണ്ടുമാത്രം മനസ്സു സ്വസ്ഥമാകുമെന്ന നില കവിഞ്ഞു. ഒന്നു രണ്ടു വാക്കെങ്കിലും—കുശലാന്വേഷണരൂപത്തിലെങ്കിലും—സംസാരിക്കുവാൻ സാധിച്ചാൽ അതിൽപരമായി ഒരു മഹാഭാഗ്യമില്ലെന്ന് ഒരു വിശ്വാസം മനസ്സിൽ വേരൂന്നുകയും ചെയ്തു. ഞങ്ങൾ തമ്മിലുള്ള അജഗജാന്തരം എനിയ്ക്കോർക്കേണ്ട ആവശ്യമില്ലല്ലോ.

രവീന്ദ്രന്റെ വിജയ യാത്ര* മദിരാശിലേയ്ക്കു തിരിഞ്ഞ വിവരം വീണ്ടും പത്രങ്ങളിൽ പ്രകാശിച്ചു. ദിവസവും തീർച്ചപ്പെട്ടു. Y. M. J. A. എന്ന സ്ഥാപനത്തിൽവെച്ചു ഒരു പ്രസംഗമുണ്ടെന്നും അതിലേയ്ക്കു പ്രവേശം ടിക്കററുമൂലമാണെന്നും അറിവായി. അപ്പോഴാണ് ആശാഭംഗത്തിന്റെ നിഴലാട്ടം എന്റെ മനോമുകരത്തിൽ വീശിയത്. ലോകപ്രസിദ്ധനായ മഹാകവി ടാഗോറിന്റെ പ്രസംഗം; ആ മഹാനെ ആദരിയ്ക്കുവാനും ആരാധിയ്ക്കുവാനും ഉഴറി

* Nobel Prize കിട്ടിയതിന്നു ശേഷം ആദ്യത്തെ വരവായിരുന്നു അത്.

കൊണ്ടിരിയ്ക്കുന്ന ജനങ്ങളോ അനേകായിരം, മറ്റൊരു പേക്ഷപോലും വിഷ്ണുമുട്ടാതെയിരിയ്ക്കാൻ സാധിയ്ക്കാത്ത ഹാള്; അതിൽ കടന്നുചാടുവാൻ ടിക്കററു വേണമെന്ന നിർബ്ബന്ധം, പരപ്പുകൂടിയ ലോകത്തിന്റെ ഒരു മൂലയിലെങ്കിലും, ഒരു സ്ഥലം കിട്ടാത്ത എനിയ്ക്കു അതിലൊരാളാകണമെന്ന അതിമോഹം; പോരേ! ഇത്രയും സംഗതികൾ യോജിപ്പിയ്ക്കുവാൻ ജഗൽ സൃഷ്ടികർത്താവുതന്നെ ഒരിന്ദ്രജാലപ്രയോഗം ചെയ്താൽ സാധിയ്ക്കുന്നകാര്യം സംശയം.

അന്ന് Associated Pressന്റെ മാനേജരായിരുന്ന ശ്രീമാൻ കെ. യു. ഗോവിന്ദമേനോൻ അവർകൾ എന്റെ ഒരു മാന്യമിത്രവും ഒരു ഗുണകാംക്ഷിയും ആയിരുന്നു. (ആ സുഹൃത്ത് അകാലത്ത് കാലധർമ്മം പ്രാപിച്ചു) അദ്ദേഹത്തിന്റെ ആഫീസിൽ ഞാൻ പലപ്പോഴും പത്രം വായിയ്ക്കുവാനായി പോകപതിവായിരുന്നു. എന്റെ ആഗ്രഹം അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹം, "താനും ടാഗോർ ഭ്രമക്കാരനാണോ?" എന്നു നേരംപോക്കായി ചോദിച്ചു. "ഭ്രമത്തിന്റെ കാര്യം ഇരിയ്ക്കട്ടെ, എനിയ്ക്കു നാളത്തെ മീററിങ്ങിന് ഒരു ടിക്കററു വേണമല്ലോ-വിലയ്ക്കു കിട്ടുമെങ്കിൽ വാങ്ങാമായിരുന്നു" എന്നു ഞാൻ അക്ഷമ കാണിച്ചു. "ഭ്രമത്തിന്റെ കാര്യം തീർച്ചയില്ലെങ്കിൽ പരിഭ്രമം എങ്ങിനെയായാലും വേണ്ട. തനിയ്ക്കു അഗ്രാസനം തന്നെ ഞാൻ വാങ്ങിത്തരാം. പക്ഷെ, ഞങ്ങളുടെ പ്രതിനിധിയായി പോയിരിയ്ക്കണം—ടാഗോറിന്റെ പ്രസംഗം മനസ്സിലാക്കി റിപ്പോർട്ട് ചെയ്യാൻ ഇവിടെ ആരും ഇല്ല. താൻ സാഹിത്യകാരനല്ലേ?" എന്നു അനുകൂലമായ മറുപ

ടി മിസ്റ്റർ മേനോൻ തന്നെപ്പോം ഞാൻ ക്ഷണനേരം കൊണ്ടു്—ബാല്യസഹജമായ ഭാഷയിൽ പറയുകയാണെങ്കിൽ—സ്വൎഗ്ഗത്തിൽ കയറി, ടിക്കററു വാങ്ങി, പിറെറ ദിവസം സമയം കാത്തിരിപ്പായി.

ഒരു ഉത്സവത്തിന്നു പോകുന്നതുപോലെ ഞാൻ പുറപ്പെട്ടു. നിശ്ചിതസമയത്തിന്ന് എത്രയോ മുമ്പുതന്നെ ഹാളിൽ ജനങ്ങൾ വന്നു നിറഞ്ഞു. പററിപ്പിടിച്ചു കൂടാവുന്ന സ്ഥലങ്ങളിലും ആളുകൾ കയറി. അപായങ്ങൾ ഭയപ്പെട്ടു് ഹാളിൻെറ അധികൃതന്മാർ ജനങ്ങളെ വിലക്കിനോക്കി; ഫലമുണ്ടായില്ല. തുറന്ന സ്ഥലങ്ങളിൽ വല്ലിടത്തും യോഗം വിളിച്ചുകൂട്ടാത്തതിനെപ്പററി ചിലർ ആക്ഷേപിച്ചു. മഹാകവിയുടെ ദേഹസുഖമില്ലാത്തതിനാലാണു് അങ്ങിനെ ഏൎപ്പാടുചെയ്യാതിരുന്നതു് എന്ന സമാധാനവും കേട്ടു. അങ്ങിനെയിരിയ്ക്കുമ്പോൾ "രവീന്ദ്രനാഥ്കീജെ!" എന്ന വിളി ആ മഹാൻെറ ആഗമനം സൂചിപ്പിച്ചു. മഹാകവിയ്ക്കുവേണ്ടി അലങ്കരിച്ചുവെച്ചിരുന്ന അഗ്രപീഠത്തിൻെറ അടുക്കലായി പത്രപ്രതിനിധികളുടെ ഇടയിൽ ഞാനും സ്ഥലം പിടിച്ചു. അവരിൽ ചിലർ അപരിചിതനെന്ന നിലയിൽ എന്നെ നോക്കിയിരുന്നു. ഷോട്ട്ഹാൻഡു നോട്ടുപുസ്തകമൊന്നും എൻെറ കൈവശമുണ്ടായിരുന്നില്ല. ഇതാരോ ചാടിക്കയറിയതാണെന്നു് അവർ വിചാരിച്ചിരിയ്ക്കണം. അധികനേരം അങ്ങിനെ സംശയിച്ചിരിയ്ക്കുവാൻ അവൎക്കു തരമില്ല. ആൾക്കൂട്ടത്തിന്നിടയിൽക്കൂടി ക്രമേണയായി രവീന്ദ്രപ്രഭ പ്രത്യക്ഷപ്പെട്ടുതുടങ്ങി. നീണ്ട തൊപ്പി, വെള്ളിക്കമ്പിപോലെ തൂങ്ങിമിന്നുന്നതാടി,

കഴുത്തുമുതൽ കാലടിവരെ നിവന്നുകിടക്കുന്നതും ദേഹം മുഴുവനും മറച്ചതുമായ ആ കറുത്ത ഉടുപ്പ്, ഇവയെല്ലാം ഓരോന്നോരോന്നായി തറയിൽ കയറുമ്പോഴേക്കു കണ്ടു. ചിത്രങ്ങളിൽ കാണുന്ന പ്രതിബിംബവും അസ്സലും തമ്മിൽ ഇണക്കിനോക്കി. ചിത്രത്തിൽ കാണാറുള്ള ആ ശാന്തഗംഭീരസ്വരൂപം പതിന്മടങ്ങു ചൈതന്യത്തോടെ അവിടെ പ്രത്യക്ഷമായിരിയ്ക്കയാണു്. അദ്ദേഹം കസാലയിലല്ലാ ഇരുന്നതു്. പട്ടുകൊണ്ടലങ്കരിച്ചിരുന്ന അഗ്രപീഠത്തിൽ, പട്ടിൽ പൊതിഞ്ഞ ആ കമനീയ വിഗ്രഹം ചമ്രം പടിഞ്ഞിരുന്നു. അദ്ധ്യക്ഷനും പ്രാസംഗികനും എല്ലാം ഒരാൾതന്നെ. വിശേഷിച്ചു മുഖവുരയൊന്നും കൂടാതെ താൻ എഴുതിക്കൊണ്ടുവന്നിരുന്ന അരണ്യസന്ദേശം വായിയ്ക്കുവാൻ തുടങ്ങി. സ്വരമാധുര്യംതന്നെ എല്ലാവരേയും ഒരു നിമിഷത്തിൽ നിശ്ശബ്ദരാക്കി. അതു വെറും വായനയോ വീണവായനയോ ഗാനമോ എന്നു തിരിച്ചറിയാൻ പ്രയാസമായിരുന്നു. നമ്മുടെ പൌരാണികന്മാർ തപോവനത്തിലിരുന്നു അനേകകാലം ചെയ്ത ബ്രഹ്മധ്യാനത്തിന്റെ ഫലമായി അവക്കനുഭവപ്പെട്ട ആനന്ദത്തിന്റെ ഒരു പ്രതിധ്വനിയായിരുന്നു ആ ഉപന്യാസം വഴി പ്രവഹിച്ചതു്. സ്വരത്തിലോ സാഹിത്യത്തിലോ ആ പരമാനന്ദാനുഭൂതി അധികം പ്രത്യക്ഷപ്പെട്ടതെന്നു തീൎത്തുപറയുന്നതെളുപ്പമല്ല രണ്ടും ഒരുപോലെ രമണീയമായിരുന്നു. സംഗീതവും ഇംഗ്ലീഷുഭാഷയും തമ്മിൽ പൊരുത്തം കുറയുമെന്നു പരക്കെ ബോദ്ധ്യമുണ്ടെങ്കിലും മഹാകവിയുടെ കണ്ഠനാളം ആ അഭിപ്രായത്തെ അവഗണിച്ചു. ആ കളകൂജിതത്തിൽ ബങ്കാളിയും ഇംഗ്ലീഷും സംസ്കൃതവും ഒരുപോലെ അലി

ഞ്ഞുവേന്റ. ഗാനകലയുടെ ഗമകങ്ങളും ആരോഹാവരോഹങ്ങളും ഇംഗ്ലീഷു ഗദ്യത്തിനും യോജിപ്പിയ്ക്കാമെന്ന് ആ പ്രസംഗഗാനം ദൃഷ്ടാന്തപ്പെടുത്തി. ആ ശബ്ദബ്രഹ്മത്തിൽനിന്നു സംഗീതവും സാഹിത്യവും വേർതിരിയ്ക്കുവാൻ ആൎക്ക സാധിയ്ക്കും?

രണ്ടിന്റേയും ഉള്ളിണക്കം ആ കവികോകിലത്തിനെപ്പോലെ മററാരും സ്വാധീനമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല.

പ്രപഞ്ചത്തിനു ഭൌതികമെന്നും ആദ്ധ്യാത്മികമെന്നും രണ്ടുവശമുണ്ട്. ഭൌതികത്തെ ആദ്യം പറയുന്നതു്, ലൌകികന്മാരുടെ മനസ്സ് പ്രഥമമായി അതിൽ പിണയുന്നതുകൊണ്ടാണു്. അതിന്റെ മൎമ്മം ക്രമേണ ധരിയ്ക്കുമ്പോഴാണു് ആദ്ധ്യാത്മികത്തിലേയ്ക്കുള്ള ആദ്യത്തെ പടി കാണുന്നതു്. ആ പടി കടന്നാൽ പിന്നെ അതിന്റെ നിത്യസൌന്ദൎയ്യത്തിൽ ഐക്യം പ്രാപിയ്ക്കുകയും ചെയ്യുന്നു. ഈ തത്വപ്രഖ്യാപനം ചെയ്തതു് നമ്മുടെ പുരാണേതിഹാസങ്ങളിലും കാവ്യങ്ങളിലും ചിത്രീകരിച്ചു കാണുന്ന തപോവനങ്ങളിലാണു്. ഭൌതികസാമഗ്രികൾ വന്നും പോയുമിരിയ്ക്കുന്നു. ആദ്ധ്യാത്മികജ്ഞാനത്തിൽ അടിയുറച്ച ആനന്ദമോ എന്നും ആസ്വാദ്യമായിരിയ്ക്കുന്നു. ഈ പരമാൎത്ഥം ലോകസമക്ഷം ആദ്യമായി അവതരിപ്പിച്ചതു് ഹൈന്ദവസംസ്കാരമാണു്. കാളിദാസപ്രഭൃതികൾ അവരുടെ കാവ്യങ്ങളിൽ ആ തത്വരത്നത്തെ രംഗവിധാനം ചെയ്തു നമ്മെ പഠിപ്പിച്ചു. സുഖസമൃദ്ധിയിൽ കളിയാടിക്കൊണ്ടിരുന്ന ദുഷ്യന്തൻ അതിന്റെ പരിപൂൎണ്ണഫലപ്രാപ്തിയ്ക്ക്

എന്തിനു തപോവനത്തെ ആശ്രയിച്ചു? രാജത്വവും അതിൽനിന്നു ഉളവാകുന്ന സൌകര്യങ്ങളും വിസ്മരിച്ചു ദിലീപമഹാരാജാവു് എന്തിനു് ആശ്രമമൃഗങ്ങളെ പരിചരിയ്ക്കാൻ തയ്യാറായി? ഉച്ചനീചത്വങ്ങളെ അതിലംഘിച്ചു് "വിവിധത്വത്തിലെ ഏകത്വ"ത്തിൽനിന്നുദിയ്ക്കുന്ന ആനന്ദരസം അവിടെ സുലഭമായിരുന്നതുകൊണ്ടും അതിന്റെ ഏകദേശമെങ്കിലും അനുഭവിയ്ക്കണമെന്ന മോഹംകൊണ്ടുമല്ലേ; ഈ പ്രശ്നങ്ങൾ മഹാകവിയുടെ മനോഹരമായ വാഗ്ധോരണിയിൽ കൂടി ഒഴുകിക്കണ്ടപ്പോൾ ഭൌതികസംസ്കാരത്തിന്റെ ഒരു പ്രതിച്ഛായയായിരുന്ന ആ സഭാമണ്ഡപം ഒരു കണ്വാശ്രമമായിച്ചമഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ. ഇങ്ങിനെ ലോകം മുഴുവൻ ഒരു തപോവനമാക്കിത്തീർക്കുവാനും, അതിൽ മത്സരത്തിനു പകരം മഹനീയമായ ഒരു മൈത്രി നിറയ്ക്കാനും ആയുഷ്കാലത്തിന്റെ അവധിവരെ തന്റെ മോഹനഗാനകിരണങ്ങളെക്കൊണ്ടു് നിഷ്കാമമായി പരിശ്രമിച്ച ആ രവീന്ദ്രൻ ഇപ്പോൾ അസ്തമിച്ചു. ആ രവി വീണ്ടും ഉദിയ്ക്കുമെന്നു് ആ പുണ്യശ്ലോകൻ നമ്മെ പഠിപ്പിച്ച ധർമ്മസിദ്ധാന്തം സമാധാനിപ്പിയ്ക്കുന്നു—ആ പാവനമുഹൂർത്തം നമുക്കു കാത്തിരിയ്ക്കുക!

---

## അപ്പൻതമ്പുരാൻ

# തിരുമനസ്സുകൊണ്ടു്

അപ്പൻതമ്പുരാൻ എന്ന പഞ്ചാക്ഷരം കൈരളി ഉരുവിടുവാൻ തുടങ്ങിയിട്ടു് ഒരു നാലു പന്തീരാണ്ടായി. അതു മറക്കാനോ മറയ്ക്കാനോ അവർക്കും അവരുടെ മക്കൾക്കും സാധിക്കുന്നതുമല്ല. പാക്കനാർ പറഞ്ഞുവെച്ച "ആഴവാഞ്ചേരി തമ്പ്രാക്കൾ തമ്പ്രാക്കളാണു്; മററാരും തമ്പ്രാക്കളല്ല" എന്ന പഴമൊഴി നമ്മെ വീണ്ടും ഓർമ്മപ്പെടുത്തിയതു് അപ്പൻതമ്പുരാനാണു്. പേരിടുന്നതിലും ഒരു പെരുമയുണ്ടു്. അദ്ദേഹത്തിന്റെ ജീവിതരഹസ്യം ആ പേരിൽതന്നെ ആദ്യമേ ഒളിഞ്ഞുകിടന്നിരുന്നു. അതറിഞ്ഞു പേരിട്ട മഹാൻ ഇക്കാലത്തെ വസിഷ്ഠനോ സാന്ദീപനിയോ ആണെന്നതിൽ സംശയമില്ല. കേരളത്തേയും കേരളീയരേയും കേരളഭാഷയേയും "ഒരപ്പ"നായിത്തന്നെ അദ്ദേഹം

നോക്കിപ്പോന്നു. ആശ്രിതന്മാൎക്ക് ആ പുണ്യാത്മാവ് തമ്പുരാനുമായിരുന്നു. ഇങ്ങിനെയുള്ളൊരു മഹാന്റെ താങ്ങില്ലാതെ കൈരളി എങ്ങിനെ നാളുകഴിയ്ക്കും? അദ്ദേഹം മറഞ്ഞുവോ? നമ്മുടെ മാംസചക്ഷുസ്സുകൾക്ക്, അല്ലെങ്കിൽ പുറംകണ്ണിന്ന്, കാണാതെയായി. ഉൾക്കണ്ണിന്നു ആ മഹാനുഭാവൻ ഇപ്പോഴും പ്രകാശിച്ചുകൊണ്ടിരിയ്ക്കുന്നു.

"നിന്നുടെ ഭൎത്താവ് ദേഹമോ? ജീവനോ?" എന്നു ചോദിച്ചു ശ്രീരാമൻ താരയെ സമാധാനിപ്പിയ്ക്കുകയുണ്ടായി. ഒന്ന് എങ്ങിനെയായാലും നശിയ്ക്കും. അതു പോയതുകൊണ്ടു വ്യസനിച്ചിട്ടും ഫലമില്ല മററതു് എന്നെന്നേയ്ക്കുമുണ്ടുതാനും. അതിനെ സംബന്ധിച്ചിടത്തോളം വ്യസനത്തിന്നവകാശമില്ല. ആ തീൎത്ഥപാദന്റെ "ചുവടുകൾ" നമുക്ക എവിടെനോക്കിയാലും കാണാം. ആ ശബ്ദബ്രഹ്മത്തിന്റെ കളഗാനം ലയിച്ച അന്തരീക്ഷത്തിൽത്തന്നെ നാമും കുടികൊള്ളുന്നു. ആ മഹാൻ ശ്വസിച്ച വായു തന്നെയാണു് നമുക്കും അവലംബം. അതുകൊണ്ടു, കൈരളീദേവി! അവിടുന്നു സമാധാനിയ്ക്കൂ. നാടകരംഗത്തിൽ മതിമറന്നിരുന്ന ആ മായാപുരുഷൻ മററൊരു രംഗത്തിലും വേഷത്തിലും ഇനിയും പ്രത്യക്ഷമാകും. അതുവരെ ക്ഷമിച്ചിരിയ്ക്കൂ!

സുമാറു മുപ്പതു കൊല്ലങ്ങൾക്ക മുമ്പാണു് അപ്പൻ തമ്പുരാൻ തിരുമനസ്സിലെ ആദ്യമായിക്കാണുവാൻ എനിയ്ക്കു ഭാഗ്യമുണ്ടായതു്. ഞാൻ അന്നു് സ്കൂൾഫൈനൽ ക്ലാസ്സിൽ ഒററപ്പാലത്തു പഠിയ്ക്കയായിരുന്നു. മെ. വി.

നാരായണൻനായർ, എൻ. കൃഷ്ണൻ, പി. വി. നാരായണ മേനോൻ എന്നിവരും ഞാനും പ്രധാനാംഗങ്ങളായി ഒരു "കവിസമാജം" സ്ഥാപിച്ചു. അഷ്ടകങ്ങളും സമസ്യാപൂരണങ്ങളും നിർമ്മിച്ചു രസിച്ചിരുന്ന ഒരു കാലമായിരുന്നു അതു. സരസനും വാഗ്മിയുമായിരുന്ന ശ്രീ. ചെല്ലു എഴുത്തച്ഛനായിരുന്നു ഞങ്ങളുടെ മലയാള മുൻഷി. അദ്ദേഹം ഞങ്ങളെ നല്ലവണ്ണം പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്തിരുന്നു. സമാജത്തിന്റെ വാർഷികദിനവും ഹൈസ്കൂളിന്റെ വാർഷികദിനവും ഒന്നിച്ചാഘോഷിയ്ക്കാമെന്നും അദ്ധ്യക്ഷനായി ഒരു തികഞ്ഞ സാഹിത്യകാരനെ ക്ഷണിയ്ക്കണമെന്നും ഞങ്ങൾ തീർച്ചയാക്കി. സ്കൂൾ ഭാരവാഹികൾ ഞങ്ങളുടെ ആഗ്രഹത്തോടനുകൂലിയ്ക്കുകയും ചെയ്തു "സമസ്യാപൂർത്തികൾ" കൊണ്ടു് അന്നുതന്നെ ഞങ്ങളെ ആകർഷിച്ച "അപ്പൻതമ്പുരാൻ" തിരുമനസ്സിലെ നാമധേയം എല്ലാവരും ഉച്ചരിച്ചു. ഞങ്ങളുടെ ക്ഷണം സ്വീകരിച്ചു അദ്ദേഹം എഴുന്നള്ളാമെന്നും ഏററു. തമ്പുരാന്റെ സ്വരൂപം ഞങ്ങളെല്ലാവരും സങ്കല്പത്തിൽ വരയ്ക്കുവാൻ തുടങ്ങി. നാടകത്തിൽ കാണാറുള്ള "രാജാപ്പാർട്ടി"ന്റെ രൂപമാണു് അന്നു കുട്ടികളായിരുന്ന ഞങ്ങൾ ജീവിച്ചിരിയ്ക്കുന്ന രാജാക്കന്മാർക്കും സങ്കല്പിച്ചിരുന്നതു്. തുവൽവെച്ചു കസവുതൊപ്പി; വക്കത്തു പൊൻ കസവുപിടിപ്പിച്ച വലിയ കോട്ടും കാലുറയും, പട്ടുകൈലേസ്, കസവിട്ട അരപ്പട്ട (പൊടിയിട്ടുമിനുക്കിയ മുഖവും എഴുതിയ കണ്ണും കറുത്ത ഗോപിയും അന്ന് അത്രതന്നെ പ്രചാരത്തിലായിട്ടില്ല) ഇവയായിരുന്നു രാജചിഹ്നങ്ങളായി ഞങ്ങളുടെ ചിത്രത്തിൽ സ്ഥലം പിടിച്ചിരു

ന്നതു്. പ്രത്യക്ഷമായ അപ്പൻതമ്പുരാന്റെ വിഗ്രഹത്തിൽ കസവുതൊപ്പിയൊഴികെ മറവുയാതൊന്നും കാണാതിരുന്നപ്പോൾ ഞങ്ങളിൽ ചിലക്കു ഇച്ഛാഭംഗമുണ്ടായില്ലെന്നു പറഞ്ഞുകൂടാ. എന്നാൽ ഒരു പെരുപുഞ്ചിരിയോടുകൂടി തമ്പുരാൻ തീവണ്ടിയിൽ നിന്നിറങ്ങിയപ്പോൾ ഞങ്ങളെല്ലാവരുടേയും ഉള്ളിൽ അദ്ദേഹം കയറിയപോലെതോന്നി. ഒരു രാജാവിനെ ഉപചരിയ്ക്കേണ്ടതെങ്ങനെയെന്നു പരിഭ്രമിച്ചു നിന്നിരുന്ന ഞങ്ങളെ ആ മഹാമനസ്കൻ വാത്സല്യപൂർവ്വം കടാക്ഷിച്ചപ്പോൾ ഞങ്ങളുടെ പരിഭ്രമമെല്ലാം പറപറന്നു ആ ഒതുങ്ങിയ ദേഹവും, വംശമാഹാത്മ്യം വിളിച്ചുപറയുന്ന നീണ്ട മൂക്കും, ആക്കും വിശ്വാസം ജനിപ്പിയ്ക്കുന്നവയും എന്നാൽ നോക്കുന്നിടത്തോളം ഗഹനതസൂചിപ്പിയ്ക്കുന്നവയുമായ കണ്ണുകളും അദ്ദേഹത്തെ സമീപിയ്ക്കുവാനുള്ള ധൈര്യം ഉടനെ ഞങ്ങളിലങ്കുരിപ്പിച്ചു. തമ്പുരാന്റെ സാമാനങ്ങളെടുപ്പാൻ ഞങ്ങൾ നാലഞ്ചുപേർ വണ്ടിയിലേയ്ക്കു ചാടിക്കയറിയപ്പോൾ "അത്രയ്ക്കു സാമാനങ്ങളൊന്നുമില്ല കുട്ടികൾക്കു വേണ്ടതും അതിലില്ല" എന്നു് അരുളിച്ചെയ്തതോടുകൂടി ഞങ്ങളുടെ "ഒരപ്പനോട്ടു" കാണിയ്ക്കാവുന്ന സ്വാതന്ത്ര്യത്തോടുകൂടി അവിടെ പെരുമാറാമെന്നു് ഞങ്ങൾക്കു ബോദ്ധ്യമായി. ഗുരുനാഥന്മാർ തമ്പുരാനെ എതിരേററു കൂട്ടിക്കൊണ്ടുപോകാൻ തെയ്യാറായി. ഞങ്ങളിൽ ചിലർ പിന്നിൽ പെട്ടു ഉടനെ, തിരുമേനി തിരിഞ്ഞു്. "കുട്ടികൾ മുമ്പിൽ നടക്കട്ടെ; എനിയ്ക്കു അവരെ കണ്ടുംകൊണ്ടു നടക്കണം" എന്നുംകൂടി ആജ്ഞാപിച്ചപ്പോൾ ഞങ്ങളുടെ കരൾ പ്രജകളുടെ പിതാ

വായ ആ വാത്സല്യനിധിയ്ക്കു അടിമപ്പെട്ടു. പിന്നീട്ടുള്ള എഴുന്നള്ളത്ത് വാദ്യഘോഷങ്ങളോടുകൂടിയായിരുന്നതിനാൽ പിന്നെ സംസാരത്തിന്നു വഴിയില്ലാതായി. വാർഷികാഘോഷത്തിന്ന് ഒരുക്കിയിരുന്ന ഹാളിൽ എഴുന്നെള്ളിയിരുന്ന സഭയെ ഒന്നു കടാക്ഷിച്ച വന്ദിച്ചതോടുകൂടി സഭാവാസികളേയും ആ ഗംഭീരപുരുഷൻ ആകർഷിച്ചുതുടങ്ങി. അവിടേയും ഇവിടേയും "ഓടിനടന്നി"രുന്ന എനിയ്ക്കു ഒരു പ്രസംഗരൂപത്തിൽ അവിടെ പ്രവഹിച്ച വാഗ്‌വിലാസം അനുഭവിയ്ക്കാൻ കഴിഞ്ഞില്ല. സമ്മാനദാനത്തിന്നിടയിൽ എന്റെ പേരും വിളിയ്ക്കുന്നതുകേട്ടപ്പോൾ ഞാൻ സ്നേഹിതന്മാരുടെ തള്ളലോടുകൂടി തമ്പുരാന്റെ മുമ്പിൽചെന്നു താണുതൊഴുതുനിന്നു. "ഇതു് കവിതയ്ക്കുള്ളതാണു്; ഇതിൽ കവിയുകയല്ലാതെ കുറയരുതു്" എന്ന അനുഗ്രഹത്തോടുകൂടി ഒരു പുസ്തകം എന്റെ കയ്യിൽ അവിടുന്നു തന്നതോടുകൂടി എന്റെ സന്തോഷത്തിന്നതിരില്ലാതെയായി. നന്ദിപൂർവ്വം ആ മുഖം ഒന്നുകൂടി നോക്കി ഞാൻ കുമ്പിട്ടു. ആ പ്രസന്നതയും "എന്റെ രാജത്വം എല്ലാവരേയും സ്നേഹിയ്ക്കാനുള്ളതാണു്, അകററാനുള്ളതല്ല" എന്നു തോന്നിയ്ക്കുന്ന ആ നോട്ടവും ഇനി എവിടെ കാണും?

"എന്തിന്നതിങ്കൽ ഗുണധോരണി ചേർത്തുവെച്ചു
എന്തിന്നതൊക്കെ വിധിയേവമപാകരിച്ചു"

എന്നു തന്നത്താൻ ചോദിച്ചു നമുക്കും സമാധാനിയ്ക്കതന്നെ.

പിന്നെ ഞാൻ അപ്പൻ തമ്പുരാനെ കണ്ടതു് പത്തുപന്ത്രണ്ടുകൊല്ലം കഴിഞ്ഞിട്ടാണു്. അപ്പോഴേയ്ക്കു സാഹിത്യംവഴി ഞങ്ങൾ കുറച്ചുകൂടി അടുത്തിട്ടുണ്ടായിരുന്നു

വെന്നു പറയാം. ചില ലേഖനങ്ങളും പദ്യങ്ങളും ഞാൻ അതിനകം പ്രസിദ്ധപ്പെടുത്തിയിരുന്നു. അവ അവിടുന്നു കണ്ടിരുന്നുതാനും. മലയാളം ബോഡ് ഓഫ് സ്റ്റഡീസിന്റെ ഒരു യോഗത്തിൽ സംബന്ധിയ്ക്കാനായി തമ്പുരാൻ മദിരാശിയിൽ എഴുന്നരുളിയപ്പോൾ അവിടത്തെ മലയാളി ക്ലബ്ബുകാർ "എഴുത്തച്ഛൻദിനം" കൊണ്ടാടണമെന്നു തീർച്ചയാക്കിയിരുന്നു. സർ സി. ശങ്കരൻനായരെ അദ്ധ്യക്ഷനായും അവിടുത്തെ പ്രധാന പ്രാസംഗികനായും ഞങ്ങൾ ക്ഷണിച്ചു. ഭൃതരാദർ രംഗപ്രവേശം ചെയ്തിട്ട് അരപ്പാഴയ്ക്ക് ഏതാനും മാസമേ ആയിരുന്നുള്ളു. അതിന്റെ കർത്താവിനെ മദിരാശിവെച്ചു കാണുകയെന്നതൊരു ചില്ലറ കാര്യമല്ലല്ലോ. സർ സി. ശങ്കരൻനായരും കുറച്ചുകാലമായി മദിരാശിയിലുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പുനരാഗമനവും അവിടെയുള്ള മലയാളികളെ കൌതുകത്തിൽ ആറാടിച്ചു. എഴുത്തച്ഛന്റെ പാവനനാമധേയത്തിനുള്ള ആകർഷണവും ആ പേരിൽ നടത്തുന്ന ആഘോഷത്തിന്റെ പുതുമയും ആ കൌതുകം പത്തിരട്ടി വർദ്ധിപ്പിച്ചു. മദിരാശിയിലുള്ള മിക്ക മാന്യമലയാളികളും അന്നത്തെ യോഗത്തിൽ സന്നിഹിതരായി. സദസ്സ് എല്ലാംകൊണ്ടും അതിഗംഭീരമായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ? പ്രസംഗത്തിനു ചില മഹതികളെ ക്ഷണിച്ചിട്ടുണ്ടായിരുന്നതിനാൽ തമ്പുരാനു പ്രസംഗം ദീർഘിപ്പിയ്ക്കയുണ്ടായില്ല. എന്നാൽ കുറച്ചു നേരത്തേയ്ക്കുണ്ടായ ആ സരസ്വതീപ്രവാഹം അത്യന്തം അർത്ഥഗർഭവും എന്നാൽ രസപ്രദവുമായിരുന്നു. സഭപിരിഞ്ഞതോടുകൂടി ഞങ്ങളിൽ ചിലർ ശ്രീ വി. ഉണ്ണിക്കൃഷ്ണൻനായർ, കെ. യു. ഗോവിന്ദമേനോൻ

മുതലായവർ—അദ്ദേഹത്തെ വളഞ്ഞു ഭൂതരായരെപ്പററി ഞങ്ങൾക്കു പലതും അറിയണമെന്നുണ്ടായിരുന്നു. കഥയിൽ ചരിത്രം എത്രത്തോളമുണ്ട്? മനോധർമ്മം എത്രയുണ്ട്? ഇവയെപ്പററി മുഖവുരയിൽ ഒരു ചെറിയ കുറിപ്പെങ്കിലുമില്ലാതെ പോയതെന്താണു?—എന്നൊക്കെ ചോദിച്ചു തിരുമേനിയെ ഞങ്ങൾ കുറച്ചു വിഷമിപ്പിയ്ക്കയുണ്ടായി.

"ഭൂതരായർ വളരെക്കാലത്തെ പ്രയത്നംകൊണ്ടുണ്ടായിട്ടുള്ള സാഹിത്യസമ്പത്താണു്. അതിൽ ചരിത്രവും എന്റെ മനോധർമ്മവും കലർത്തിയതോതു് എനിയ്ക്കുതന്നെ നിർണ്ണയിയ്ക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. അത്രയ്ക്കു് അതിൽ മനസ്സിരുത്തിയിട്ടുണ്ടു്. അതധികവും ചരിത്രത്തിനെ ആസ്പദമാക്കീട്ടാണു് എഴുതിരിയ്ക്കുന്നതു്. എന്നാൽ ചരിത്രസാമഗ്രികൾ ഉപയോഗിച്ചുണ്ടാക്കിയ ചിത്രം സ്വന്തമാണെന്നു പറയണം. അതിലെ ചതുരംഗപടം കേരളത്തിന്റെ ഒരു സംഗ്രഹരൂപമാണു്. കരുക്കളുടെ "കാലു്" ബലാബലവും അന്നത്തെ സ്ഥിതിയാണു് സൂചിപ്പിയ്ക്കുന്നതു്. തുല്യബലത്തോടുകൂടിയ രാജാക്കന്മാർ അനവധി. അവർ തമ്മിൽ മത്സരങ്ങളും കുറവായിരുന്നില്ല. കളിയ്ക്കുന്നവന്റെ കോപ്പനുസരിച്ചു കളിയുടെ തരവും മാറും. ഒരാൾക്കു ബലംകൂടിയാൽ കേരളത്തിന്റെ സ്ഥിതി ഒട്ടാകെ ഒന്നു കലങ്ങും. അയാൾ പോയാൽ പൂർവ്വസ്ഥിതിതന്നെ. ഇതാണു് എന്റെ ചിത്രത്തിന്റെ അസ്ഥിവാരം. ഭൂതരായരെക്കുറിച്ചുള്ള സംശയങ്ങൾ ഇങ്ങനെ എളുപ്പത്തിൽ പരിഹരിയ്ക്കാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല. അതിൽ ഓരോ വരിയും നിങ്ങൾ പഠിയ്ക്കണമെന്നാണെനിയ്ക്കു പറയാനു

ള്ളതു് നിങ്ങളുടെ സംശയങ്ങൾ പരിഹരിച്ചുകൊണ്ടുള്ള ഒരു മുഖവും അടുത്ത പതിപ്പിലേയ്ക്കു തയ്യാറാക്കാം" എന്നൊക്കെയായിരുന്നു, അവിടുത്തെ മറുപടിയുടെ ചുരുക്കം. "കെട്ടുപഴങ്കഥ" എന്നു പറവാനുള്ള കാരണം പഴങ്കഥയിൽ ഒരു കെട്ടുണ്ടു് എന്നതുതന്നെയാണെന്നു അവിടുന്നു അവസാനമായി പ്രസ്താവിച്ചു. ഭൂതരായരെപ്പററിയുള്ള സംശയങ്ങൾ ഇത്ര മാത്രംകൊണ്ടു തീക്കാവുന്നതല്ലെന്നും അവിടുത്തേയ്ക്കും ഞങ്ങൾക്കും ബോദ്ധ്യമാകയാൽ മറെറാരവസരത്തിൽ അവ വിസ്തരിയ്ക്കാമെന്നു കരുതി ഞങ്ങൾ പിരിഞ്ഞു.

മലയാളം ബോർഡിൽ ഞാനും ഒരംഗമായതിനു ശേഷം കൊല്ലത്തിൽ ചിലപ്പോൾ രണ്ടു തവണയും ചിലപ്പോൾ ഒരു പ്രാവശ്യമെങ്കിലും ഞങ്ങൾ കാണുക പതിവായി. യോഗമവസാനിച്ചാൽ കുറച്ചു വെടി പറഞ്ഞിരിയ്ക്കുന്നതും ഒരു ചടങ്ങായി. കേരളത്തിൻെറയും കൈരളിയുടേയും പഴയ സമ്പാദ്യമായിരുന്നു അവിടുത്തേയ്ക്കു് ഏറവും രുചിച്ച വിഷയം. എനിയ്ക്കതിലുള്ള അഭിനിവേഷം അവിടുത്തേയ്ക്കറിയാമായിരുന്നു. അതിൽ താനു ചെയ്ത പരിശ്രമത്തിൻെറ ഒരെളിയ സന്താനമാണു് "ഭൂതരായരെ"ന്നും ഒരിയ്ക്കൽ സൂചിപ്പിയ്ക്കയുണ്ടായി. ഒരവസരത്തിൽ ഇപ്പോഴത്തെ "പാഠാവലി"കളെക്കുറിച്ചുണ്ടായ ഒരു സംഭാഷണം രേഖപ്പെടുത്തേണ്ടതാണു്. "തറയും മരവും" കൂടിയ ശിശുപാഠത്തിലെ ഒന്നാം പാഠത്തെപ്പററി ഞാനൊരഭിപ്രായം തിരുമുമ്പാകെ ഹാജരാക്കി. അതിൻെറ കത്താവും അപ്പോൾ സന്നിഹിതനായിരുന്നുവെന്നാണു് ഓമ്മ.

കുട്ടികൾക്കുച്ചരിയ്ക്കുവാൻ ഏററവും പ്രയാസമുള്ള "റ" എന്ന അക്ഷരംകൊണ്ട് പാഠം ആരംഭിച്ചതു് കഷ്ടമായിപ്പോയി. ഇതു പാഠാവലി തലകീഴായി മറിയ്ക്കുകയാണ്. ആ പുസ്തകത്തിലെ അവസാനത്തെ പാഠം കഴിയുമ്പോഴേയ്ക്കുതന്നെ കുട്ടികൾക്ക "റ" എന്നുച്ചരിയ്ക്കാറാവുമോ എന്ന സംശയമാണ്. സ്വരംകൊണ്ടു തുടങ്ങി വ്യഞ്ജനത്തിലേയ്ക്കു കടക്കുന്ന പഴയ സമ്പ്രദായം ബാലമനഃസ്ഥിതിയ്ക്കു് അധികം യോജിച്ചതാണെന്നുള്ളതിലേയ്ക്കു് സംശയമില്ല. സ്വരം ആർക്കും എളുപ്പത്തിൽ ഉച്ചരിയ്ക്കാം. കുട്ടികളുടെ മനോഗതിയെപ്പററിയുള്ള ജ്ഞാനം പണ്ടുള്ളവർക്കുതന്നെയാണ് അധികം—ഇങ്ങനെയൊക്കെ എൻെറ അഭിപ്രായഗതി വിവരിച്ചതോടെ അവിടുത്തെ അഭിപ്രായവും ചോദിച്ചു. ഉടനെ ഉന്മേഷഭരിതനായി അവിടുന്നു മറുപടി പറഞ്ഞു. "അച്യുതമേനോനും ഈ അഭിപ്രായക്കാരനാണെന്നറിയുന്നതിൽ സന്തോഷമുണ്ട്. എനിയ്ക്കിതു വളരെ മുമ്പേ തോന്നീട്ടുള്ളതാണ് അധികൃതസമ്മതം ലഭിച്ച ശിശുപാഠത്തെപ്പററി അഭിപ്രായം പറയാനധികാരമില്ലാത്തതുകൊണ്ടു് ഉള്ളിലുള്ളതു് പുറത്താക്കിയില്ലെന്നേയുള്ളു. പഴയ രീതിയനുസരിച്ചു ഒരു "പാഠാവലി" ഞാൻ എഴുതിവെച്ചിട്ടുമുണ്ട്. ഇനി തൃശ്ശൂർക്ക് വരുമ്പോൾ കാണിച്ചുതരാം. നിങ്ങളൊക്കെ ഉപാദ്ധ്യായന്മാരാണല്ലോ. കുട്ടികളുടെ ഗ്രഹണസാമർത്ഥ്യമറിയാതെ പഠിപ്പിയ്ക്കുവാൻ തുടങ്ങിയാൽ അതുകൊണ്ടുള്ള ഫലം അവർക്കില്ല. ഈ തത്വം അദ്ധ്യാപകന്മാരും അധികൃതന്മാരും ധരിച്ചിട്ടില്ലെന്നു കാണുന്നതു് അത്ഭുതംതന്നെ. എനിയ്ക്കു് ഒരു കൂട്ടുകാരനുണ്ടായതിൽ സന്തോഷിയ്ക്കട്ടെ."

ശിശു പാഠത്തിലെ ആദ്യത്തെ പാഠംകൊണ്ടു് മൂന്നക്ഷരം ഒന്നിച്ചു പഠിപ്പിയ്ക്കുവാൻ സാധിയ്ക്കുമെന്നതാണു് അതിനുള്ള മെച്ചമെന്നു അതിന്റെ കർത്താവു് ഒരിയ്ക്കൽ പറഞ്ഞതായി ഓക്കുന്നു. ആ സൌകര്യം ഗുരുനാഥനാണുള്ളതു്, കുട്ടികൾക്കില്ല. കുട്ടികളുടെ ആവശ്യത്തിനാണു്, അദ്ധ്യാപകരുടെ സൌകര്യത്തിനല്ല, പാഠപുസ്തകങ്ങൾ എന്ന സംഗതി പല പാഠപുസ്തകകർത്താക്കളും വിസ്മരിച്ചു കാണുന്നതിൽ വ്യസനിയ്ക്കയേ നിവൃത്തിയുള്ളു. അപ്പൻതമ്പുരാന്റെ പാഠപുസ്തകം പുറത്തു വന്നില്ല. മി. മൂളിയലിനെ അനുകരിച്ചുകൊണ്ടെഴുതിയിട്ടുള്ളവക്കു് ഇന്നും പ്രചാരം കൂടിവരികയാണു്. ഈ അവസ്ഥാന്തരത്തിനു കാരണഭൂതരായവരുടെ നയത്തെപ്പററി വിശേഷിച്ചൊന്നും പറയാതിരിയ്ക്കുകയാണു് ഉത്തമം. ആ യന്ത്രം തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ആക്കുവേണ്ടീട്ടാണു് അതു തിരിയുന്നതു് എന്നു ചോദിച്ചാൽ മറുപടി പറയുന്നതു് എളുപ്പവുമല്ല. കുട്ടികൾക്കു് അവരുടെ കാര്യം പറയാറായിട്ടില്ല. അതന്വേഷിയ്ക്കാൻ ചുമതലയുള്ളവക്കു് അതിൽ ശ്രദ്ധയുമില്ല. ഇതാണു് ഇപ്പോഴത്തെ സ്ഥിതി. അപ്പൻതമ്പുരാനെപ്പോലുള്ള ഒരു നല്ല വിദഗ്ദ്ധനെ വിദ്യാഭ്യാസാധികൃതനാക്കിയിരുന്നെങ്കിൽ “തറ”യിലിരുന്നു “നനഞ്ഞ പന” തിന്നാതെ തന്നെ കൈരളി വളരുമായിരുന്നു. അതു കാണുവാൻ നമുക്കു ഭാഗ്യമുണ്ടായില്ല.

---

# ആററൂർ കൃഷ്ണപിഷാരടി. *

1915 ജൂലായി മാസത്തിൽ തിരുവനന്തപുരം കോളേജിൽ ബി. എ.യ്ക്കു ചേൎന്നതിനുശേഷമാണു് എനിയ്ക്കു് ആററൂരവർകളെ ആദ്യമായി പരിചയത്തിന്നിടവന്നതു്. കോഴിക്കോട്ടു് സാമൂതിരി കോളേജിൽ വിദ്യാൎത്ഥിയായിരുന്ന കാലത്തുതന്നെ അദ്ദേഹത്തിൻെറ വൈദുഷ്യത്തെപ്പററി കേൾക്കാൻ സംഗതിയായിട്ടുണ്ടു്. പണ്ഡിതരാജനായിരുന്ന ഏ. ആർ. രാജരാജവൎമ്മ അവർകളുടേയും "വിദുഷാമഗ്രേസര"നായ ശ്രീ ആററൂർ കൃഷ്ണപിഷാരടി അവർകളുടേയും ശിഷ്യസ്ഥാനം ഒരേസമയത്തു കൈവരുന്നതു് ഒരു ചില്ലറ ഭാഗ്യമായിട്ടല്ല അന്നു ഞാൻ കരുതിയിരുന്നതു്. എൻെറ പ്രതീക്ഷയ്ക്കനുസരണമായിത്തന്നെയാണു് കലാകേന്ദ്രത്തിൽവെച്ചു അവരെ നേരിട്ടു കാണുവാനിടയായപ്പോഴം എനിയ്ക്കുണ്ടായ അനുഭവവും.

* ഉപഹാരമഞ്ജരി (ആററൂർ ഷഷ്ടിപൂൎത്തിസ്മാരകം)

പിഷാരടിസ്സാറിൻെറ ക്ലാസ്സിനെപ്പററി എന്നിൽ മുന്നിട്ടുനിന്നിരുന്ന വികാരം ആദ്യം ഭയമായിരുന്നു. എൻെറ സതീർത്ഥ്യന്മാർ അദ്ദേഹം ക്ലാസ്സിലെത്തുമ്പോഴേക്ക് ഭയഭക്തിയോടുകൂടി ഇരിയ്ക്കുന്നതു കണ്ടപ്പോൾ എനിയ്ക്കു ഭയമുണ്ടായതിലത്ഭുതമില്ലല്ലോ. ഞാൻ മാത്രമേ മലബാർകാരനായി അന്നു ക്ലാസ്സിലുണ്ടായിരുന്നുള്ളു. പുതിയ വിദ്യാർത്ഥികളെമിരട്ടി തങ്ങളുടെ പ്രാധാന്യം പ്രത്യക്ഷമാക്കാനുള്ള അവസരം കാത്തുകൊണ്ടിരിയ്ക്കുന്ന ചില ഉപാദ്ധ്യായന്മാരെ അതിനുമുമ്പുതന്നെ എനിയ്ക്കു നേരിടേണ്ടതായി വന്നിട്ടുണ്ട്. അങ്ങിനെയുള്ളവരോട് മര്യാദയ്ക്കു പെരുമാറുന്നതു് കൊള്ളരുതായ്മയ്ക്കു ഒരു ലക്ഷണമാണെന്നായിരുന്നു എനിയ്ക്കു കുട്ടിക്കാലത്തുണ്ടായിരുന്ന അഭിപ്രായം. അത്തരത്തിലുള്ള ഒരു മനോഭാവത്തോടുകൂടിയാണു് പിഷാരടിസ്സാറിനെ ഞാനാദ്യത്തെ ദിവസം അഭിവാദ്യം ചെയ്തതു്. അദ്ദേഹം ക്ലാസ്സിൽ വന്നതോടുകൂടി എന്നിൽ കുടികൊണ്ടിരുന്ന നേരിയ ധിക്കാരം ഭക്തിയായി രൂപംമാറി. ഹാജർപട്ടികയിലെ പേരുകൾ ഓരോന്നായി വിളിച്ചുവരവേ അച്യുതമേനോൻ എന്നിടത്തെത്തിയപ്പോൾ അദ്ദേഹം ഒന്നു തലപൊക്കിനോക്കി. അതോടെ പട്ടികയിലും അദ്ദേഹത്തിൻെറ ഉള്ളിലും ഞാൻ പതിഞ്ഞതായി തോന്നി. ഒരു രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കു ക്ലാസ്സിൽ, കടക്കുന്നതോടുകൂടി ഒരു നോട്ടത്തിൽ ഹാജരില്ലാത്തവരാരാണെന്നു മനസ്സിലാക്കുന്നതു് സാറിൻെറ പതിവായി.

പിഷാരടിസ്സാറിൻെറ ഗൌരവം നിറഞ്ഞ മുഖവും ഭാവവും ശിഷ്യന്മാരാരും മറക്കുന്നതല്ല. ക്ലാസ്സിൽ അദ്ദേ

ഹം പുഞ്ചിരിക്കൊണ്ടതായി എനിക്കോമ്മയില്ല. അത്ര ഗൗരവമുള്ളതായിട്ടായിരുന്നു ഉയന്നതരത്തിലുള്ള അദ്ധ്യയനത്തെ അദ്ദേഹം കരുതിയിരുന്നതു് എന്നു അദ്ദേഹത്തിന്റെ ഭാവത്തിൽനിന്നൂഹിയ്ക്കേണ്ടിയിരിക്കുന്നു. മററു ശിഷ്യന്മാരും ഈ അഭിപ്രായം പിൻതാങ്ങുമെന്നാണു് എനിയ്ക്കു തോന്നുന്നതു്. ഭാഷാസാഹിത്യചരിത്രവും ഉത്തരരാമചരിതം നാടകവുമായിരുന്നു അന്നു പഠിപ്പിച്ചിരുന്നതു്. സാഹിത്യചരിത്രം താനെഴുതിട്ടുള്ളതു ക്ലാസ്സിൽ വായിയ്ക്കയും അത്യാവശ്യമായ ചില സന്ദർഭങ്ങളിൽ വിവരിയ്ക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ അദ്ധ്യയനരീതി. ഈ ഗ്രന്ഥത്തിന്റെ പീഠികമാത്രമാണു് സാഹിത്യചരിത്രം ഒന്നാം *ഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ളതു്. അചിരേണ അതു പരിപൂർണ്ണരൂപത്തിൽ പ്രകാശിപ്പിയ്ക്കുവാൻ പിഷാരടി അവർകൾ ഉത്സാഹിക്കണമെന്നു അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾ ഒന്നിച്ചു പ്രാർത്ഥിയ്ക്കേണ്ടതായിരിയ്ക്കുന്നു. ഒരു ഒന്നാന്തരം സാഹിത്യചരിത്രം നമ്മുടെ ഭാഷയിലില്ലെന്നുള്ള ന്യൂനത പരിഹരിയ്ക്കുവാൻ ശ്രീമാൻ പിഷാരടി അവർകളെപ്പോലുള്ള മഹാ പണ്ഡിതന്മാർ ശ്രമിച്ചില്ലെങ്കിൽ ആ ഭാഗം നികന്നുകാണുവാനുള്ള അടുത്തൊന്നും സാദ്ധ്യമല്ലെന്നു തന്നെ പറയേണ്ടിയിരിയ്ക്കുന്നു.

ആററൂരവർകളുടെ അച്ചടിയ്ക്കാത്ത ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ "സാഹിത്യചരിത്രം" മാത്രമല്ല ഉള്ളതു്. "ഭാഷാദർപ്പണ"വും അങ്ങിനെ ഒളിഞ്ഞുകിടക്കുന്ന ഒരമൂല്യനിധിയാണു്. അതിന്റെയും ഏതാനും ഭാഗം കാണുവാനേ

* ഇതു അച്ചടിച്ചിട്ടുണ്ടു്.

ഭാഷാഭിമാനികൾക്കു ഭാഗ്യമുണ്ടായിട്ടുള്ളു. വളരെക്കാലം അണിയറയ്ക്കുള്ളിൽ കഴിച്ചുകൂട്ടിയ "ശാകുന്തളം" ഈയിടെയാണു് അരങ്ങുകയറിയതു്. നേപത്ഥ്യവിധാനത്തിലുണ്ടായ കാലതാമസം പല തെററിദ്ധാരണകൾക്കും ഇടയാക്കിട്ടുണ്ടെന്നു അതിനെസ്സംബന്ധിച്ചു മാതൃഭൂമിയിൽ നടന്ന വാദകോലാഹലം തെളിയിയ്ക്കയുണ്ടായി. പരിഭാഷകൻ ശ്രീ ആററൂരല്ല, കുഞ്ഞിക്കുട്ടൻ തമ്പുരാനാണെന്നു വിളിച്ചു പറയാനും ചിലർ മടിക്കയുണ്ടായില്ല. കേരളശാകുന്തളത്തിൻെറ കർത്താവു് ആററൂർ തന്നെയാണെന്നു സ്ഥാപിയ്ക്കുവാൻ ശ്രീ. പത്മനാഭനുണ്ണി അവർകൾ എഴുതിയ ലേഖനത്തിൽ സാക്ഷിയായി എൻെറ പേരും ചേർത്ത വർത്തമാനം ഞാൻ ലണ്ടനിലിരിയ്ക്കുമ്പോൾ തന്നെ അറിയുകയുണ്ടായി. ആ ഘട്ടത്തിൽതന്നെ ശ്രീ. ഉണ്ണിയുടെ സൌജന്യം കൊണ്ടു് വാദവിഷയത്തെ സംബന്ധിച്ചു ചില ലേഖനങ്ങളും വായിയ്ക്കുവാൻ സംഗതിയായി. മഹാകവി വള്ളത്തോളിൻെറ ശാകുന്തള തർജ്ജമ അതിനടുത്തു പ്രസിദ്ധപ്പെടുത്തിയപ്പോഴാണു് വാദവും അതിന്നാസ്പദമായ സംശയവും ഉത്ഭവിച്ചതു്. ഈ രണ്ടു പരിഭാഷകളുടേയും ഒരു താരതമ്യവിവേചനത്തിനു ഞാനിവിടെ ഒരുങ്ങുന്നില്ല. ഈ ലേഖനത്തിൻെറ ഉദ്ദേശവും അതല്ല. പക്ഷെ സംശയനിവാരണത്തിനു് ഒന്നു രണ്ടു സംഗതികൾ പ്രസ്താവിക്കാതെ തരമില്ല. ആററൂരിനെ ഒരു പണ്ഡിതനായിട്ടല്ലാതെ ഒരു കവിയായി അതുവരെ അധികം പേരും അറിഞ്ഞിട്ടില്ലെന്നുള്ളതാണു് സംശയത്തിന്നു വഴി കാണിച്ച ഒരു കാരണമെന്നു ഞാൻ ഊഹിയ്ക്കുന്നു. ഇക്കാര്യത്തിൽ ഭാഗ്യവശാൽ

അദ്ദേഹംതന്നെ ഉത്തരരാമചരിതം കിളിപ്പാട്ടു മൂലം ഒരു തെളിവു സമ്പാദിച്ചിട്ടുണ്ട്. ഉത്തരരാമചരിതം നാടകം ക്ലാസ്സിലെടുക്കുന്ന സമയത്ത് ആ മനോഹരകൃതിയിൽനിന്നു പല ഭാഗങ്ങളും ഉദ്ധരിച്ച് ഞങ്ങളെ കേൾപ്പിച്ചിട്ടുണ്ട്. അതു കേട്ടവർക്കാർക്കും ആററൂരിൻെറ കാവ്യരചനാപാടവത്തെപ്പററി സംശയം ജനിയ്ക്കുന്നതല്ല. കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ ഗദ്യം പോലെ ആററൂരിൻെറ പദ്യം മഴക്കാലത്തെ സൂര്യനെപ്പോലായല്ലോ എന്നു ആ രണ്ടു മഹാത്മാക്കളേയും അറിഞ്ഞവർ ഖേദിയ്ക്കാതിരിക്കയുമില്ല. ഞങ്ങൾക്ക് അലങ്കാരപാഠങ്ങളുള്ളപ്പോഴെല്ലാം അദ്ദേഹത്തിൻെറ ശാകുന്തള ശ്ലോകങ്ങൾ ഓരോന്നായി പുറത്തുവരാറുണ്ട്. അക്കാലത്തുതന്നെ ആ തർജ്ജമ അച്ചടിപ്പിയ്ക്കുവാൻ താമസിപ്പിയ്ക്കരുതെന്ന് ഞങ്ങളിൽ പലരും അദ്ദേഹത്തെ സവിനയം അറിയിയ്ക്കയും ഉണ്ടായിട്ടുണ്ട്. "ഭാഷയിൽ ശാകുന്തള തർജ്ജമകൾ ധാരാളമുണ്ടല്ലോ. അതുകൊണ്ട് ഇതു പുറത്തുവന്നിട്ടില്ലെങ്കിൽ ഒരു കോട്ടവും വരാനില്ല പിന്നെ ഇതു ഞാനൊരു വിനോദമായി എഴുതീട്ടുള്ളതാണ്. അതങ്ങനെ ഇരിയ്ക്കട്ടെ".ഇതായിരുന്നു അദ്ദേഹം തരാറുള്ള മറുപടി. നിരന്തരമായി കവിതയെഴുതാത്തതുകൊണ്ടോ, കവിത എന്നു പറഞ്ഞു പുതുമഴയ്ക്കു തകര പൊടിക്കുംപോലെ അനവധി എഴുതിക്കൂട്ടാത്തതുകൊണ്ടോ അദ്ദേഹത്തിനു കവിതാപമില്ലെന്നും "കേരളശാകുന്തള"ത്തെപ്പോലെ ഒരുത്തമഗ്രന്ഥമെഴുതുവാനുള്ള കെല്പില്ലെന്നും ആരെങ്കിലും ശഠിയ്ക്കുവാൻ ഭാവമുണ്ടെങ്കിൽ അവരോട് മറുപടിയായി ചില ചോദ്യങ്ങൾ ചെയ്യാനേ നിവൃത്തിയുള്ളൂ. ഒരു വിലാപ

കാവ്യം (Elegy) എഴുതി മഹാകവിത്വം സമ്പാദിച്ച തോമസ് ഗ്രെ ഇംഗ്ലീഷുഭാഷയ്ക്കും "പൂമെത്തേലെഴുന്നേററിരുന്നു" എന്ന ഒററ ശ്ലോകംകൊണ്ടു് മഹാകവിയായിത്തീൎന്ന ഒരു മാന്യൻ മലയാളഭാഷയ്ക്കും അലങ്കാരമായി ശോഭിയ്ക്കുന്ന കാര്യം അവരറികയില്ലേ? കവിത്വം നിൎണ്ണയിയ്ക്കുന്നതു ഗുണമാസ്പദമാക്കിയോ, അതോ വരികളുടെ എണ്ണം നോക്കിയോ? എണ്ണം കണക്കാക്കീട്ടാണെങ്കിൽ ഇന്നു മഹാകവികളായി നമുക്ക് അറിയാവുന്ന പലരും ആ സ്ഥാനത്തിന്നു് അൎഹന്മാരാവുന്ന കാര്യം സംശയമാണു്; ഇതുവരെ അജ്ഞാതന്മാരായ പലരും ആ സ്ഥാനത്തു കയറുന്നതുമാണു്.

പിഷാരടിയവർകളുടെ കവിത്വത്തിൽ "ശങ്ക"യുണ്ടാക്കിയ മറെറാരു സംഗതി കുഞ്ഞിക്കുട്ടൻ തമ്പുരാനവർകൾ ശാകുന്തളം തൎജ്ജമചെയ്തിട്ടുണ്ടെന്നുള്ള പ്രസ്താവവും അതു ഭാഷാലോകം കണ്ടിട്ടില്ലെന്നുള്ള പരമാൎത്ഥവുമാണു്. ഇതിന്നു ആറൂരവർകളെ ഉത്തരവാദിയാക്കുന്നതു് "അങ്ങാടിയിൽ തോററാലമ്മയോടു്" എന്ന പഴമൊഴിപോലെയാണു്. ഈ വാദം കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളുടെ തൎജ്ജമ കണ്ടുപിടിയ്ക്കുവാൻ ചിലരെ ഉത്സാഹിപ്പിയ്ക്കുമെങ്കിൽ ആ പരിണാമത്തെക്കുറിച്ച നമുക്കെല്ലാം സന്തോഷിക്കയും ചെയ്യാം. ഭാഷയ്ക്കു കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തൎജ്ജമപോലെ ചാത്തുക്കുട്ടി മന്നാടിയാരുടെ "ഗാനശാകുന്തളവും" നഷ്ടപ്പെട്ടുപോയിട്ടുണ്ടു്. മണിപ്രവാള ശാകുന്തള കൎത്താവു് "ഗാനശാകുന്തള"ത്തെ ഒളിപ്പിച്ചതാണെന്നുള്ള ഐതിഹ്യത്തിൽ വാസ്തവമുണ്ടെങ്കിൽ ആ വഴിയ്ക്കു

തന്നെയായിരിയ്ക്കണം കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ കൃതിയുടെ പോക്കം.

ഈ കോലാഹലത്തിൽനിന്നു ഒരു സംഗതിയാണു് സ്പഷ്ടമാകുന്നതു. അതായതു് ആററൂരവർകളിൽ ബഹുജനങ്ങൾക്കിതുവരെ അറിയാൻ കഴിയാത്ത പല വിശിഷ്ടയോഗ്യതകൾ അദ്ദേഹത്തിൻെറ ഒതുക്കംകൊണ്ടു് ഒളിഞ്ഞുകിടക്കുന്നുണ്ടെന്നുള്ളതാണു്. അതിലൊന്നാണു് ആ മഹാൻെറ കവിത്വം. പാണ്ഡിത്യം തനിക്കു ഉപജീവനമാർഗ്ഗമായതുകൊണ്ടു് അതിനു് അടങ്ങിയിരിപ്പാൻ തരമായില്ല. അതുപോലെത്തന്നെയാണു് ആററൂരിൻെറ സംഗീതസാമത്ഥ്യവും, വീണവായനാനൈപുണ്യവും വൈദ്യവും. അടുത്തു പെരുമാറിയാൽ മാത്രം അനുഭവിയ്ക്കുവാൻ സാധിയ്ക്കുന്നതാണു് മേൽപറഞ്ഞ ഗുണങ്ങളെല്ലാം. കണ്ടാൽ വലിയ കാര്യക്കട്ടിയെപ്പോലെ തോന്നുന്ന ആ ബാഹ്യകക്കശൻ അണഞ്ഞു കൂടിയാൽ ഒരു പൊട്ടപ്പുവെച്ച രസികശിരോമണിയായി മാറുന്നതു് എന്നെപ്പോലെയുള്ള അദ്ദേഹത്തിൻെറ ഇഷ്ടശിഷ്യന്മാക്ക് പുളകം കൊള്ളിയ്ക്കുന്ന ഒരനുഭവമാണു് ഗൌരവവും, അകൽച്ചയും, ഏകാന്തതയും, ഗഹനതയും അതുവരെ വിടാതിരുന്ന മുഖത്തു് ഒരു മന്ദഹാസം താനേ പ്രത്യക്ഷമാവും. അതാണു് ഇഷ്ടശിഷ്യനും, ഉത്തമമിത്രത്തിനും അദ്ദേഹത്തിൻെറ ഉള്ളിലേയ്ക്കു പ്രവേശം കിട്ടിയെന്നുള്ളതിലേക്ക് ഒന്നാമത്തെ ലക്ഷണം. പിന്നെ മൌനം വിട്ടു മിണ്ടാട്ടമായി. ഔദാസീന്യമൊഴിഞ്ഞു കൊണ്ടാട്ടവുമായി. അതിനുശേഷം അതിസൂക്ഷ്മങ്ങളായ

സാഹിത്യതത്വങ്ങൾ, വേദാന്തപ്രമേയങ്ങൾ, ഫലിതമയ മായ സംഗീതപ്രയോഗങ്ങൾ ഇവയൊക്കെ പൊടിയിട്ടു മിനുക്കുന്ന പഴമക്കഥകൾ എന്നീ സാമഗ്രീവിശേഷങ്ങൾ ആ വിശാലഹൃദയത്തിൽ ഓളംവെട്ടുകയായി. അവയ്ക്കു പാത്രമായിട്ടുള്ളവൻ ഇടയ്ക്കു ചില പൊടിക്കൈകൾ മൂക്കിൽ പുകലപ്പൊടിപോലെ ചെലുത്തിയാൽ പിന്നെ അനർഗ്ഗള പ്രവാഹമായി. അതിൽ മതിയാവോളം മുങ്ങിപ്പൊങ്ങുകയേ പിന്നെ മററുള്ളവർ ചെയ്യേണ്ടതായിട്ടുള്ളു. ശിഷ്യനായിച്ചേർന്നു് ഒന്നു രണ്ടു മാസത്തിന്നുള്ളിൽ ഞാൻ ശരിയായി ആ ഗുരുവരൻകളുടെ അന്തേവാസിയായി. സമയമുള്ളപ്പോഴെല്ലാം പിന്നെ അദ്ദേഹത്തിൻെറ വീട്ടിൽ ചെല്ലുന്നതും ആ ശിഷ്യവത്സലൻെറ അകം തുറന്ന ഭാഷണം ആസ്വദിയ്ക്കുന്നതും എനിയ്ക്കൊരുത്സവംപോലെയായിരുന്നു. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഞാൻ ബി. ഏ ജയിച്ചുവെങ്കിലും ഗുരുഭൃതന്മാരുണ്ടായ സമ്മേളനസുഖം അവസാനിച്ചുവല്ലോ എന്ന കുണ്ഠിതമാണു് എന്നിൽ മുന്നിട്ടുനിന്നതു്. എൻെറ ഒന്നു രണ്ടു പ്രബന്ധങ്ങൾ പരിശോധിച്ചതിൽ എൻെറ ഗദ്യരീതിയെപ്പററി സർവ്വാത്മനാ അനുമോദിയ്ക്കുകയുണ്ടായി. ആ പ്രോത്സാഹനവും അനുഗ്രഹവും ആടവുകളായി അംഗീകരിച്ചിട്ടാണു് ഞാൻ സാഹിത്യക്കളരിയിൽ ഇതുവരെ പയററീട്ടുള്ളതു്. പിന്നീട് ഇടക്കിടക്കു കാണുമ്പോൾ അനുഗ്രഹം അസ്ഥാനത്തിലായിട്ടില്ലെന്നു് അദ്ദേഹം ഭാവിക്കാറുള്ളതു് എനിക്ക് അത്യന്തം ചാരിതാർത്ഥ്യത്തിനു ഇടയാകാറുണ്ടു്.

ആയുസ്സിൽ പകുതി കഴിഞ്ഞ എന്റെ വന്ദ്യഗുരു താൻ ആരംഭിച്ച സാഹിത്യപ്രക്രമങ്ങൾ പൂർത്തിയാക്കി ഇനിയും ദീർഘകാലം ആരോഗ്യസൌഖ്യത്തോടിരുന്ന് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളേയും ഭാഷാലോകത്തിനേയും എന്നെപ്പോലുള്ള പ്രിയശിഷ്യരേയും സന്തോഷഭരിതരാക്കാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ!

## മഹാകവി

# കുമാരനാശാൻ

1915–1917 എന്നീ കൊല്ലങ്ങളിൽ ഞാൻ തിരുവനന്തപുരം രാജകീയകലാലയത്തിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ മറെറാരു മഹാഭാഗ്യം എനിയ്ക്കു സിദ്ധിയ്ക്കുകയുണ്ടായി. അതു മഹാകവി കുമാരനാശാനെ കാണാൻ സാധിച്ചതാണു്. ആ രണ്ടു കൊല്ലം എൻെറ ജീവിതത്തിൽ എന്നെന്നേയ്ക്കും സ്മരിക്കത്തക്കതായിത്തീൎന്നിട്ടുണ്ടു്.

ആശാൻ തിരുവനന്തപുരത്തു സ്ഥിരതാമസമാക്കീട്ടുണ്ടെന്നു അന്നെനിക്കു വിവരമുണ്ടായിരുന്നു. ഒററപ്പാലത്തു എൻെറ സതീർത്ഥ്യനായിരുന്ന മി എൻ. കൃഷ്ണൻ അവിടെ വിവേകോദയം ആഫീസിൽ പ്രവൃത്തിയെടുക്കുന്നുണ്ടെന്നു എനിയ്ക്കറിയാമായിരുന്നു. അദ്ദേഹത്തെ കാണാനായി ഞാൻ വിവേകോദയം ആഫീസിൽ പോയി.

ഞാൻ കയറിച്ചെന്നതു് മഹാകവി ഇരിയ്ക്കുന്ന മുറിയിലേയ്ക്കായിരുന്നു. എൻെറ സ്നേഹിതൻെറ പേർ പറഞ്ഞപ്പോൾ എന്തോ എഴുതിക്കൊണ്ടിരുന്ന അദ്ദേഹം മുഖമൊന്നുയർത്തി വലത്തു ഭാഗത്തേയ്ക്കു ചൂണ്ടിക്കാണിച്ചു. അതാശാനായിരിയ്ക്കുമോ എന്നു ഞാൻ ഊഹിച്ചു. കറുത്തു കുറിയ ദേഹം; ഗൌരവത്തോടുകൂടിയ നോട്ടം; തലയിൽ രണ്ടു വശത്തും ചുരുണ്ട മുടി. ഇത്രയും എൻെറ മനസ്സിൽ പതിഞ്ഞു. ആഗതനെപ്പററി യാതൊരു കൌതുകവും കാണിക്കാതെയാണു് അദ്ദേഹത്തിൻെറ ആംഗ്യമുണ്ടായതു. എനിക്കു കൌതുകം കൂടുകയാണുണ്ടായതു് മഹാകവിയാണു് അതെങ്കിൽ, അങ്ങിനെ കടന്നുപോയാൽ പററില്ല, രണ്ടു വാക്കു സംസാരിയ്ക്കണം, എന്നെനിയ്ക്കു തോന്നി. പക്ഷെ രണ്ടാമതൊരു ചോദ്യം ചോദിയ്ക്കുവാൻ വഴിതരുന്ന മട്ടിലല്ല അദ്ദേഹത്തിൻെറ പെരുമാററമുണ്ടായതു്. ഞാൻ കുറച്ചുനേരം അദ്ദേഹത്തിനെ നോക്കിക്കൊണ്ടു് തന്നെ നിന്നു. അദ്ദേഹമാകട്ടെ, താനെഴുതുന്ന കടലാസ്സിലേയ്ക്കു വീണ്ടും ദൃഷ്ടിപതിപ്പിച്ചു, എഴുത്തു തുടങ്ങുകയും ചെയ്തു. ഞാൻ സ്നേഹിതനിരിക്കുന്ന മുറിയിലേയ്ക്കു തിരിഞ്ഞു. ഇതാശാനായിരിയ്ക്കണമെന്നു് എൻെറ ഉള്ളിലുദിച്ച സംശയത്തിന്നു് ഉറപ്പുകൂടി. സ്നേഹിതൻെറ മുറിയിൽ കടന്ന ഉടനെ “കുമാരനാശാനല്ലേ അതു!” എന്നു ഞാൻ അറിയാനുള്ള ആഗ്രഹം പ്രത്യക്ഷമാക്കി. അപ്പോഴേക്കു എന്നെ വന്നു കെട്ടിപ്പിടിച്ചു സ്നേഹാദരമർപ്പിച്ച സ്നേഹിതൻ “അതെ, ധൃതിയായി എന്തോ എഴുതുകയാണു; അതു കഴിഞ്ഞാൽ ഞാൻ പരിചയപ്പെടുത്താം” എന്നു സമാധാനി

പ്പിച്ചു. ഞങ്ങൾ അന്യോന്യം കുശലാന്വേഷണം ചെയ്തു കൊണ്ടിരിയ്ക്കേ സ്നേഹിതനെ ആശാൻ വിളിച്ചു. അയാൾ ഒരു നിമിഷത്തിനകം പോയി വന്നു. "ഇങ്ങോട്ടു വരൂ. ഇപ്പോൾ പരിചയപ്പെടുത്താം; എങ്ങോട്ടോ പോകുന്നുണ്ടെന്നു തോന്നുന്നു. പോയാൽ ഇന്നു തിരിയെ വരില്ല" എന്നു പറഞ്ഞ് എന്നെ ആശാന്റെ സന്നിധിയിലേയ്ക്കാനയിച്ചു. എന്നെ പരിചയപ്പെടുത്തിയതോടുകൂടി ഒററപ്പാലത്തു ഞങ്ങൾ ഒന്നിച്ചു പഠിച്ച കഥയും ഞാൻ മലയാളം ബി. ഏ. യ്ക്ക് ഐച്ഛികവിഷയമായെടുത്തു പഠിയ്ക്കാൻ വന്ന വിവരവും മുഖവുരയായി പ്രസ്താവിച്ചപ്പോൾ മഹാകവി ഒന്നു മന്ദഹസിച്ചു. അതുവരെ മുഖത്തു പ്രകാശിച്ചിരുന്ന ഉഗ്രഭാവത്തിന് അങ്ങിനെയൊരു മയം വന്നപ്പോഴേ എനിയ്ക്കു സ്വാതന്ത്ര്യം ലഭിച്ചുള്ളൂ. "വീണപൂവും" "നളിനി"യും അപ്പോഴേയ്ക്ക് സഹൃദയലോകം ആസ്വാദിച്ചു കഴിഞ്ഞിരിയ്ക്കുന്നു. "ലീല" പുറത്തിറങ്ങീട്ടേ ഉള്ളൂ. തൃശ്ശിവപേരൂരിൽ നിന്ന് വള്ളത്തോളിന്റേയും കുണ്ടൂരിന്റേയും ആധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "കേരളോദയം" പത്രത്തിൽ ആ കൃതിയെപ്പററി ആക്ഷേപസ്വരത്തിൽ എഴുതിയ ഒരു നിരൂപണവും ഞാൻ വായിച്ചിട്ടുണ്ടായിരുന്നു. അതിനെപ്പററി വല്ല പ്രസ്താവവും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന എന്നോട് മഹാകവി ചോദിച്ചു: "തിരുവനന്തപുരത്ത് ആദ്യമായി വരികയാണോ?"

ഞാൻ—അതെ

കവി:—തിരുമേനിയുടെ ഇഷ്ടം സമ്പാദിയ്ക്കാൻ നോക്കണം. നിഷ്കളങ്കനാണദ്ദേഹം.

ഞാൻ:—ജൂനിയർകാക്ക് ആഴ്ചയിൽ ഒരു ദിവസമേ തിരുമേനിയുടെ ക്ലാസ്സുള്ളൂ അതു തന്നെ വ്യാകരണമാണെന്താനും.

കവി:—വ്യാകരണം മുഷിപ്പിക്കാതെ പഠിപ്പിക്കാൻ കഴിയുന്ന ദുർല്ലഭം ചില മഹാ വിദ്വാന്മാരിൽ ഒരാളാണ് തിരുമേനി.

ഞാൻ:—അനുഭവപ്പെട്ടു തുടങ്ങി. രണ്ടു ക്ലാസ്സേ ഇതുവരെ കഴിഞ്ഞിട്ടുള്ളു. കേരളപാണിനീയത്തിന് പുതിയതായി ഒരു മുഖവുരയെഴുതുകയാണ്. അതിന്നു പരിഷ്കരിച്ച ഒരു പതിപ്പും തയ്യാറാക്കി വരികയാണത്രെ.

കവി:—തിരുമേനി പഠിപ്പിയ്ക്കുന്നതു കേൾക്കാൻ രസമുണ്ടെന്നാണ് പലരും പറയുന്നത്. പൊതുയോഗങ്ങളിൽ പ്രസംഗം എഴുതി വായിയ്ക്കയാണ് പതിവ്. പക്ഷെ, ആശയവും പ്രതിപാദനവും അളന്നു മുറിച്ചപോലിരിയ്ക്കും.

ഈ ഘട്ടത്തിൽ നമ്മുടെ സ്നേഹിതൻ ഒററപ്പാലത്തു കവിസമാജങ്ങൾ ഏർപ്പെടുത്തിയിരുന്നതും ഞങ്ങൾ ആഴ്ചയിലൊരു ദിവസം കവിതയുണ്ടാക്കി സദസ്സിൽ പാരായണം ചെയ്തിരുന്നതും ധരിപ്പിച്ചു.

കവി:—അപ്പോൾ കൃഷ്ണനും കവിതയുണ്ടല്ലേ; എന്തൊക്കെയായിരുന്നു നിങ്ങളെഴുതിയിരുന്നത്? സമസ്യാപൂരണം മുതലായ സർക്കസ്സൊക്കെ ഉണ്ടായിരുന്നു; ഇല്ലേ?

ഞാൻ:—ഉവ്വ്. പക്ഷെ അതു മാത്രമായിരുന്നില്ല. ഇടയിൽ ചില വർണ്ണനകളും അഷ്ടകങ്ങളുമായി ചൊല്ലിയിരുന്നു.

ആശാൻ:—അതിന്ന വിഷയം ആരാ തന്നിരുന്നതു്!

ഞാൻ:—ഞങ്ങളുടെ മലയാള മൻഷി

ആശാൻ:—അതു രണ്ടും എനിയ്ക്കു് ഇഷ്ടമല്ല. സമസ്യ മററൊരാളുടെ ആശയം കണ്ടുപിടിയ്ക്കാനായി നിങ്ങരം ചെയ്യുന്ന പരിശ്രമമാണു്. കവിതയ്ക്കു വിഷയം നിങ്ങരം കണ്ടുപിടിയ്ക്കുമ്പോഴും നിങ്ങളുടെ മനസ്സ് സ്വാതന്ത്ര്യമായല്ല പ്രവത്തിയ്ക്കുന്നതു്. ഹൃദയത്തിൽനിന്നു് താനേ പ്രവഹിയ്ക്കുന്ന കവിതയേ കവിതയാകൂ. അതിന്ന സമയനിണ്ണയം ചെയ്യുന്നതും അസ്വാതന്ത്ര്യത്തിലേയ്ക്കടിച്ചിറക്കുകയാണു്.

ഞാൻ:—വേണ്ട വിഷയം നിശ്ചയിയ്ക്കുന്നതുകൊണ്ടു് ഒരു വഴി കാട്ടുന്നു വെന്നല്ലാതെ, പോക്കു കവിയുടേതു തന്നെയല്ലേ? ഭോജരാജാവു്, കാളിദാസൻ മുതലായവരോടു് പന്തിനെപ്പററിയും നെല്ലിനെപ്പററിയും വണ്ണിയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നതു് ശരിയല്ലെന്നാണോ അഭിപ്രായം?

ആശാൻ:—ആ വക ഒററ ശ്ലോകങ്ങളൊക്കെ അങ്ങിനെയുണ്ടായതെന്നാണോ വിചാരം? ആരോ എഴുതിഓരോ കവിതരംക്കു വീതിച്ചുകൊടുത്തവയല്ലേ, അവയെല്ലാം; ശാകുന്തളം ഏഴു തവണ തിരുത്തിയെഴുതിയ കാളിദാസൻ അങ്ങിനെ നിമിഷകവിതയുണ്ടാക്കാൻ മിനക്കെട്ടമെന്നു് ഞാൻ വിചാരിയ്ക്കുന്നില്ല. ആ മഹാകവിയുടെ കലാബോധം അത്രത്തോളം നിരുത്തരവാദപൂണ്ണമാവാനിടയില്ല.

ഞാൻ:–"വീണപൂവി"ലും "നളിനി"യിലും എനിയ്ക്കു ചില സംശയങ്ങളുണ്ടു്. അവയെപ്പററി ചോദിയ്ക്കുന്നതു് അഹിതമാകയില്ലല്ലോ.

ആശാൻ:—അലോക്യമൊന്നുമില്ല. പക്ഷെ എൻെറ കവിതയെ ഞാനല്ല, അന്യരാണു് വിമർശിയ്ക്കേണ്ടതു്. കവി എല്ലാം വായനക്കാർക്കും പറഞ്ഞുകൊടുക്കാനായി നാടെല്ലാം നടക്കണമെന്നു വന്നാൽ അതു് അയാൾക്കു് വലിയ സങ്കടമാകയില്ലേ? കൃഷ്ണനും നിങ്ങളുമായി അതിനെപ്പററി വാദപ്രതിവാദം ചെയ്യിൻ!

ഞാൻ:—വള്ളത്തോളിൻെറ ചിത്രയോഗത്തെപ്പററി എഴുതിയ നിരൂപണത്തിലും ചില സംശയമുണ്ടു്.

ആശാൻ:—ഇപ്പോളെഴുതിയതു് അതിനെപ്പററിയാണു്. അടുത്തലക്കം വിവേകോദയത്തിൽ അതു ചേർക്കുന്നുണ്ടു്. അതു വായിച്ചതിനു ശേഷം സംശയമുണ്ടെങ്കിൽ, പറയൂ. സമാധാനം തരാം.

അപ്പോഴേക്കു് അദ്ദേഹത്തിനെ ഒരു യോഗത്തിലേയ്ക്കു കൊണ്ടുപോകാനായി ചിലർ അവിടെ കയറിവന്നു. മഹാകവിയുമായുണ്ടായ ആദ്യത്തെ കൂടിക്കാഴ്ച അങ്ങിനെ അവസാനിക്കയും ചെയ്തു.

അദ്ദേഹം പോയ ഉടനെ എന്റെ സ്നേഹിതൻ "ഇങ്ങിനെ വൎത്തമാനം പറയാൻ ഒരുങ്ങിക്കാണാറില്ല. വലിഞ്ഞുകയറി വെടിപറയാൻ തുടങ്ങുന്നവരോടു വലിയ പുച്ഛമാണു്. സ്വതേ വിദ്യാൎത്ഥികളോടു വാത്സല്യം കലശലാണുതാനും" എന്നു് എന്നെ ധരിപ്പിച്ചു. പിന്നീടു് മഹാകവിയെ എനിയ്ക്കു കാണാനോ സാഹിത്യവിഷയങ്ങളെപ്പററി അദ്ദേഹവുമായി സംസാരിയ്ക്കാനോ നിൎഭാഗ്യവശാൽ സംഗതിവരികയുണ്ടായില്ല.

# എം. ആർ. കെ. സി.

തികഞ്ഞ തറവാടിത്തം തുളുമ്പുന്ന മുഖം. തലയിൽ തീ വീണാൽക്കൂടി പരിഭ്രമം കാണിയ്ക്കാത്ത പെരുമാററം. ആരേയും ആകർഷിയ്ക്കുന്ന മന്ദഹാസം. ആരേയും മുഷിപ്പിയ്ക്കാത്ത സംഭാഷണം. രോമം നിറഞ്ഞ ദേഹം; സാമം നിറഞ്ഞ മനസ്സ്. അനവധി കാര്യങ്ങൾ ഒരേസമയത്തു ചെയ്യാൻ കഴിയുന്ന അവധാനശക്തി. ഏതു സങ്കടവും പ്രകാശിപ്പിക്കാതിരിയ്ക്കുന്ന ഒതുക്കം; ഇത്രയുമായാൽ എം. ആർ. കെ. സി. യുടെ (സി. കെ. ആർ. എം.—സി. കുഞ്ഞിരാമൻ മേനോൻ എന്നതു മറിച്ചിട്ടതു്) ഒരു ചുരുങ്ങിയ ചിത്രമായി.

അന്നു് (ക്രി. വ. 1915–ൽ) ഞാൻ ഇൻറർമീഡിയററു ക്ലാസ്സിലെ ഒരു വിദ്യാർത്ഥിയായിരുന്നു. "ഉദ്യോഗതിമിരം" എന്നൊരു ലേഖനമെഴുതി. ഞാൻ കേരള പത്രിക ആഫീസിൽ ഒരുദിവസം ചെന്നുകയറി. വലിയ കുഞ്ഞിരാമൻ മേനോൻ (കേരള പത്രിക സ്ഥാപിച്ച മഹാൻ) അപ്പോൾ അവിടെ ഉണ്ടായിരുന്നില്ല. പത്രാധി

പരെ കാണണമെന്നു ഞാനാവശ്യപ്പെട്ടപ്പോൾ ഒരു ക്ലാർക്ക് "പെരിയ കുഞ്ഞിരാമൻ മേനോനെ കണ്ടാൽ മതി" എന്നു പറഞ്ഞു് എന്നെ ആ മാന്യൻെറ മുറിയിലേയ്ക്കു കൊണ്ടു പോയി. എന്നെ കണ്ടപ്പോൾ വളരെക്കാലത്തെ പരിചയമുണ്ടെന്നുള്ള നിലയിൽ പുഞ്ചിരിക്കൊണ്ടു് "എന്താ വേണ്ടതു്?" എന്നു വിനീത സ്വരത്തിൽ ചോദിച്ചു.

ഞാൻ:—ഒരു ലേഖനം കൊണ്ടുവന്നിട്ടുണ്ടു്. പത്രാധിപരെ കണ്ടു നേരിട്ടുകൊടുക്കണമെന്നു വിചാരിച്ചിട്ടാണു് വന്നിരിയ്ക്കുന്നതു്.

പെ. കുഞ്ഞിരാമൻ മേനോൻ:—ഇങ്ങോട്ടുതന്നാൽ മതി എന്നു കൈനീട്ടി. ഞാൻ കൊടുത്തു. ഉടനെ വായന തുടങ്ങി. ഏകദേശം പകുതിയായപ്പോൾ മുഖമുയർത്തി. "മുൻപു വല്ലതും എഴുതീട്ടുണ്ടോ? ഇതു് ആദ്യത്തേതാണെങ്കിൽ നല്ല വാസന കാണുന്നുണ്ടു്. എഴുതിപരിശീലിയ്ക്കുണം" എന്നു എന്നെ ആശീർവ്വദിച്ചു. ഞാൻ അത്യാഹ്ലാദത്തോടെ മടങ്ങി. ഗണപതിക്കൈ നന്നായതിൽ അഭിമാനിയ്ക്കുകയും ചെയ്തു. എനിക്കു എന്താ സംഗതിവശാൽ ഒരു ഉദ്യോഗസ്ഥനെ അക്കാലത്തു കാണേണ്ടതായ നിർഭാഗ്യം നേരിട്ടു. അയാളുടെ ധാർഷ്ട്യവും ധിക്കാരത്തോടുകൂടിയ പെരുമാററവും എന്നെ കണക്കിലധികം വേദനിപ്പിയ്ക്കുകയുണ്ടായി. ആ മനോവേദനയിൽ നിന്നാണു് "ഉദ്യോഗതിമിരം" ജനിച്ചതു്. ആ "കടിഞ്ഞിൽക്കുട്ടി"യെ ഇപ്പോൾ എവിടെ അന്വേഷിച്ചിട്ടും കാണുന്നില്ല. പ്രഥമ സന്താനമെന്ന നിലയ്ക്കു് അതിന്നു ഒരോമനത്തമുണ്ടല്ലോ.

പിറ്റെത്തെ ആഴ്ചയും ഞാൻ മറ്റൊരു ലേഖനം കൊണ്ടു് പത്രികയെ ആക്രമിച്ചു. ഇത്തവണ ഞങ്ങളുടെ കോളേജുസമാജത്തിൽ നടന്ന ഒരു വാദപ്രതിവാദമായിരുന്നു വിഷയം. വായിയ്ക്കാതെ കണ്ടുതന്നെ അതു് അടയാളമിട്ടു് അച്ചുക്കൂടത്തിലേയ്ക്കു് അയയ്ക്കുന്നതു കണ്ടു.

"കാരണവരെ കാണണ്ടേ?" എന്നു ചോദിച്ചു ഉടനെ അടുത്ത മുറിയിലേയ്ക്കു് എന്നെ കൊണ്ടുപോയി. കേരളത്തിലെ ഒന്നാമത്തെ പത്രാധിപരെ കാണാനുള്ള ഉൽക്കണ്ഠയോടുകൂടി ഞാൻ ഉടനെ ചെറിയ കുഞ്ഞിരാമമേനോനെ അനുഗമിച്ചു. വലിയ കുഞ്ഞിരാമൻ മേനോന്നു് അന്നു് അൻപതു വയസ്സുകാണും. പഴയ സമ്പ്രദായത്തിൽ നെറുകയിൽ കുറച്ചു കുടുമവെച്ചു്, തല മുഴുവൻ ക്ഷൌരം ചെയ്തിരുന്നു ചില കാരണവന്മാർക്കുണ്ടാകാറുള്ളതുപോലെ ക്ഷൌരം ചെയ്ത ദിവസം കോപവും അദ്ദേഹത്തിന്നു് പതിവായിരുന്നപോൽ. സ്വതവേയുള്ള ഉഗ്രഭാവം ക്ഷൌരം കൊണ്ടിരട്ടിച്ചതായ ആ സന്ദർഭത്തിലാണു് വലിയ പത്രാധിപരുടെ സന്നിധിയിലേയ്ക്കു് ഈ കൊച്ചുലേഖകനെ ചെറിയ കുഞ്ഞിരാമൻ മേനോൻ ആനയിച്ചതു്. "ഈ കുട്ടി ചേലനാട്ടെയാണു്; ഉദ്യോഗതിമിരത്തിൻെറ കർത്താവാണു" എന്ന മുഖവുരയോടുകൂടിയാണു് എന്നെ വലിയ കുഞ്ഞിരാമൻ മേനോന്നു് പരിചയപ്പെടുത്തിയതു്. എന്തോ എഴുതിക്കൊണ്ടിരുന്ന ആ പത്രാധിപവൃദ്ധൻ ഉടനെ തല പൊന്തിച്ചു് എന്നെ കണ്ണാടയ്ക്കിടയിൽക്കൂടി നോക്കി. എന്തൊ ലഹളക്കു ഭാവമുണ്ടെന്നാണു് എനിക്കു ആദ്യം തോന്നിയതു്.

വ. കുഞ്ഞി:-"ആരെക്കണ്ടിട്ടാണ് "ഈ ഉദ്യോഗതിമിരം" എഴുതിയതു്—ആളെ കണ്ടിട്ടല്ലെ?" അദ്ദേഹത്തിൻെറ ഊഹം ശരിയായിരുന്നതിനാൽ എൻെറ ലേഖനം "നിർഗ്ഗുണ"മല്ലെന്നു ഞാനും ചാരിതാർത്ഥ്യംകൊണ്ടു. എൻെറ മറുപടിയ്ക്കു കാക്കാതെ അദ്ദേഹം തുടൎന്നു—"ഇത്തരത്തിൽ കോഴിക്കോട്ടു രണ്ടു മൂന്നു പേരും കൂടിയുണ്ടു്. അവരെപ്പററിയും ഇങ്ങിനെ എഴുതിക്കൊണ്ടു വരു" എന്നാജ്ഞാപിച്ചു. "വക്കീലമ്മാവൻെറ * പേരു പുലത്തണം കേട്ടോ. കഷ്ടം! അല്പായുസ്സായി!" എന്നുപദേശവും തന്നു. "കുഞ്ഞിരാമാ ഈ കുട്ടിയ്ക്കു ചായ കൊടുത്തു പറഞ്ഞയക്കൂ" എന്ന് അനന്തരവനെ ഏല്പിയ്ക്കയും ചെയ്തു.

"കാരണവർ അധികം സംസാരിയ്ക്കയില്ലെങ്കിലും ഉള്ളതു കാതലാണ്. അദ്ദേഹത്തിൻെറ ഉപദേശം മറക്കരുതു്" എന്നു ചെറിയ കുഞ്ഞിരാമൻമേനോൻ വാത്സല്യപൂർവ്വം ഒന്നുകൂടി എന്നെ പ്രോത്സാഹിപ്പിച്ചു പറഞ്ഞയച്ചു. കാരണവരുടേയും അനന്തരവൻേറയും സ്നേഹമസൃണമായ പെരുമാററം എൻെറ മനസ്സിൽ ഇന്നും ജീവസ്സോടെ കുടികൊള്ളുന്നുണ്ടു്. ചെറിയ കുഞ്ഞിരാമൻ മേനവനുമായുള്ള എൻെറ പരിചയം പിന്നീട്ട് പടിപടിയായുയൎന്നു പരിപൂർണ്ണസ്നേഹത്തിലെത്തിച്ചേരുകയും ചെയ്തു.

സാഹിത്യലോകം പിന്നീടു ചെറിയ കുഞ്ഞിരാമൻ മേനോനെ കണ്ടതു മംഗളോദയം പ്രസ്സിൻെറ മാനേജരാ

* ചേലനാട്ടു് അച്യുതമേനോൻ എന്ന കേളികേട്ട വക്കീൽ. വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. കെ. മാധവമേനോനവർകളുടെ അച്ഛൻ.

യിട്ടാണു്. "മംഗളോദയം" മാസികയുടെ പത്രാധിപത്യവും മിസ്റ്റർ കഞ്ഞിരാൻ മേനോൻ പ്രശസ്തമായ രീതിയിൽ വഹിച്ചിട്ടുണ്ടു്. അന്നാണു് എം. ആർ. കെ. സി. എന്ന നാമധേയത്തിൽ അദ്ദേഹം പ്രസിദ്ധനായതു്. കുഞ്ഞിരാമൻ മേനോന്റെ നേതൃത്വത്തിൽ മംഗളോദയം ഒരൊന്നാംകിട പ്രസാധനകേന്ദ്രമായി അധികം താമസിയ്ക്കാതെ രൂപാന്തരപ്പെട്ടു. എം. ആർ. കെ. സി. തൃശ്ശിവപേരൂരിലെ ഒരു പൌരപ്രമാണിയായും ജനങ്ങൾ കാണുവാൻ തുടങ്ങി. മംഗളോദയം മാസിക കൂടാതെ കുഞ്ഞിരാമൻ മേനോന്റെ മേൽനോട്ടത്തിൽ "ജന്മി" "യോഗക്ഷേമം" എന്നീ പത്രങ്ങളും അക്കാലത്തു നടത്തുകയുണ്ടായിട്ടുണ്ടു്. ഇക്കാലം മംഗളോദയത്തിനും കുഞ്ഞിരാമൻ മേനോനവർകൾക്കും ഒരു സുവർണ്ണകാലംതന്നെയായിരുന്നു. തൃശ്ശിവപേരൂർ തീവണ്ടി സ്റ്റേഷനടുത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽ അന്നു തിരക്കൊഴിഞ്ഞ സമയമുണ്ടായിരുന്നില്ല. സൌജന്യനിധിയായ അദ്ദേഹത്തിന്റെ *സോദരി ശ്രീമതി ചെങ്കളത്തു കല്യാണിയമ്മയും അന്നു ആ ഗൃഹത്തിൽ താമസിച്ചിരുന്നു. ഗ്രന്ഥനിർമ്മാണം, പത്രപ്രവർത്തനം, കമ്പനിരൂപീകരണം എന്നീ കാര്യങ്ങളിൽ മിസ്റ്റർ കുഞ്ഞിരാൻ മേനോനായിരുന്നു അന്നത്തെ പ്രധാനോപദേഷ്ടാവ്. പല ഘട്ടങ്ങളിലും ഞാൻ അദ്ദേഹത്തിന്റേയും സോദരിയുടേയും അതിഥിയായി അവിടെ താമസിക്കയു

*ഷൊറണൂർ മെററൽ വർക്ക്സ്സിന്റെ സ്ഥാപകനും ഇപ്പോൾ കോയമ്പത്തൂർ C. D. Naidu & Sons ലെ ഒരു പ്രധാന ഉദ്യോഗസ്ഥനും ആയ മി: C. K. Menon B. A. യുടെ അമ്മ.

ണ്ടായിട്ടുണ്ടു്. * അതിഥി സല്ക്കാരത്തിൽ സോദരനും സോദരിയും പ്രദർശിപ്പിച്ചിരുന്ന താല്പര്യം അന്യാദൃശമായിരുന്നു. അന്നു തൃശ്ശിവപേരൂരിൽ—കേരളത്തിലും—കുഞ്ഞിരാമൻ മേനോനെ അറിയാത്ത ആളുകൾ ദുർല്ലഭമായിരുന്നു. നമ്പൂതിരി സമുദായം, പ്രത്യേകിച്ചു്, അതിലെ യുവാക്കന്മാർ "യോഗക്ഷേമ"ത്തോടുകൂടി വിഹരിച്ചിരുന്ന ഒരു കാലമായിരുന്നു അതു്. അവരുടെ ഭീഷ്മരായി കുഞ്ഞിരാമൻ മേനോനും. നവോന്മേഷം കൊണ്ടു അക്ഷമരായും സമുദായ പരിവർത്തനത്തിൽ ഉത്സുകരായും കായക്ലേശം ചെയ്തിരുന്ന അനേകം നമ്പൂതിരി യുവാക്കന്മാർ ഓരോ പുതിയ പ്രശ്നങ്ങളും കൊണ്ടു് കുഞ്ഞിരാമൻമേനോനെ സമീപിയ്ക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അതു കഴിഞ്ഞാൽ യുവകവികൾ, പണ്ഡിതന്മാർ, കച്ചവടപ്രധാനികൾ ഇവരുടെ സംഘങ്ങൾ വരികയായി. എല്ലാവർക്കും തക്കതായ ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്തു് യാത്രയാക്കുകയും ചെയ്യും. കെ. രാമകൃഷ്ണപിള്ള, വള്ളത്തോൾ, നാലപ്പാട്ട് മുതലായ വലിയ സാഹിത്യകാരന്മാരേയും ഇടയ്ക്കിവിടെ കാണാം. അവരുമായുള്ള സല്ലാപം മിക്കവാറും രാത്രിയിലായിരിയ്ക്കും. ഇങ്ങിനെ സമുദായത്തിൽ കുഞ്ഞിരാമമേനോനുമായി കൂട്ടിമുട്ടാത്ത വ്യക്തികൾ അന്നു തൃശ്ശിവപേരൂരിലുണ്ടായിരുന്നുവോ എന്നു സംശയമാണ്, വയസ്സോ ജാതിയോ അതിനു പ്രതിബന്ധമായിരുന്നതുമില്ല ഇവരെല്ലാവരും കുഞ്ഞിരാമമേനോനെ ഒരുപോലെ ബഹുമാനിയ്ക്കയും ചെയ്തിരുന്നു. മംഗളോദയം മാനേജരുടെ പേരിൽ ആർക്കും

---

* ചെങ്ങളവും ചേലനാട്ടും അപ്പാഴേക്ക് ഒരു വിവാഹബന്ധത്താൽ അടുക്കുകയും ചെയ്തിരുന്നു.

അതൃപ്തിയുണ്ടായിരുന്നില്ല. പത്രാധിപർ, അച്ചുക്കൂടം മാനേജർ എന്നീ നിലയിൽ അദ്ദേഹം ആരോടും ദുർമ്മുഖവും കാണിച്ചിരുന്നില്ല. ഇങ്ങിനെ നാടകത്തിലെ രംഗം പോലെ വേഷങ്ങൾ വരികയും പോകുകയും ചെയ്തുകൊണ്ടിരിയ്ക്കുന്നതു് ഞാൻ പലപ്പോഴും കണ്ടു രസിച്ചിട്ടുണ്ടു്. പത്രാധിപർ, അച്ചുക്കൂടം മാനേജർ എന്നീ നിലയിൽ അദ്ദേഹം നിർവ്വഹിയ്ക്കേണ്ട ജോലികൾതന്നെ ധാരാളമുണ്ടായിരുന്നു. ഈ തിരക്കിന്നിടയിൽ അതും നടക്കുന്നുണ്ടാവും. സംസാരത്തിന്നിടയിൽ കുഞ്ഞിരാമൻ മേനോൻ ചിലതു് എഴുതുന്നതു കാണാം. അപ്പോഴും സംസാരം നിൎത്താതെ തുടരുന്നുമുണ്ടാവും. അങ്ങിനെയിരിയ്ക്കുമ്പോൾ ഒരാൾ വരുന്നതും കുറെ "മാററർ" വാങ്ങിക്കൊണ്ടു പോകുന്നതും കാണാം. ഒരു ദിവസം ഇങ്ങിനെ ചെയ്യുന്നതു കണ്ടപ്പോൾ അതു് എന്താണെന്നു ഞാൻ ചോദിച്ചു. "അതു് ഇന്നത്തെ യോഗക്ഷേമത്തിലേയ്ക്കുള്ള ലീഡറാ"ണെന്നാണു് മറുപടിയുണ്ടായതു്. "ലീഡറും മററും ഇങ്ങനെ ഉദാസീനഭാവത്തിൽ എഴുതിയാൽ മതിയോ?" എന്നു ഞാൻ വീണ്ടും ഇടംകോലിട്ടു

കു:രാ മേ:-ഇതു പത്രികയാപ്പീസിലെ അഭ്യാസമാണു്. കാരണവർ കുഞ്ഞിരാമൻമേനോന്നു് ലീഡറെഴുതുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. 10 ലീഡറെഴുതിയാൽ പതിനൊന്നാമത്തേതിന്നു കൈ തന്നത്താൻ ചലിയ്ക്കും എന്നു പറഞ്ഞിരുന്നു. ശ്രീ. ജി. പി. പിള്ള ഒരിയ്ക്കൽ പറഞ്ഞതു കേട്ടിട്ടില്ലേ. 10 കൊല്ലം ഒരു പത്രാധിപരെ

താങ്ങി നില്ക്കുന്ന ഒരു കസാലയുംകൂടി പിന്നീട് മുഖപ്ര സംഗമെഴുതാൻ സാധിയ്ക്കുമെന്ന്.

ഞാൻ:—എന്തോ എനിയ്ക്ക് ഇതിൽ അത്ര വിശ്വാസം വരുന്നില്ല. നാല്പതു കട്ടക്ക തിന്നാൽ നാല്പത്തൊന്നാമത്തേതു മധുരിയ്ക്കും എന്നു പറഞ്ഞതുപോലെയല്ലേ ഇതും!

കു: രാ: മേ —അല്ലാ, പത്താപ്പീസിൽ പണിയെടുക്കുന്നവരുടെ അനുഭവം മറിച്ചാണ്. മുഖപ്രസംഗം അവസാനനിമിഷത്തിലേ എഴുതുകയുള്ളു. ആ സമയം വരുമ്പോൾ ദേഹത്തിൽ ഒരു മിന്നൽ പായുന്നതുപോലെ തോന്നും. ഉടനെ കൈ പേനയെടുത്ത് എഴുത്തും തുടങ്ങും. എഴുതുന്നതെഴുതുന്നതു പ്രസ്സിലേയ്ക്കു പോകയും ചെയ്യും. ഞങ്ങളൊക്കെ കുറെയാകുമ്പോൾ യന്ത്രങ്ങളായിപ്പോകുന്നു.

ഞാൻ:—എഴുതണമെന്നു തോന്നുമ്പോൾ ആവേശമുണ്ടാകുമെന്നു ഞാനും സമ്മതിയ്ക്കാം. പക്ഷേ അതു് എല്ലാ ദിവസവും സമയം കണക്കാക്കി മലമ്പനിപോലെ വരുന്നതല്ല. പത്മനാഭസ്വാമി ക്ഷേത്രത്തിൽ മുറജപസ്സദ്യയ്ക്കു കറിയ്ക്കു വെട്ടിക്കൊണ്ടിരിയ്ക്കുന്ന ഒരാൾ ഉറക്കത്തിലും കഷ്ണം നുറുക്കിക്കൊണ്ടിരുന്നുവെന്നും അയാളുടെ സാമർത്ഥ്യം കണ്ടു് അയാൾക്കു വീരചങ്ങല കൊടുത്തുവെന്നും ഒരു കഥ ഞാനും കേട്ടിട്ടുണ്ടു്. പക്ഷേ യന്ത്രച്ഛായയിൽ കറിയ്ക്കു നുറുക്കുക സാദ്ധ്യമാണെന്നു വന്നാൽ കൂടി മനസ്സിരുത്തി എഴുതേണ്ട മുഖപ്രസംഗം അത്തരത്തിലുണ്ടാ

വുമെന്നു് വിശ്വസിയ്ക്കാൻ പ്രയാസമുണ്ടു്. ചില മുഖപ്രസംഗങ്ങൾ മോശമാവുന്നതും അതുകൊണ്ടു തന്നെയാണല്ലോ?

കു: രാ. മേ:—എഴുതാനറിയാവുന്നവരുടെ കാര്യത്തിൽ അങ്ങനെ വരില്ല. അദ്ധ്യാപകനായ നിങ്ങൾ ആദ്യം ക്ലാസ്സിലേയ്ക്കുള്ള പാഠങ്ങൾ പഠിച്ചു പോകാറുണ്ടു്. ആ പ്രവൃത്തിയിൽ കുറെ കാലം ഇരുന്നാൽ പിന്നീടങ്ങനെ ക്ലേശിയ്ക്കാറുണ്ടോ? എഴുതാൻ വയ്യാത്തവർ മനസ്സിരുത്തി എഴുതിയാലും നന്നാവോ?

ഞാൻ:—ഞങ്ങൾ പഠിപ്പിച്ച കാര്യങ്ങൾ ആവർത്തിയ്ക്കുകയാണു് പതിവു്. അങ്ങിനെയല്ലല്ലോ പത്രങ്ങൾ.

കു: രാ. മേ:—ഞങ്ങൾ ഒരു പടികൂടി കയറും. പുതിയ കാര്യങ്ങളോടു നേരിടുകയാണു് ഞങ്ങളുടെ തൊഴിൽ. ആ പുതുമ ഞങ്ങൾക്കു ക്രമേണ പഴമയാകുന്നു.

അതോടുകൂടി ഞങ്ങളുടെ വാദം അവസാനിച്ചു.

കുഞ്ഞിരാമൻ മേനോന്റെ ചെറുകഥകൾ "വള്ളുവക്കമ്മു" (ചരിത്രാഖ്യായിക,) "രഘുവംശചരിത്രം", "കമ്പരാമായണം", "പരശുരാമൻ", വിവിധവിഷയങ്ങളെപ്പററി അനവധി ലേഖനങ്ങൾ ഇവയെല്ലാം ഈ സുവർണ്ണകാലത്താണു് ജനിച്ചിട്ടുള്ളതു്. കുഞ്ഞിരാമമേനോന്റെ ഗദ്യത്തിനു് ഒരു പ്രത്യേക ആസ്വാദ്യതയുണ്ടു്. കുട്ടികൾക്കുകൂടിമനസ്സിലാവുന്ന ലാളിത്യം, പണ്ഡിതന്മാരേയും പാമരന്മാരേയും ആകർഷിയ്ക്കുന്ന രസികത്വം, ഉള്ളിലൂറി

ക്കിടക്കുന്ന ഫലിതം, തടവില്ലാത്ത ഒഴുക്ക്, ഇവയാണു് അതിൻെറ പ്രത്യേകജീവൻ. "എടച്ചേനകുങ്കൻെറ പരാക്രമങ്ങളിലും" "കാലംപോയ പോക്കിലും" "തിരുവലയ"ത്തിലും "മച്ചാട്ടുമലയിലെ ഭൂത"ത്തിലും അദ്ദേഹത്തിൻെറ സുകുമാരശൈലി ആയാസം കൂടാതെ പെരുമാറുന്നുണ്ടു്. കയ്യും മെയ്യും ഉറച്ച സാഹിത്യരംഗത്തിൽ ഇപ്പോൾ കളിയ്ക്കുന്ന പലരും — മദ്ധ്യകേരളീയർ — കുഞ്ഞിരാമൻ മേനോൻെറ കളരിയിൽ ചുവടുവെച്ചവരായിട്ടുണ്ടു്. ആ മഹാമനസ്കൻെറ കരാവലംബം കൊണ്ടു് കേറിവന്നവരും അപൂർവ്വമല്ല. ആ പരമാർത്ഥം പുറത്തു പറയുന്നവരോ, സമ്മതിയ്ക്കുന്നവരോ ചുരുങ്ങുമെന്നേയുള്ളൂ. തൻെറ സ്വാധീനത്തിൽ പത്രങ്ങളും മാസികയും അച്ചുക്കൂടവും അവിടെ സർവ്വാദ്ധ്യക്ഷസ്ഥാനവും ഉണ്ടായിരുന്നിട്ടും തൻെറ പേരു പരത്താനോ പണം നേടാനോ അദ്ദേഹം ശ്രമിയ്ക്കുയുണ്ടായില്ല. താനുമായി ഇടപെട്ട പലർക്കും മേല്പറഞ്ഞവ രണ്ടും ഉണ്ടാക്കിക്കൊടുക്കയും ചെയ്തിട്ടുണ്ടു്. കാലദോഷംകൊണ്ടു ദൈവം ഒന്നു തിരിച്ചടിച്ചപ്പോൾ മംഗളോദയവും മററുള്ളവരും ആ ത്യാഗിയെ വിസ്മരിച്ചു. മംഗളോദയം മാനേജരെന്നു വിളിയ്ക്കുണ്ട ആ മഹാപുരുഷൻ, മംഗളോദയത്തിനെ ലോകമൊട്ടുക്കു വിളികൊള്ളിച്ച ആ സ്ഥിരോത്സാഹി, ഗ്രന്ഥാലയപ്രസ്ഥാനം, സഹകരണപ്രസ്ഥാനം എന്നീ പൊതുസേവന കേന്ദ്രങ്ങളെ പിന്നിൽനിന്നു നിയന്ത്രിച്ചിരുന്ന കർമ്മകോവിദൻ, താൻ പേരെടുത്ത പ്രവർത്തന രംഗത്തിൽതന്നെ ആരും അറിയാതേയും ആരേയും ശല്യപ്പെടുത്താതേയും എന്നാൽ എല്ലാ ശല്യങ്ങൾക്കും വ

ശംവദനായും ഒരു പന്തീരാണ്ടുകൂടി കഴിയ്ക്കയുണ്ടായി. കേരളീയരുടെ ഉപകാരസ്മരണയ്ക്കോ, കൃത്യബോധത്തിനോ, മാന്യതയ്ക്കോ വിഷയമാകാതിരുന്ന ആ അദ്ധ്യായം കണ്ണീരും കദനവും നിറഞ്ഞതാണ്. "പ്രഭാത"ത്തിൽ തന്നെ അതു വിവരിയ്ക്കുവാനുള്ള മടികൊണ്ടു് ആ വിഷമഘട്ടത്തിലും യഥാശക്തി ആ പുണ്യാത്മാവിനെ ശുശ്രൂഷിയ്ക്കുവാൻ ഈശ്വരൻ ഇടയുള്ളവനെ സാധിച്ചുവെന്നുള്ള കൃതാർത്ഥതയോടുകൂടി ഈ സ്മരണ അവസാനിപ്പിയ്ക്കട്ടെ.

പണക്കാരേയും പ്രബലന്മാരേയും അവർ ചെയ്തിട്ടുള്ള അഴിമതികളെല്ലാം വിസ്മരിച്ചു കഴഞ്ഞുരിക്കിട്ടുന്നതുവരെ സ്തുതിയ്ക്കുവാൻ ലോകം എപ്പോഴും തയ്യാറുണ്ട്. സ്വാർത്ഥത്യാഗത്തോടെ പൊതുസേവനം ചെയ്തു കഷ്ടവും നഷ്ടവും പ്രതിഫലമായി വരിച്ചു അന്ത്യകാലത്തു് അപാരക്ലേശത്തിലാണ്ടു് മൺമറഞ്ഞ മഹാന്മാരെ ലോകം എന്തിനു കൊണ്ടാടുന്നു! ഈ തത്വത്തിനുദാഹരണമായി എം. ആർ. കെ. സി. യും കാലയവനികയിൽ മറഞ്ഞു.

---

# വലിയ കുഞ്ഞിരാമമേനോൻ.

ചെങ്കുളത്തു വലിയ കുഞ്ഞിരാമമേനോനെന്നും പത്രാധിപരമ്മാമനെന്നും മലബാറിൽ ഒരു കാലത്തു വിളിച്ചു വന്നിരുന്ന കേരളപത്രികാ പത്രാധിപരായിരുന്ന കുഞ്ഞിരാമമേനോനവർകളെയാണു് മേലെഴുതിയ പേർ സൂചിപ്പിയ്ക്കുന്നതു്. കുറിയതെങ്കിലും കട്ടിയുള്ള ദേഹം, വട്ടമുഖം, അറം കൂർത്തതും ദൃഢനിശ്ചയം സൂചിപ്പിയ്ക്കുന്നതുമായ മൂക്കു്, വിരിഞ്ഞ മാറു്, കട്ടിക്കമ്പി, പിരു പിരു നടത്തം, നടക്കുമ്പോൾ ഇടയ്ക്കിടയ്ക്കു വലത്തോട്ടു തിരിഞ്ഞു തുപ്പൽ, പഴയ സമ്പ്രദായത്തിൽ പൂർണ്ണക്ഷൌരം ചെയ്തു ഉച്ചിയിൽ അല്പം നിർത്തിയ കുടുമ; ഇത്രയും ചേർന്നാൽ വലിയ കുഞ്ഞിരാമമേനോനായി. ഒരിരുപത്തഞ്ചു കൊല്ലത്തിനുമുമ്പു് ഒരു മുപ്പതു കൊല്ലക്കാലത്തോളം കോഴിക്കോട്ടു നഗരത്തിൽ ഈ പത്രാധിപരമ്മാമൻ ഒരെണ്ണം തന്നെയായിരുന്നു. രാവിലെ ഏഴു മണി മുതൽ പന്ത്രണ്ടു മണിവരെ അവിടെ

ഏതെങ്കിലും ഒരു റോഡിൽ കാണാതിരിയ്ക്കില്ല. നടക്കുന്നതാണദ്ദേഹത്തിന്നിഷ്ടം. എണ്പതു വയസ്സുവരെ അരോഗദൃഢഗാത്രത പാലിയ്ക്കുയും ചെയ്തു. വെള്ളം പോലെ മധുപാനം ചെയ്യും. ആ പ്രായം വരെ ആ മെയ്യിനൊരു കോട്ടവും തട്ടുകയുണ്ടായിട്ടില്ല മാനസിക വ്യാപാരങ്ങൾക്ക് അയവോ ഇടിവോ ഉണ്ടായിട്ടുമില്ല. കേരളത്തിലെ ആദ്യത്തെ പത്രമായ "കേരളപത്രികയ്ക്കു" ഒരു കാലത്തുണ്ടായിരുന്ന പ്രചാരം ഇക്കാലത്തു പലരേയും വിസ്മയിപ്പിയ്ക്കുന്നതാണ്. അതിന്റെ "അധിപരെ" എല്ലാവരും സ്നേഹിയ്ക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. അനാവശ്യമായി ആരേയും ശകാരിയ്ക്കുയില്ല പൊതുജനങ്ങളെ ദ്രോഹിയ്ക്കുന്നവർ എത്ര പ്രമാണിയായാലും പത്രികയുടെ ശകാരത്തിനു പാത്രമാവാതിരിയ്ക്കുയുമില്ല. മലബാറിൽ അദ്ദേഹത്തിന്നറിയാത്ത കുഡുംബമില്ല. ആരുമെന്നു കണ്ടാലും തറവാട്ടുപേർ പറഞ്ഞാൽ മതി, ഉടനെ, "ഇന്നാളുടെ മരുമകനല്ലേ, അനുജനല്ലേ?" എന്നു മറുപടി കേൾക്കാം. മുൻസിപ്പാൽ കൌൺസിലിലെ അംഗം, ബെഞ്ചു മജിസ്ട്രേട്ട് എന്നീ പൊതുസേവനങ്ങളാൽ ആൎക്കും പരിചിതനുമായിരുന്നു. ചുരുക്കത്തിൽ, സഞ്ജയന്റെ ഭാഷയിൽ, മലയാളത്തറവാട്ടിലെ ഒരു വലിയമ്മാമൻ തന്നെ! ഒരമ്മാമന്റെ ആജ്ഞാശീലവും വാത്സല്യവും ഗൌരവവും ഒരേ സമയത്തു് അദ്ദേഹം പരിപാലിച്ചു വന്നു.

എന്റെ പ്രഥമലേഖനംകൊണ്ടു് പത്രികയാപ്പീസിൽ പോയതും ഈ വലിയമ്മാമനെ കണ്ടതും മുമ്പൊരു ലേഖ

നത്തിൽ * വിവരിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹത്തെ സാവകാശത്തിൽ കാണാൻ സൌകര്യം കിട്ടിയതു് കോട്ടയ്ക്കൽ വെച്ചുനടന്ന പരിഷത്തിന്നാണു്. അദ്ദേഹത്തിൻെറ തറവാടായ ചെങ്കളത്തു വീടും അവിടെത്തന്നെയാണു്. അവിടത്തെ അംഗങ്ങളിൽ പലരും എനിയ്ക്കു പരിചയപ്പെട്ടവരായിരുന്നതിനാൽ അവരുടെ ക്ഷണനമനുസരിച്ചു് ആദ്യത്തെ ദിവസം രാത്രി അത്താഴത്തിന്ന ഞാനും അവിടെ ചെന്നിരുന്നു. കോഴിക്കോട്ടു് വിട്ടതിനുശേഷം ഞങ്ങൾ തമ്മിൽ കാണുന്നതു് അനാദ്യമായിരുന്നു. ഒരിയ്ക്കൽ കണ്ടാളെ മറക്കുന്ന പതിവു് അദ്ദേഹത്തിന്നില്ലാതിരുന്നതിനാൽ എന്നെ ഒന്നു സൂക്ഷിച്ചുനോക്കി ഉടനെ ഞാൻ*ഒരു ലേഖനത്തിൻെറ പേരു പറഞ്ഞപ്പോൾ അദ്ദേഹത്തിന്നു ഓർമ്മവന്നു.

"നിങ്ങൾക്കു് തടി കൂടിപ്പോയി! അന്നു കണ്ണടയും ഉണ്ടായിരുന്നില്ല" എന്നു കുശലം തുടങ്ങി.

ഞാൻ:—"രണ്ടിനും ഉത്തരവാദി ഞാനല്ല. പിന്നെ യോഗ്യലക്ഷണങ്ങളിൽ ഒന്നല്ലേ തടി?" എന്നു ഞാൻ അമ്മാമൻെറ തടിയിൽ ബഹുമാനം കാണിച്ചു.

കു: മേനോൻ:—തടി നല്ലതും ചീത്തയുമുണ്ടു്. ആദ്യത്തേതു് യോഗ്യലക്ഷണമാണു്, രണ്ടാമത്തേതു് മററുള്ളവർക്കു സങ്കടം ജനിപ്പിയ്ക്കുകയാണു് ചെയ്യുന്നതു്.

അത്താഴം കഴിഞ്ഞപ്പോൾ "നമുക്കു രണ്ടാൾക്കും പൂമുഖത്തു കൂടാം" എന്നു് എന്നെ അങ്ങോട്ടു ക്ഷണിച്ചു.

---

* എം. ആർ. കെ സി.

* പത്രികകളയച്ച ലേഖനങ്ങളിൽ.

ഞാൻ കാരണവരെ പിന്തുടൎന്നു. ഞങ്ങളുടെ സംഭാഷണം തുടൎന്നു.

"നിങ്ങൾ ബി. ഏ യ്ക്കു പഠിച്ചതു തിരുവിതാംകൂറിൽ ആയിരുന്നു, അല്ലേ"

"അതേ, കേരളപാണിനിയുടെ ശിഷ്യനാവാനുള്ള ഭാഗ്യവുമുണ്ടായി."

"എന്നാൽ അദ്ദേഹത്തിൻെറ അമ്മാമനും "കേരള കാളിദാസനു"മായിരുന്ന ആ തിരുമേനിയെപ്പററിയുള്ള ഒരു കഥ പറയാം. ഔദാൎയ്യനിധിയെന്നു പരക്കെ സമ്മതനായ കേരളകാളിദാസൻെറ നീരസമാണു് എനിയ്ക്കും പത്രികയ്ക്കും കിട്ടിയതു്."

"കാരണം?"

"മയൂരസന്ദേശത്തെപ്പററിയുള്ള വിമൎശനമാണു് കാരണം"

"അനുകൂലമായിരുന്നില്ലേ, വിമൎശനം?"

ആകപ്പാടെ നന്നായിട്ടുണ്ടെന്നുതന്നെയാണു് പറഞ്ഞതു്. പക്ഷെ, കോമു (അദ്ദേഹത്തിൻെറ അനുജൻ) വാണു് എഴുതിയതു്. അവൻ ഒരു ദൂഷ്യം ചൂണ്ടിക്കാണിച്ചു.

"മാലാന്താരാൽ മരുവുമിണയെക്കണ്ടു നീതാംചനേത്തും
കാലാഗാരം സപദികൃപയാകാതരേ! വെല്ലിയില്ലേ"

എന്നവസാനിയ്ക്കുന്ന സന്ദേശശ്ലോകമില്ലേ! അതിൽ രണ്ടു പക്ഷികളിൽ ഒന്നിനെ താൻ കൊന്നപ്പോൾ മററതിൻെറ സങ്കടം കണ്ടു് അതിനേയും കൊല്ലാൻ നായിക

പറഞ്ഞുവെന്നല്ലേ അന്തരം? അതിന്റെ വ്യാഖ്യാതാവ് കൊന്നുവെന്നതു വെടിവെച്ച് കൊന്നുവെന്നു വ്യാഖ്യാനിച്ചിരുന്നു. ഒരു പക്ഷിയെ വെടിവെച്ചാൽ മറേറ പക്ഷിയും, ഇണയുംകൂടെ ചേർന്ന രാഗമുണ്ടെങ്കിൽക്കൂടി, പറക്കാതിരിയ്ക്കുമോ? അതുകൊണ്ട് സന്ദേശശ്ലോകത്തിൽ പ്രകൃതിവിരുദ്ധമായ ഒരു സംഗതി ഘടിപ്പിച്ചതു നന്നായില്ല, എന്നു കോമുനന്നനെ ഒന്നാക്ഷേപിച്ചു. ഞാനവനെ വിളിച്ചുചോദിച്ചു ഇതിനു വ്യാഖ്യാതാവിനെയല്ലേ കുററം പറയേണ്ടതു്? കവിയെയാണോ?"

കോമു:—കവി അതു നിഷേധിച്ചിട്ടില്ലല്ലോ, പിന്നെ; കേരളകാളിദാസന്റെ നായാട്ടുകമ്പം കലശലായിരുന്നു. തോക്കു കൈയിൽനിന്നു വെയ്ക്കാറുമില്ലെന്നാണു് കേൾവി."

കു: മേനോൻ:—എന്നാൽ ശരിയെന്നു ഞാനും സമ്മതിച്ചു. എതിരഭിപ്രായം അദ്ദേഹത്തിനിഷ്ടമില്ലെന്നു നിനക്കറിയാമോ? ഇനി പത്രിക വേണ്ടെന്ന് ഒരു സമയം എഴുതും.

കോമു:—അതു വിചാരിച്ചു കാര്യം പറയാതെ കഴിയുമോ?

ഞാൻ:—ഈ നിരൂപണം കണ്ടിട്ട് അദ്ദേഹം ശകാരിച്ചെഴുതുകയുണ്ടായോ?

കു: മേനോൻ:—എഴുതുക മാത്രമല്ല ഉണ്ടായതു് തിരുവിതാംകൂറിലേക്ക് (സക്കാരിലേയ്ക്കു്) എടുത്തിരുന്ന പ്രതികൾ അത്രയും സർവ്വാധികാര്യക്കാർ തിരിച്ചയയ്ക്കുകയുമുണ്ടായി.

ഞാൻ:—അതിനെപ്പററി കേരളകാളിദാസൻ എഴുതുകയുണ്ടായോ?

കു: മേനോൻ:—ഇല്ല. "അഃലോക്യ"മായിരിയ്ക്കുമെന്ന വിചാരിച്ച കുറച്ചുദിവസം അനങ്ങിയില്ല. അപ്പോഴയ്ക്ക് നിരൂപണത്തിന മറുപടികൾ വരാൻ തുടങ്ങി. "ഏതു രാൽ" എന്നതിന് "അടുത്ത്" എന്നും "ദൂരെ" എന്നും അർത്ഥം പറയാം, എന്നൊരു രസികൻ വാദിച്ചു എന്നാൽ പിന്നെ "മാലിന്ന" കാരണമെന്താണെന്നായി കോമു. അങ്ങിനെ വാശി കൂടുകയാണുണ്ടായത്. അമരുക ശതകത്തിൽ വൃത്തഭംഗമുണ്ടെന്ന കാണിച്ച് കോമു മറ്റൊരു ലേഖനമെഴുതി. അതിന മറുപടിയായി കേരളകാളിദാസൻതന്നെ വേറൊരു പത്രത്തിൽ

അമരുകശതകത്തിൽ വൃത്തഭംഗം
കിമപി കഥിച്ചതു പത്രികക്കുതാനോ?

എന്ന പരിഹസിക്കയുമുണ്ടായി. നിരൂപണം കാണുമ്പോൾ മഹാകവികൾ ഇങ്ങിനെ അരിശംകൊള്ളാമോ? പിന്നെ ആ വാദം തുടരുകയുണ്ടായില്ല"

പിന്നെ സംസാരം ചന്തുമേനോന്റെ ഓരോ പോക്കുകളെപ്പറ്റിയായി. കഥകൾ കേട്ട് രാത്രി കഴിഞ്ഞതറിഞ്ഞില്ല. കഥകളുടെ ഒരു "ഭണ്ഡാഗാര"മായിരുന്നു ആ ചെറിയ തല.

## മുൻസിഫ് യജമാനൻ *

രണ്ടു തലമുറയ്ക്കു മുമ്പ്, ചാവക്കാട് പേരും പെരുമയും പരത്തിയ മുൻസിഫ് യജമാനനെ ഇന്ന് ചില കാരണവന്മാർ വിസ്മരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല കാര്യം മാത്രം സംസാരിക്കുന്ന കോടതിയിൽ നേരം പോക്കിന്നും രസികതക്കും വഴിയുണ്ടെന്ന് അതിന്ന മുമ്പ് പലരും

* ചന്തുമേനോനെപ്പറ്റി കുഞ്ഞിരാമമേനോൻ പറഞ്ഞ കഥയാണിത്.

ധരിച്ചിട്ടുണ്ടാവില്ല. വിഡ്ഢിത്തം പറയുന്ന വക്കീൽമാരും സാക്ഷികളും അദ്ദേഹത്തിന്റെ പരിഹാസത്തിന്ന് പാത്രമാവാതിരിക്കയില്ല. സാക്ഷികൾ ഫലിതമുള്ളവരാണെങ്കിൽ അവരെ അഭിനന്ദിക്കും. അതറിയാൻ കഴിയാത്ത വക്കീലിന്ന് ശകാരവും സമ്മാനിക്കും—

വിസ്താരത്തിന്നിടയിൽ ഒരു സാക്ഷിയോട്ട് വക്കീൽ ഒരിക്കൽ "നിങ്ങൾ ഏറാടിയുടെ വീട്ടിലാണോ താമസം?" എന്നു ചോദിച്ചു.

സാക്ഷി:—ചോദ്യം മനസ്സിലായില്ല.

വക്കീൽ:—നിങ്ങൾക്ക് മലയാളം അറിയില്ലേ? "ഏറാടിയുടെ വീട്ടിലാണോ താമസം" എന്നു ചോദിച്ചാൽ, താമസിക്കയാണെങ്കിൽ അതെ, അല്ലെങ്കിൽ അല്ല എന്നല്ലെ പറയേണ്ടു!

സാക്ഷി:—എനിക്ക് ചോദ്യം മനസ്സിലാവാത്തതുകൊണ്ടു തന്നെയാണ് ശരിയായി മറുപടി പറയാത്തത്.

വക്കീലിന്ന് ശുണ്ഠിവന്നു.

വക്കീൽ:—(മുൻസീഫിനോട്) സാക്ഷിയുടെ അഹമ്മതി കണ്ടോ? ഇതു് കോടതി നോട്ടുചെയ്യേണ്ടതാണ്.

മുൻസീഫ്:—(ചിരിച്ചുകൊണ്ട് സാക്ഷിയോട്ട്) എന്താ തനിക്കു മനസ്സിലാവാത്തതു്?

സാക്ഷി:—ഏറാടിയുടെ വീട്ടിൽ താമസിക്കുകയെന്നു പറഞ്ഞാൽ പലതരത്തിലുമാവാം. ഏറാടിയെന്നൊരാളുടെ വീട് വാടകയ്ക്ക് വാങ്ങി അതിൽ താമസിക്കയാണെങ്കിലും — ഏറാടിയുടെ വീട്ടിലാണ് താമസിക്കുക

യെന്നു പറയും. ഏറാടിയുടെ വീട്ടിൽ ഒരു ഭൃത്യനായിട്ട് താമസിക്കയാണെങ്കിലും ഏറാടിയുടെ വീട്ടിൽ താമസിക്കയാണെന്നു പറയാം. വെറുതെ ഒരുവിരുന്നുകാരന്റെ നിലയിൽ താമസിക്കുകയാണെങ്കിലും അങ്ങിനെത്തന്നെയാണ് പറയുക. വക്കീൽ ഏതൎത്ഥത്തിലാണ് ചോദിച്ചതെന്നറിയാനാണ് ചോദ്യം. മനസ്സിലായില്ലെന്നു പറഞ്ഞതു്.

മുൻസീഫ്:—വക്കീലേ! സാക്ഷിയുടെ മറുപടിയിലടങ്ങിയ "പോരു" നിങ്ങൾക്ക് മനസ്സിലായില്ല. നിങ്ങളുടെ സ്ഥാനത്തു് സാക്ഷിയാണ് നില്ക്കേണ്ടതു്.

ഇങ്ങിനെയുള്ള രംഗങ്ങളുണ്ടാവാത്ത ദിവസങ്ങൾ കുറയും. ഒരു സ്ഥലം പരിശോധിക്കുവാൻ പോയതിന്റെ പരിണാമം ഇതിലും രസമുള്ളതാണ്. ആ സ്ഥലത്തിന്റെ അതിൎത്തിയെപ്പററിയായിരുന്നു തൎക്കം — മുൻസീഫ് യജമാനൻ സ്ഥലം പരിശോധിക്കുവാൻ തീൎച്ചയാക്കി. ഇരുഭാഗത്തെ വക്കീൽമാരും, ക്ലാൎക്കമാരുമായി അദ്ദേഹം അതിരാവിലെ പുറപ്പെട്ടു സ്ഥലം പരിശോധനയും കഴിഞ്ഞു. —അപ്പോഴേക്കും നേരം ഉച്ചയായി. കുളിയൂണ് മുതലായവക്ക് അടുത്തുള്ള ഒരു ഭേദപ്പെട്ട തറവാട്ടിൽ ഏൎപ്പാട് ചെയ്തിട്ടുണ്ടായിരുന്നതിനാൽ അവിടുത്തെ കാരണവർ വന്നു ക്ഷണിക്കയും ചെയ്തു ആ വീട്ടിൽ കയറി ചായകുടിച്ചു കുളിക്കുവാൻ ചൂടുവെള്ളം വേണമോ എന്നു ആതിഥേയൻ ചോദിച്ചപ്പോൾ:—

മുൻസീഫ് യജമാനൻ:—ഈ ദിക്കിൽ നല്ല കുളമുണ്ടെങ്കിൽ എനിക്കൊന്നു മുങ്ങിക്കുളിക്കണം

ആതിഥേയൻ:—ഒരമ്പലക്കുളമുണ്ട്. ഇവിടെനിന്നു രണ്ടു ഫർല്ലോങ്ങ് നടക്കണം.

മുൻസിഫ്:—നടക്കുന്നതിന്നു വിരോധമില്ല. വെള്ളം നന്നാവണം. കുളിപ്പുരയുമുണ്ടാവണം.

ആതിഥേയൻ:—വെള്ളം ഒന്നാന്തരമാണ്. നമ്പൂതിരിമാൎക്കും മററും കുളിക്കുവാൻ നല്ല കുളിപ്പുരയുമുണ്ട്.

മുൻസിഫ്:—അതിൽ കുളിച്ചതിന്നു ഞാൻ പോയതിന്നു ശേഷം അശുദ്ധിക്ഷേപമുണ്ടാകുമോ?

ആതിഥേയൻ:—നായന്മാരിൽ പ്രമാണികൾക്കും അതിൽ നിന്നു കുളിക്കാമെന്നായിട്ടുണ്ട്.

മുൻസിഫ്:—ഞാൻ പ്രമാണിയാണെന്ന് നിങ്ങൾമാത്രം സങ്കല്പിച്ചാൽ മതിയോ?

ആതിഥേയൻ:—ഈ താലൂക്കിൽ അങ്ങയെക്കാൾ പ്രമാണി ആരാണുള്ളത്.

മുൻസിഫ്:— എന്നാൽ കൂടെ ഒരാളെ അയക്കുക. ഞാൻ കുളിച്ചുവരാം.

കുളിക്കാനുള്ള ഉപകരണങ്ങളോടുകൂടി ഒരു വാലിയക്കാരനും, അദ്ദേഹത്തിന്റെ ശിപായിയും കൂടെവന്നു. കുളത്തിലെത്താൻ അധികം താമസം വേണ്ടിവന്നില്ല—നേരം ഏകദേശം പന്ത്രണ്ട് മണിയായിരുന്നതിനാൽ കുളത്തിൽ ആളുകളും കുറവായിരുന്നു. ഒരു കടവിൽ ഒരു സ്ത്രീ കുളിക്കുന്നുണ്ടായിരുന്നു. മുൻസിഫ് യജമാനന്റെ നോട്ടം ആദ്യം ആ കടവിലേക്ക് തന്നെയാണ് ചെന്നത്-കുളിക്കുന്ന തരുണിയും മുൻസിഫ് യജമാനനെ കണ്ടു. അവരുടെ കണ്ണുകൾ കൂ

ട്ടിമുട്ടി. "എന്തിരുപത്" എന്ന പ്രായം ആ മഹിളാമ ണിക്ക്. അതിനടുത്ത അഴകും, തറവാടിത്തവും. നോക്കി നില്ക്കുന്ന യുവാവോ ഓജസ്വിയും തേജസ്വിയും ആയ ഒരാ ജാനുബാഹു പോരെങ്കിൽ ആ നാട്ടുകാരെല്ലാവരും മാനി ക്കുന്ന ഒരൊന്നാംകിട ഉദ്യോഗസ്ഥൻ. ഇത്രയും ഒത്തു കൂടിയാൽ പിന്നെ അവർ ഒത്തുചേർന്നില്ലെങ്കിലേ അത്ഭുത പ്പെടേണ്ടതായുള്ളു.

കുളത്തിൽ മററുള്ളവരാരും ഇല്ലാതിരുന്നതിനാൽ മുൻസിഫ് യജമാനൻ, കുളികഴിഞ്ഞു് ഈറനുടുത്തു് പോ കാൻ മിക്കവാറും തെയ്യാറായ നവസുന്ദരിയെ ക്രൂസൽ കൂടാതെ സമീപിച്ചു. ഈ ക്രൂസല്ലില്ലായ്മയുടെ അടിത്തറയ്ക്കു് പെരുമാനമെത്രയുണ്ടെന്നറിയുവാൻ വെമ്പുന്ന ആ കോമ ളാംഗിയുടെ ഉള്ളിൽ കൌതുകവും ഭയാശങ്കയും ഭാവിശ്രേ യസ്സിന്റെ ഒരു നേരിയ മിന്നാട്ടവും ഒരുപോലെ മേളിച്ചു. ഉദ്യോഗസ്ഥന്മാരെ ഭയപ്പെട്ടുന്ന കാലവുമായിരുന്നു അത്— സ്ത്രീകൾ കുളിക്കുന്ന കടവിലേക്കു സാധാരണ പുരുഷന്മാർ വരുന്നതുമല്ലല്ലോ.

മേലെപ്പടവിൽ കയറി സങ്കോചത്തോടുകൂടി മാറിനി ല്ക്കാൻ മഹതി ധൃതിപ്പെട്ടപ്പോഴേക്കു് മേനവനും അടുത്തു.

"എന്താ പോകാൻ ധൃതിയായോ."

"ഇപ്പോൾ തന്നെ പതിവിലധികം വൈകിയിരി ക്കുന്നു."

"ഇനി കുറച്ചുകൂടി വൈകിയെങ്കിൽ വിരോധമുണ്ടോ?"

"അതിന്നു തക്കതായ കാരണമുണ്ടാകുമ്പോഴല്ലേ ആ ലോചിക്കേണ്ടു."

"തക്കതായ കാരണമുണ്ട്."

"നാം തമ്മിൽ ഒരു പരിചയവുമില്ല. ആ സ്ഥിതിക്ക് എന്നെ താമസിപ്പിക്കാൻ ബന്ധമൊന്നുമില്ലല്ലോ."

"തല്ക്കാലം ബന്ധമില്ലെങ്കിലും, മുമ്പു് പരിചയമില്ലെന്നുള്ളതു് ഇനിമേലാൽ പരിചയമാകുന്നതിന്നു് പ്രതിബന്ധമാകേണ്ടമെന്നില്ലല്ലോ—എന്റെ കൂടെ എന്നും താമസിപ്പിക്കുവാൻ ഉള്ള ബന്ധം വേണമെന്നുണ്ടു്."

"എന്നെപ്പററിയോ, എന്റെ വീടിനെപ്പററിയോ യാതൊരു വിവരവുമില്ലാതെ ഇങ്ങിനെ സംസാരിക്കുന്നതു് തല്ക്കാലമുണ്ടായ ആവേശംകൊണ്ടല്ലെ?"

"വീടിനെയോ, വീട്ടുകാരേയോ ഞാനാവശ്യപ്പെട്ടന്നില്ലല്ലോ. ഞാൻ ക്ഷണിക്കുന്നതു് എന്റെ മുമ്പിൽ നില്ക്കുന്ന മനസ്വിനിയെയാണു്—ആവേശം തല്ക്കാലമുണ്ടായതാണെങ്കിലും അതിന്നു ശക്തിയുള്ളതുകൊണ്ടാണു് നാട്ടുമര്യാദ ലംഘിച്ചു് നേരിടുവാൻ ധൈര്യപ്പെട്ടതു്."

"ക്ഷണം തല്ക്കാലത്തേക്കാണെങ്കിൽ സ്വീകരിക്കുവാൻ തയ്യാറില്ല. ആവേശത്തിന്നു് ശക്തിയുണ്ടെങ്കിൽ അതിന്നു ഞാനും വഴങ്ങേണ്ടതാണല്ലോ"

"തല്ക്കാലത്തേക്കാണെങ്കിൽ പെരുമാററമിങ്ങിനെയാവില്ല—എന്നാൽ ഇപ്പോഴത്തന്നെ കൂടെ വന്നുകൂടെ"

"ഇനിയെല്ലാം നിശ്ചയിക്കേണ്ടതു് അങ്ങാണു്."

"എന്നാൽ ഒരു വണ്ടി വരുത്തിക്കളയാം" ശിപായിയെ വിളിച്ചു് ഒരു വണ്ടികൊണ്ടുവരാനേല്പിച്ചു, രണ്ടുപേരും നിരത്തിലേക്കു നടന്നു.

സംഭാഷണം തുടൻറു.

"എന്തിനെ അമ്പലക്കുളത്തിലേക്ക് വന്നതു്."

"കുളിക്കാൻ."

"വന്നവസ്ഥക്ക്, അത്തും തൊഴലും കഴിക്കാമായിരുന്നു."

"അതിന്നു മുമ്പുതന്നെ ദേവി പ്രത്യക്ഷമായില്ലേ? എന്നെ മനസ്സിലായോ?"

"ഉവ്വ്, എന്നെയോ?"

"കാഴ്ചകൊണ്ടു തൃപ്തിയായി ബാക്കി മനസ്സിലാക്കുന്നതു് സാവധാനത്തിലാവാമല്ലൊ"

"അങ്ങയുടെ ആവേശം കണ്ടപ്പോൾ ഞാനെല്ലാം മറന്നു. ഇപ്പോഴുള്ള ഉന്മേഷം കുറഞ്ഞാൽ പിന്നെ എന്റെ കഥ!!"

"ആവക ആലോചനകൾ നമുക്ക് ഇപ്പോൾ ദൈവം തന്ന ഭാഗ്യത്തിന്നു് ചേർന്നതല്ല വീട്ടുകാരെ അങ്ങോട്ടു വരുത്താം. വണ്ടിവന്നു." രണ്ടുപേരും താമസിയാതെ മുൻസീഫ് യജമാനന്റെ വസതിയിലെത്തി. അന്നാരംഭിച്ച രാഗം യാതൊരപശ്രുതിയും കൂടാതെ തുടൻറുപാടി സദ്യയ്ക്കു വട്ടംകൂട്ടി കാത്തിരുന്ന വീട്ടുകാരോ?

# ഏ. ആർ. തിരുമേനി

"ഏ. ആർ. എന്ന രണ്ടക്ഷരം "ശക്തിയെന്ന രണ്ടക്ഷരം പോലെ ഒരു തലമുറയ്ക്കു മുമ്പു് കേരളീയരുടെ,—പ്രത്യേകിച്ചു് ഭാഷാഭിമാനികളുടെ — ആരാധനാപാത്രമായിരുന്നു. പത്തുകൊല്ലത്തിന്നുമുമ്പ് നമ്മുടെ സാഹിത്യത്തിൽ ഒന്നുമുണ്ടായിരുന്നില്ലെന്നു വിശ്വസിച്ചും വിചാരിച്ചും വരുന്ന ചില പുത്തൻ കൂററുകാക്ക് ഒരു സമയം അതു പുത്തരിയായി വന്നേയ്ക്കാം. എന്നാൽ ആ കൈരളീ ഭക്തനെ സ്മരിയ്ക്കുമ്പോൾ കണ്ണടച്ചു കൈക്കൂപ്പാത്തവർ ഒരു മുപ്പതു കൊല്ലത്തിന്നുമുമ്പു് ഭാഷാഭിമാനികളിൽ ആരെങ്കിലും ഉണ്ടായിരുന്നുവോ എന്നു സംശയമാണു്. സംസ്കൃതം, മലയാളം, ഇംഗ്ലീഷു്, തമിഴ് എന്നീ നാലു ഭാഷകളും ആ പണ്ഡിതവര്യന്റെ പരിലാളനമേററു് ചാരിതാർത്ഥ്യമടഞ്ഞിരുന്നു. സാഹിത്യം, വ്യാകരണം, ശാസ്ത്രം, നാടകം എന്നീ പ്രസ്ഥാനങ്ങളിലേതിനോടായിരുന്നു ആ തിരുമേനിയ്ക്കു് അധികം ഉള്ളിണക്കമുണ്ടായിരുന്നതെന്നു് നിർണ്ണയിയ്ക്കുവാൻ

തനിയ്ക്കുതന്നെ പ്രയാസമായിരുന്നു. "ആംഗലസാമ്രാജ്യ" ത്തിന്നു ഒരു മഹാകാവ്യത്തിൽ പ്രതിഷ്ഠ ലഭിയ്ക്കുവാൻ ഭാഗ്യമുണ്ടായതു് ആ മഹാന്റെ തൃക്കൈവിളയാട്ടം അതിലുണ്ടായതുകൊണ്ടാണു്. സംസ്കൃതത്തിൽ നിർമ്മാണകലാശില്പം എത്രയോ നൂററാണ്ടു മുമ്പു് അവസാനിച്ചുവെന്നുള്ള അപഖ്യാതി പരിഹരിച്ചതു് ഈ മഹാകാവ്യമാണു്. ആ സാഹിത്യരത്നമാണു് ലോകപ്രശസ്തി നേടിക്കൊടുത്തതെങ്കിലും കൈരളിയായിരുന്നു തിരുമേനിയുടെ വാത്സല്യപാത്രം.

ഈ സരസ്വതീവല്ലഭന്റെ ശിഷ്യനാവുന്നതു് ഏതൊരു വിദ്യാർത്ഥിയ്ക്കും ഒരു പരമഭാഗ്യം തന്നെയാണു്. ആ അതിമോഹമാണു്, മുപ്പത്തഞ്ചുകൊല്ലം മുമ്പു് തിരുവനന്തപുരം മഹാരാജാസ് കോളേജിലേയ്ക്കു് എന്നെ ആനയിച്ചതു്. എറണാകുളംവരെ ഒരു ഭാഗത്തേയ്ക്കു ചരിഞ്ഞുപോകുന്ന തീവണ്ടി, അവിടുന്നങ്ങോട്ടു കായലിൽ "കുടുകുടു" ശബ്ദത്തോടെ ഓടുന്ന ബോട്ടു്, മഴപെയ്താൽ ഒരു തുള്ളി വെള്ളംപോലും പുറത്തുപോകാതെ സൂക്ഷിച്ചു് യാത്രക്കാരെ അഭിഷേകം ചെയ്യിക്കുന്ന അതിലെ സന്നിവേശങ്ങൾ, അസമയത്തു് എത്തിച്ചേരുന്നതിനാൽ ആലപ്പുഴ, കൊല്ലം മുതലായ വ്യാപാരകേന്ദ്രങ്ങളിൽ രാത്രി കഴിച്ചുകൂട്ടാനുള്ള വിഷമങ്ങൾ, കൊല്ലത്തുനിന്നു തിരുവനന്തപുരത്തേയ്ക്കു ഓടിയിരുന്ന ഒരേ ബസ്സിൽ സ്ഥലം കിട്ടാനുള്ള തിരക്കു്, അവിടെ ചെ[...]ിന്നുള്ള ക്ലേശങ്ങൾ ഇതൊക്കെയാ[...] നിന്നു് അങ്ങോട്ടുപോകുന്ന ഒരു [...]ണ്ടതായ സാഹചര്യങ്ങൾ. ഈ ദുർഘടങ്ങളെല്ലാം അവഗണിച്ചി

MUL
165305
165305
38233

രുന്ന രണ്ടു അഭിലാഷങ്ങൾ എന്റെ മനസ്സിൽ അലതല്ലിക്കൊണ്ടിരുന്നു. ഒന്നു തിരുമേനിയുടെ അന്തേവാസിത്വം. മററതു്, മഹാകവി കുമാരനാശാനുമായുള്ള പരിചയം. ഈ രണ്ടു മോഹങ്ങളും മേല്പറഞ്ഞ ക്ലേശങ്ങൾ വിസ്മരിപ്പിക്കുന്നവയാണെന്നു പറയേണ്ടതില്ലല്ലോ. എന്നെ സംബന്ധിച്ചിടത്തോളം ഞാനവ സന്തോഷസമേതം സഹിക്കു തന്നെ ചെയ്തു.

തിരുമേനിയെ സന്ദർശിച്ചതോടുകൂടി, പല കഷ്ടതകളും പരീക്ഷകളും കഴിഞ്ഞതിനുശേഷമാണു് ഇഷ്ടദേവത പ്രത്യക്ഷമാകേണ്ടതെന്നുകൂടി തോന്നിപ്പോയി. അങ്ങനെയുള്ള "പുടപാകം" ഭക്തനെ അനുഗ്രഹത്തിനു് അധികം അർഹനാക്കുന്നു. അതിപ്രയത്നത്തിന്റെ അവസാനമായി കിട്ടിയ ദിവ്യദർശനത്തിൽ ഭക്തനു കണക്കിലധികം ചാരിതാൎത്ഥ്യവും ലഭിക്കുന്നു. ശ്രീമാന്മാർ ആററൂർ, രാമസ്വാശാസ്ത്രി എന്നീ പണ്ഡിതവര്യന്മാർ മലയാളത്തിനും ശ്രീമാന്മാർ നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള, അനന്തനാരായണശാസ്ത്രി എന്നീ വിദ്വൽകേസരികൾ സംസ്കൃതത്തിനും രണ്ടു ഭാഷയുടേയും നേതൃത്വം വഹിച്ചുകൊണ്ടു് ഏ. ആർ. തിരുമേനിയും—ഇങ്ങിനെയായിരുന്നു അന്നത്തെ അദ്ധ്യാപനസംവിധാനം. ആററൂരിനേയും നന്ത്യാരുവീടനേയും കണ്ടതിനുശേഷം അവരുടെ അഭിപ്രായപ്രകാരം തിരുമേനിയേയും ചെന്നു കണ്ടു ഒരു പ്രൊഫസർ സ്ഥാനത്തിരിയ്ക്കുന്ന ഉദ്യോഗസ്ഥനെ കാണുകയാണല്ലോ എന്ന ഭയസങ്കോചത്തോടുകൂടിയാണു അവിടുത്തെ ഞാൻ സമീപിച്ചതു്. എന്നാൽ മുമ്പാകെ ചെന്നപ്പോൾ എത്രയോ

മുമ്പ് പരിചയമുള്ള സമ്പ്രദായത്തിലാണ് അവിടുന്ന് ഈയുള്ളവനെ സ്വീകരിച്ചത്. പൂജ്യംപോലെ തുമ്പുകെട്ടി പിന്നോക്കമിട്ട ഉച്ചിക്കുടുമ, (തലേക്കെട്ട് അപ്പോൾ എടുത്തുവെച്ചിരുന്നു) പ്രഭുത്വവും ഓമനത്വവും മത്സരിയ്ക്കുന്ന മുഖം, കുറിയതും കനത്തതുമായ ദേഹം, തനിപ്പൊൻനിറം, കൈരണ്ടിലും കല്ലുവെച്ച മോതിരങ്ങൾ, സന്ദർശകന്മാരുടെ സങ്കോചമകററുന്ന ഒരു ചെറിയ പുഞ്ചിരി ഇതാണ് തേജസ്വിയായിരുന്ന അവിടുത്തെ ആകാരചിത്രം. എന്നെ വിദ്യാർത്ഥിയാണെന്നു ഭാവിച്ച് "എവിടെയാ, സ്വദേശം" എന്നു കൌതുകത്തോടുകൂടി ചോദിച്ചു. ആ മൃദുസ്വരത്തിൽ ഒരു വലിയമ്മാമൻെറ വാത്സല്യംകണ്ട് എൻെറ മനസ്സ് കുളിർത്തു

ഞാൻ:—"വടക്ക്, മലബാറിലാണ്."

അവിടുന്നു:—"നിങ്ങളൊക്കെ മദിരാശിക്ക് പോകുന്നതല്ലെ പതിവ്?"

ഞാൻ:—അവിടെയെങ്ങും കിട്ടാത്തൊരു നിധി ഇവിടെയുണ്ട്. അതന്വേഷിച്ചു വന്നതാണ്.

അവിടുന്നു:—അതെന്താ? മേനോന്റെ കവിതയുണ്ടോ?

ഞാൻ:—ഈ തിരുമേനി!

ഇതു കേട്ടപ്പോൾ ഒന്നു പൊട്ടിച്ചിരിച്ചു. അപ്പോഴേയ്ക്ക് മററാരോ കാണാൻ വന്നു. ഞാൻ പിൻവാങ്ങി.

അടുത്തദിവസം മുതല്ക്ക് അദ്ദേഹത്തിൻെറ ക്ലാസ്സുകൾ തുടങ്ങി. കേരള പാണിനീയത്തിൻെറ പരിഷ്കരിച്ച പതിപ്പു തയ്യാറാക്കുന്ന കാലമായിരുന്നു അതു്. ആഗമിക

പ്രസ്ഥാനമനുസരിച്ചു് അതിന്നൊരു പീഠികയും എഴുതി വന്നിരുന്നു. അന്നന്നു തയ്യാറാക്കിയഭാഗം ക്ലാസ്സിൽ വായിയ്ക്കുകയും അതിലെ ആശയങ്ങൾ വിശദമാക്കുകയും ആയിരുന്നു അദ്ധ്യാപനരീതി. അതുതന്നെ സമന്മാരോടു് സംസാരിയ്ക്കുന്ന ഭാവത്തിൽ ഇങ്ങിനെയുള്ള ഗുരുശിഷ്യബന്ധം അത്യാഹ്ലാദം ഞങ്ങളിലുളവാക്കി. ശ്രീമാന്മാർ പി അനന്തൻ പിള്ള, അയ്യപ്പൻ (മന്ത്രി), ജി. എൻ. തമ്പി (സിക്രട്ടരി, തിരുവനന്തപുരം) ഇവരെല്ലാം അന്നത്തെ സതീർത്ഥ്യരായിരുന്നു. വടക്കൻ വാക്കുകളെപ്പററി പ്രസ്താവം വന്നാൽ, "എന്താ മേനോൻ," എന്നു ചിലപ്പോൾ എന്നോടു് ചോദിയ്ക്കും. ഒരു ഘട്ടത്തിൽ "ഉണ്ണുക" എന്ന ക്രിയയിൽ നിന്നു് "ഊണി" എന്നൊരു നാമം വേണ്ടതാണെന്നു തിരുമേനി പ്രസ്താവിക്കുകയുണ്ടായി. "പക്ഷെ ഇട്ടിക്കിൽ പ്രയോഗം കാണുന്നില്ല" എന്നു പറഞ്ഞു് എന്റെ മുഖത്തുനോക്കി ഉടനെ ഞാൻ എഴുന്നേററു് "ഊണി, എന്നു് ഞങ്ങടെ നാട്ടിൽ പ്രയോഗമുണ്ടു്" എന്നറിയിച്ചു.

തിരുമേനി:—ഏതർത്ഥത്തിലാ?

ഞാൻ:—ശ്രാദ്ധത്തിന്നു വെലിയിടുന്ന സമയത്തു് ഇണങ്ങൻ ഇരുന്നു ഉണ്ണുന്ന പതിവുണ്ടു്. അങ്ങിനെ ഇരുന്നുണ്ണുന്ന ആളേയാണു് "ഊണി"യെന്നു പറയുന്നതു്.

തിരുമേനി:—(ചിരിച്ചുംകൊണ്ടു്) ആയാൾ ഉണ്ണുന്നവനാണല്ലാ, അതുമതി!

ഞാൻ:—അതെ

ഒരു വലിയ ശാസ്ത്രജ്ഞനെന്ന് ഒരു പുതിയ കണ്ടുപിടുത്തത്തിൽ ഉണ്ടാവാറുള്ള ചാരിതാർത്ഥ്യം അദ്ദേഹത്തിന്റെ മുഖത്തുസ്ഫുരിച്ചു. "വടക്കൻ ഭാഷയ്ക്കു പല മെച്ചവുമുണ്ടു. നൂറിൽ തൊണ്ണൂററാറും ഗുണമാണെന്നു സമ്മതിച്ചുകൊടുക്കാം. പക്ഷെ നാലുഗുണമെങ്കിലും തെക്കൻ ഭാഷയ്ക്കുണ്ടെന്നു പറഞ്ഞാൽ വടക്കർ വകവെച്ചുതരുന്നില്ലല്ലോ." എന്നൊരു അഭിപ്രായപ്രകടനവും—അല്ലാ, ആവലാതി തന്നെ—തുടർന്നുവന്നു. ഇതിന്റെ പശ്ചാത്തലം എനിക്കന്നു മനസ്സിലായില്ല. "ആററൂർ" അവർകളോട് പിന്നീടു ചോദിച്ചപ്പോഴാണ്, "സംവൃതോകാര"ത്തെപ്പററിയുള്ള വാദപ്രതിവാദമാണ് അതിൽ മാറെറാലിക്കൊണ്ടതെന്നു ധരിച്ചതു്. സംവൃതസ്വരം 'അ'കാരം ചുരുങ്ങിയതോ 'ഉ'കാരം ചുരുങ്ങിയതോ എന്നായിരുന്നു തക്കം. വടക്കർ ശ്രീമാന്മാർ സി. പി. അച്യുതമേനോൻ (വിദ്യാവിനോദിനി പത്രാധിപർ,) കുണ്ടൂർ, അപ്പൻതമ്പുരാൻ തിരുമേനി (രസികരഞ്ജിനി പത്രാധിപർ) ക്രമേണ മുതലായവർ അകാരത്തിൽ അടിയുറച്ചുനിന്നിരുന്നു. തെക്കർ, കാര്യമായി ഏ. ആർ. തന്നെ, ഉകാരത്തിലും ഊന്നി. ഉച്ചാരണ വൈലക്ഷണ്യം കാണിയ്ക്കാൻ "്"ചിഹ്നം മതിയെന്നു് വടക്കർ ശാഠ്യം പിടിച്ചു. "ഉ"കാരമാണ് സംവൃതമായതെന്നു സ്പഷ്ടമാക്കുവാൻ 'ഉ' എഴുതണമെന്നു് തെക്കരും സിദ്ധാന്തിച്ചു. അത്, അതു് — എഴുതുന്നതുപോലെ വടക്കും തെക്കും അച്ചടിച്ച ഗ്രന്ഥങ്ങളിൽ ഇപ്പോഴും ഈ വ്യത്യാസം കാണാവുന്നതാണു്.

ഈ ഘട്ടത്തിൽ ഒരു നേരമ്പോക്കുകൂടി പ്രസ്താവിക്കേണ്ടതുണ്ടു്. മലയാളം ബി. എ യ്ക്കു് ഐച്ഛികവിഷയ

മാക്കിയ വകുപ്പ് അവിടെ ആരംഭിച്ചപ്പോഠം മററു വകുപ്പുകാർ അതിൻെറ നേക്കു പരിഹാസനോട്ടങ്ങഠം പലപ്പോഴും എറിഞ്ഞിരുന്നു. തിരുമേനിയുടെ ആഭിജാത്യവും, അന്തസ്സും, ഔന്നത്യവും ആയിരുന്നു പരസ്യമായ ആക്ഷേപത്തിൽനിന്നു മലയാളത്തിനെ രക്ഷിച്ചതു്. "ശീലാവതി" ക്കാരെന്ന ബഹുമതിയും ഞങ്ങഠംക്കു മററുള്ളവർ ആവശ്യപ്പെടാതെ തരികയും ചെയ്തു. അങ്ങിനെയിരിയ്ക്കുമ്പോഴാണു് തിരുമേനിയ്ക്കു പ്രിൻസിപ്പാഠം പദം കിട്ടിയതു്. അപ്പോഠം മററു വകുപ്പുകാക്കുണ്ടായ അസൂയയ്ക്കു നിലയില്ലാതായി. "ശീലാവതി" എന്ന പരിഹാസപ്പേരു് തിരുമേനിയുടെ ചെവിയിലും ഞങ്ങഠം എത്തിയ്ക്കുകയുണ്ടായി. "ആ പുണ്യവതിയുടെ പേരല്ല! ഉവ്വശി, മേനക എന്നൊന്നുമല്ലല്ലോ" എന്നു് ഒരിക്കൽ അവിടന്നു സമാധാനിപ്പിച്ചു. "ദുവ്വാസന"ക്കാരെന്നു ഞങ്ങഠം സയൻസുകാരേയും വിളിയ്ക്കാതിരുന്നില്ല. ഇങ്ങിനെ പല വകുപ്പുകാരും "ശീലാവതി"ക്കാരോട്ടു് ഉരുമ്മി നില്ക്കുമ്പോഠം സയൻസു വകുപ്പിൽപ്പെട്ട ഒരു വിദ്യാത്ഥിയ്ക്കു് ഒരു കുട്ടക്കു പററി. ആ യുവരസികൻ തൻെറ അമ്മാമൻെറ മകളിൽ അനുരാഗം പാകി. ആ കാമിനി ഇംഗ്ലീഷുമായി അല്പം നീരസത്തിൽ തന്നെയായിരുന്നു. മലയാളത്തിൽ കട്ടകെട്ടിയും കാമുകനു നേരെ മറിച്ചും. ഇവരുടെ പ്രണയബന്ധം അമ്മാമൻ ആദരിച്ചിരുന്നു അമ്മായി അത്രതന്നെ അനുകൂലമായിരുന്നതുമില്ല. ഈ ദുഘട്ടഘട്ടത്തിൽ അമ്മാമൻ കാലധമ്മം പ്രാപിച്ചു. കാമിനിയെ സമീപിയ്ക്കാൻ തന്നെ നമ്മുടെ ചങ്ങാതിയ്ക്കു വിഷമം നേരിട്ടു കാമിനിയെ ക

വിതകൊണ്ടു വേഗം വശപ്പെടുത്താമെന്നു ചിലർ അയാളെ ഉപദേശിച്ചു. സ്വതേ "ശീലാവതി" വൈരിയാണെങ്കിലും ഗത്യന്തരമില്ലാതെ ആ വിദ്യാൎത്ഥികാമുകൻ ഒരു പ്രണയഗാനത്തിന്—ലേഖനത്തിന്—വേണ്ടി ശ്രീമാൻ *രാമവൎമ്മതമ്പാൻ മുഖാന്തരം എന്നെ സമീപിച്ചു. ഞാനയാളെ ഒന്നു കുടയുവാൻതന്നെ ആ അവസരം ഉപയോഗിച്ചു.

ഞാൻ:—അപ്പോൾ "ശീലാവതി"കൊണ്ടും ചില ഉപകാരമുണ്ടു്; ഇല്ലേ?

കാമുകൻ:—എന്നെ ഇങ്ങിനെ കളിയാക്കരുതു്. ഞാനങ്ങിനെയൊന്നും പറയാറില്ല.

ഞാൻ:—അതിരിയ്ക്കട്ടെ; (നേരംപോക്കായി) നിങ്ങളുടെ കാമിനിയെ ഞാനും കൂടി ഒന്നു കണ്ടാൽ ലേഖനത്തിന്നു മൂച്ചു കൂടിയെന്നുവരാം. നമ്മുടെ ചങ്ങാതിയ്ക്കു് അതു സമ്മതമല്ലെന്നു് അയാളുടെ മുഖഭാവം സൂചിപ്പിച്ചു. ഞാൻ തിരക്കിയതുമില്ല.

"കാലക്കേടാൽ കഠിനമിഹ നിനച്ചീലെൻ മാതുലൻ താൻ
മേലാക്കത്തെക്കരുതി ചിലതോൎത്തുള്ളതൊന്നും തൊടാതെ
മാലിന്നെല്ലാ മറുതിയണയും ദിക്കിലായ്ക്കൎമ്മമാണെ-
ന്നാലോചിയ്ക്കു, പകരമതിനില്ലീശപാരോരക്ഷ ഭ്രമൌ."
"എന്നെക്കാളും പദവുമതിനോടൊത്തു പൊന്നും തികഞ്ഞു
ള്ളന്യൻതന്നെസ്സപദി വരനാക്കേണമെന്നമ്മപോലും
നിന്നാണോതും സമയമിവനോടന്നു ചൊന്നോരുവാക്കും
തന്വംഗിയ്ക്കുള്ള നല്ല ചരിതശ്രീയുമോൎത്തിടവേണം."

* ഇദ്ദേഹം സംസ്കൃതവകുപ്പിലായിരുന്നു; അകാലമൃത്യുവടഞ്ഞതായിട്ടാണു് അറിവു്.

എന്ന വിധത്തിൽ 9 ശ്ലോകങ്ങൾ സന്ദേശവൃത്തത്തിലുണ്ടാക്കി ആ ചങ്ങാതിയ്ക്കു കൊടുത്തു. ആ "സന്ദേശം" ഫലിച്ചുവെന്നാണു് പിന്നീടു കേട്ടതു്. ഈ സംഭവം ആരോ തിരുമേനിയെ കേൾപ്പിച്ചപ്പോൾ "മേനോൻ സരസനാണല്ലോ; ഒന്നു വരാൻ പറയണം" എന്നു് അറിയിയ്ക്കുകയുമുണ്ടായി. "കഥയൊക്കെ കേട്ടു. ഇനി "ശീലാവതി" യെന്നു് ആ പാഠം പരിഹസിയ്ക്കില്ല—വാസനയെ ഗ്രന്ഥപരിചയം കൊണ്ടു് വികസിപ്പിയ്ക്കണം" എന്നു വാത്സല്യപൂർവ്വം എന്നെ ഉത്സാഹിപ്പിയ്ക്കുകയും ഉപദേശിക്കുകയും ചെയ്തു—ആ ഉപദേശം അനുഷ്ഠാനത്തിൽ പകർത്തുവാൻ സാധിച്ചില്ലല്ലോ എന്ന കുണ്ഠിതമാണിപ്പോൾ. ഇനി അതുകൊണ്ടെന്തു പ്രയോജനം? "പോയകാലം ആനവലിച്ചാലും തിരിയെ കിട്ടുകയല്ല"ല്ലോ.

രണ്ടുകൊല്ലത്തിനിടയ്ക്കു് രണ്ടോ മൂന്നോ തവണയേ അവിടുത്തെ വസതിയിൽ പോകുവാൻ അവസരം ലഭിയ്ക്കുകയുണ്ടായുള്ളു. അവിടെ എപ്പോഴും സാഹിത്യ വിനോദവും ശാസ്ത്രവിചാരവും തന്നെ. അനവധി പണ്ഡിതന്മാർ ആശ്രിതഭാവത്തിലും ആദരഭാവത്തിലും തിരുമേനിയെ വലയം ചെയ്തു കൊണ്ടിരിയ്ക്കും. പുസ്തകങ്ങൾക്കു മുഖവുര എഴുതിക്കിട്ടാനുള്ള തിടുക്കത്തിൽ ഗ്രന്ഥകാരന്മാരൊരു ഭാഗം; സംശയനിവൃത്തിയ്ക്കായി വന്നുചേർന്ന ശിഷ്യഗണങ്ങൾ വേറൊരു ഭാഗം—കോളേജ് വിദ്യാർത്ഥികൾ മാത്രമല്ല, ആ കേരളഗുരുവിൻെറ ശിഷ്യരായിട്ടുള്ളവർ. അന്നത്തെ ഭാഷാഭിമാനികൾ മിക്കവരും ആ ഇനത്തിൽ പെട്ടിരുന്നു. വലിയ കോയിത്തമ്പുരാൻ അന്നേയ്ക്കു് അന്തരി

ച്ചിരുന്നതിനാൽ ആ മഹാൻെറ സാഹിത്യചക്രവൎത്തിത്വം മരുമകനിൽത്തന്നെ ലയിപ്പിച്ചതുപോലെ ആയിരുന്നു അവിടത്തെ അവസ്ഥ. പാഠപുസ്തകക്കമ്മിററിയിലെ ഉദ്യോഗസ്ഥന്മാർ ഓരോ കാൎയ്യത്തിൽ തീരുമാനം ആവശ്യപ്പെട്ടുകൊണ്ടു് ഇനിയൊരു ഭാഗം. ഇങ്ങിനെ അവിടത്തെ ശ്രദ്ധയെ അവകാശപ്പെട്ടുകൊണ്ടു് നില്ക്കുന്ന ജനസംഖ്യ കുറച്ചൊന്നുമല്ലായിരുന്നു ആരോടും അവസ്ഥക്കനുസരിച്ചു ഒന്നുരണ്ടുവാക്കു പറയാതെയും അവരെ തന്റെ മുഖപ്രസാദംകൊണ്ടു സംതൃപ്തരാക്കാതെയും അവിടുന്നു വിടുന്ന പതിവില്ലതാനും. ഏ ആർ. കോപിച്ചതായി ഞാൻ കണ്ടിട്ടില്ല ശിഷ്യഗണങ്ങളിൽ പലരും ഈ അഭിപ്രായം ശരിവെയ്ക്കുന്നവരാണു് തിരുമേനി യഥാൎത്ഥത്തിൽ സാഹിത്യലോകത്തിൽ ഒരു രാജരാജൻ തന്നെയായിരുന്നു.

ഒരു കോളേജു് പ്രൊഫസർ എന്ന നിലയിൽ അദ്ദേഹം ചില ആദൎശങ്ങൾ പുലൎത്തിവന്നിരുന്നു പള്ളിക്കൂടവും തിരുമേനിയുമായി ബന്ധമൊന്നുമുണ്ടായിട്ടില്ലെന്നാണു് കേൾവി. പഴയ രീതിയിൽ ശാസ്ത്രിമാരുടെ അഭ്യാസത്തിലായിരുന്നു ചെറിയ കോയിത്തമ്പുരാനും വളൎന്നു വന്നതു്. ഇംഗ്ലീഷു താനെ പഠിച്ചു കലാശാലാ പരീക്ഷകളെല്ലാം താനെ ചേൎന്നു ജയിയ്ക്കുകയാണുണ്ടായതു. അങ്ങിനെയിരിയ്ക്കെ പ്രശസ്തകലാശാലകളിൽ മാത്രം കണ്ടുവരുന്ന പാരമ്പൎയ്യങ്ങൾ അവിടുന്നു് പരിപാലിയ്ക്കാനിടയായതെങ്ങിനെയെന്നു് പലൎക്കു അന്നു് ആശ്ചര്യത്തിന്നിടയാക്കിയിട്ടുണ്ടു് ശിഷ്യഗണങ്ങളെ സ്വന്തം സന്താനങ്ങളെപ്പോലെ

വാത്സല്യപുരസ്സരം ആ മാതൃകാചാര്യൻ കരുതിവന്നിരു ന്നുവെന്നു് ആദ്യം സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഭാരതത്തിലെ "ഗു രുകുല"സമ്പ്രദായം ആ മനോഭാവത്തിന്നു് മാൎഗ്ഗദൎശിയെന്നു കരുതാവുന്നതാണു്. ഏതു വിദ്യാൎത്ഥിയ്ക്കും സ്വന്തം അമ്മ യേയോ അച്ഛനേയോ, സമീപിയ്ക്കുന്നതുപോലെ ആ പ്രശ സ്തഗുരുവിനെ പ്രാപിയ്ക്കാവുന്നതാണു്. എന്നാൽ അവരെ വസതിയിലേയ്ക്കു ക്ഷണിച്ചു വിരുന്നൂട്ടു കഴിയ്ക്കുവാനും, അവരുമായി സരസസല്ലാപം നടത്താനുമുള്ള കൌതുകം പൌരസ്ത്യാചാൎയ്യന്മാരിൽ പ്രാമാണികന്മാരിൽ പോലും കാണാത്ത ഒരു വിശേഷഗുണമാണു്. മഹാരാജാസ് കോ ളേജിലെ മററു പ്രൊഫസർമാരും ഈ സമ്പ്രദായം സ്വീ കരിച്ചതായി കേട്ടിട്ടില്ല. സീനിയർ ക്ലാസ്സുകാൎക്കാണു് ഈ ഭാഗ്യം പലപ്പോഴും സിദ്ധിയ്ക്കാറുള്ളതു്. അദ്ധ്യാപനം മ തിയാക്കി പരീക്ഷയ്ക്കു പഠിയ്ക്കുവാൻ അദ്ധ്യേതാക്കൾക്കു ഒ ഴിവുകൊടുക്കുമ്പോഴാണു് ഒടുവിലത്തെ വിരുന്നൂട്ടു്. അന്നു ഞങ്ങളെല്ലാവരും അത്യുത്സാഹത്തോടെ പ്രൊഫസ്സരുടെ വീട്ടിൽ നാലുമണിയ്ക്കു് ഹാജരായി. കറുത്ത കരയുള്ള നേ രിയതുടുത്തു് ഇടത്തെ തോളിൽ ഒരു ചെറിയ കസവുമുണ്ടിട്ടു് തിരുമേനി ഞങ്ങളെ എതിരേല്ക്കാൻ തെയ്യാറുണ്ടായിരുന്നു. ചന്ദനക്കുറിയുടെ നടുക്കായി രക്തചന്ദനപ്പൊട്ടു തൊട്ടുനി ല്ക്കുന്ന തിരുമേനിയിൽ അന്നു് ഒരുജ്ജ്വലകാന്തി പ്രവഹി ച്ചിരുന്നു. ഷർട്ടു് മുതലായവ തമ്പുരാൻ കോളേജിലേയ്ക്കു വ രുമ്പോഴോ, പൊതുസ്ഥലങ്ങളിൽ പോകുമ്പോഴോ മാത്രമേ ധരിയ്ക്കാറുള്ളു. "രക്തചന്ദന"പ്പൊട്ടു് "രാജരാജ"നു "ശാക്തേയ" വൃത്തിയിലുള്ള ആസക്തിയ്ക്കു പ്രത്യക്ഷ

ചിഹ്നമായി ആ സുവൎണ്ണകളേബരത്തിൽ പരിലസിച്ചു. ഒരസാമാന്യപുരുഷന്റെ സന്നിധിയിലാണ് തങ്ങൾ നില്ക്കുന്നതെന്നുള്ള ബോധം ആ കാണികളുടെ കരളിൽ താനെ ജനിപ്പിയ്ക്കുന്ന ഒരു തേജോവിശേഷം, ലക്ഷ്മിയും സരസ്വതിയും ഒരുപോലെ പരിലാളിച്ചിരുന്ന ആ മഹാനിൽ കുടികൊണ്ടിരുന്നു. കൊല്ലം തോറും തന്റെ കൊട്ടാരത്തിൽ—* മാവേലിക്കരെ—മദ്ധ്യവേനൽക്കുല്പന കാലത്ത് ഒരു നാടകം അഭിനയിയ്ക്കുക പതിവുണ്ടായിരുന്നു. സംസ്കൃതനാടകങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തിയതെല്ലാം ആ ആവശ്യത്തിലേയ്ക്കായിരുന്നു. അന്നുച്ചക്ക് എഴുതിത്തീൎന്നതു് തന്റെ അന്തേവാസിയായ ഒരു ശാസ്ത്രി ഞങ്ങളെ വായിച്ചുകേൾപ്പിയ്ക്കുകയുണ്ടായി. ചാരുദത്തൻ നാടകമാണെന്നാണ് ഓൎമ്മ. അതു പകുതിയാകുന്നതിനുമുമ്പ് മധുരപലഹാരങ്ങൾ പലതും ഞങ്ങളുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പലരുടേയും കണ്ണും കരളും അവയിലേയ്ക്കു പായുന്നതുകണ്ടു്, തിരുമേനി, "അതിലും രസമുള്ളവ വരാൻ തുടങ്ങി, അതുകൊണ്ടു് ശാസ്ത്രികളെ, ഇനി വായന മതിയാക്കാം" എന്നു കല്പിച്ചു. ഞങ്ങൾ ചിരിയടക്കി. "മേനോൻ! വടക്കില്ലാത്തതു് ഏതൊക്കെയാണെന്നു പറയണം." എന്നൊരാജ്ഞ എന്റെ നേൎക്കും വിട്ടു.

"രാജസല്ക്കാരങ്ങൾ ലഭിയ്ക്കുവാനുള്ള ഭാഗ്യം ഇതിനു മുമ്പുണ്ടായിട്ടില്ല; അതുകൊണ്ടു കിടച്ചതു കല്യാണമെന്നു

---

* ഇവിടെയായിരുന്നു അദ്ദേഹം വിവാഹം ചെയ്തിരുന്നതു്. തിരുമേനി ജനിച്ചതു് അനന്തപുരത്തു് കൊട്ടാരത്തിലാണ്. വിവാഹാനന്തരം മിക്കവാറും മാവേലിക്കരെയായിരുന്നു താമസം.

പറയാറുന തല്ക്കാലം നിവൃത്തിയുള്ളൂ" എന്നു ഞാനും തട്ടി മൂളി.

തിരുമേനി:—"ഭക്ഷണകാര്യത്തിലും രസവാദികളും ആന ന്ദവാദികളുമുണ്ട്. സാഹിത്യത്തിൽ മാത്രമല്ല കാളൻ മുതലായ കറികളുടെ കട്ടരസത്തിൽ രുചിക്കുട്ടുന്നവർ രസവാദികൾ, പ്രഥമൻ മുതലായ മധുരപദാർത്ഥങ്ങ ളിൽ മയങ്ങുന്നവർ ആനന്ദവാദികൾ. ഇതിൽ ഈ മൂലയ്ക്കുള്ളവർ ഏതിൽപ്പെടും?"-അവിടുന്നു ഞങ്ങളുടെ കോണിലായിരുന്ന സ്ഥാനമുറപ്പിച്ചതു്.

അടുത്തുള്ള എൻെറ സതീർത്ഥ്യൻ മറുപടി പറയാൻ എന്നെ തോണ്ടി തിരുവനന്തപുരത്തുകാർ പലക്കും അ വിടത്തോടു നേരിട്ടു സംസാരിയ്ക്കുവാൻ സങ്കോചമുണ്ടായി രുന്നു. അവരോടുള്ള പെരുമാററത്തിൽ യാതൊരു വ്യ ത്യാസവും അവിടുന്നു കാണിച്ചിരുന്നില്ല. അവിടുത്തെ പദവിയും ആഭിജാത്യവും അവരിൽ താനേ ഉളവാക്കിയ വിനയാദരമാണു് ആ സങ്കോചത്തിന്നടിസ്ഥാനം.

ഞാൻ:—രസവും ആനന്ദവും തിരിച്ചറിയാനുള്ള വകതി രിവു് ഞങ്ങൾക്കു വന്നിട്ടില്ല രസം ആനന്ദത്തിലേയ്ക്കു നയിയ്ക്കുന്നുവെന്നാണു് ഞങ്ങളുടെ അനുഭവം. ആനന്ദം തനിയെ വരുന്നതല്ലല്ലോ. അതിനു ചില കാരണ ങ്ങൾ വേണ്ടേ? അവയിൽ രസം ഒരു പ്രധാനഘടക മല്ലേ?

തിരുമേനി:—മേനോൻ ഇപ്പോൾ "പ്രയോഗികാ"നുഭവ ത്തെയാണു് അവലംബിയ്ക്കുന്നതു്. സാഹിത്യം സങ്ക

ല്പലോകത്തിലാണു് സ്ഥിതിചെയ്യുന്നതും. ഈ വാദം ഏതുകൂട്ടത്തിൽ തീരുമാനിയ്ക്കുവൻ പ്രയാസമാണു്. ഇത്രയും മധുരപദാൎത്ഥങ്ങൾ മുമ്പിലിരിയ്ക്കുമ്പോൾ വിശേഷിച്ചും—

ആ സായാഹ്നവിരുന്നോടുകൂടി അവിടുന്നുമായുള്ള ഞങ്ങളുടെ ബന്ധം അവസാനിച്ചു. അത്ര സുഖകരവും സൌഹാൎദ്ദസുന്ദരവുമായ ഒരു സല്ക്കാരം അതിനുമുമ്പും പിമ്പും ഞാൻ അനുഭവിയ്ക്കുകയുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയാണു് ഇന്നും ആ മധുരസ്മരണ മായാതെ നില്ക്കുന്നതു്.

# എന്നെ ഏററവും ആകർഷിച്ച ഗ്രന്ഥം*

ജീവിതയാത്രയിൽ കുറെ കടന്നുപോയാൽ ഒന്നു പിന്നോക്കം തിരിഞ്ഞുനോക്കാൻ തോന്നാറുണ്ട്. അതിലൊരു രസവുമുണ്ട്. നമ്മുടെ അഭിരുചിയ്ക്കും അഭിപ്രായത്തിനും ഓരോപ്രായത്തിൽ മാററങ്ങളുണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ മനസ്സിന്റെ അടിത്തട്ടിന് ഇളക്കവും തട്ടീട്ടുണ്ടാവാം. വിദ്യാഭ്യാസവും അനുഭവവും അതിൽ പലതും കടത്തിവിട്ടിട്ടുണ്ട് ചിലത് പൂരങ്ങളെപ്പോലെ വരുമ്പോൾ ഒരു ചലനമുണ്ടാക്കും; അതു കഴിഞ്ഞാൽ പോവും. ചിലത്—സന്തോഷസന്താപങ്ങൾ—കുറച്ചുകാലം നില്ക്കും. ഇവയിലൊന്നും പെടാതെ മററു ചിലത്—വാത്സല്യപ്രേമാദികൾ—സ്ഥായിയായി അത്യന്തം തങ്ങിക്കൂടും. കാലം കുറെ ചെന്നു ഓരോന്നിന്റെയും ആകത്തുക അളന്നുനോക്കുമ്പോൾ

---

* 10-3-1948; 25-3-1948; 1-5-1948; 15-5-1948—ഈ തിയ്യതികളിലെ 'ലോകവാണി' മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ.

പലതും തള്ളിയുന്തി അന്നിനിരക്കും. അതിലൊന്നു അടിയുറച്ചു "ആദ്ധ്യവസാനം" വഹിയ്ക്കുന്നതായി കാണാം. അതു് ഓരോരുത്തരുടേയും ജന്മവാസനയനുസരിച്ചു ഈശ്വരനിലോ, ഒരു മഹാനിലോ, മഹതിയിലോ, ഒരു മഹാഗ്രന്ഥത്തിലോ ഉറച്ചുനില്ക്കുന്ന ഭക്തിയും ആദരവുമായിരിയ്ക്കും

എന്റെ ഉള്ളിൽ കുട്ടിക്കാലം മുതല്ക്കു നാളിതുവരെ കൊടിനാട്ടി വാഴുന്ന ഒരു മഹാശക്തിയാണു്• തുഞ്ചത്തെഴുത്തച്ഛൻ കേരളീയർക്കു് ഒരാചാര്യൻ കവികൾക്കു ഒരു മാർഗ്ഗദർശി അഥവാ മാതൃക, ലൌകികന്മാർക്കു് പതറാത്ത ഒരുപദേഷ്ടാവു്, വേദാന്തികൾക്കു ഒരു പരമഭക്തൻ, പൌരാണികന്മാർക്കു് ഒരു പരമാത്ഥ। ഇങ്ങനെ പല അവസ്ഥഭേദങ്ങളോടുകൂടി നമ്മെ സമീപിച്ചു പുഞ്ചിരിതൂകി ഗൌരവം കൊള്ളുന്ന ആ പുണ്യാത്മാവു് എന്റെ അകത്തു് എഴുന്നള്ളിയിരുന്നതു് എന്നാണെന്നു ആലോചിച്ചുനോക്കുമ്പോൾ, അങ്ങേയറ്റംവരെയെത്തുന്ന ഒരു നേരിയ വെളിച്ചം എന്റെ മനോദൃഷ്ടിയിൽ പ്രകാശിയ്ക്കുന്നുണ്ടു്. ഈ വെളിച്ചം എന്റെ കുട്ടിക്കാലത്തു നടന്ന ഒരു ചെറിയ സംഭവംവരെ എത്തുന്നു.

അന്നെനിയ്ക്കു് ആറോ ഏഴോ വയസ്സായിരിയ്ക്കണം. ഒരു ദിവസം ഞാൻ വീട്ടിന്റെ മുററത്തു കളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ തൊടിയിൽ ഒരു പശു കടന്നു വാഴയില മുതലായവ കടിച്ചുവലിയ്ക്കുവാൻ തുടങ്ങി അതിനെ ആട്ടാനായി ഞാൻ ഒരു ചെറിയ കല്ലെടുത്തു് അതു നില്ക്കുന്ന സ്ഥലം നോക്കി ഒരേറു് എറിഞ്ഞു. തൊടിയിലേയ്ക്കു കടന്നു ചെല്ലുകയും ചെയ്തു. ഏറുകൊണ്ടു് പശു എന്റെ

നേക്കു തിരിഞ്ഞു കുത്താനോടിവന്നു. ഞാൻ പേടിച്ചു നില വിളിച്ചു് മുററത്തേയ്ക്കോടി. മുററം തൊടിയേക്കാൾ താണ തായിരുന്നതിനാൽ, അതിലേയ്ക്കു് ഇറക്കിക്കെട്ടിയിട്ടുള്ള ഒതുക്കു്, ഓടിയിറങ്ങുമ്പോൾ പരിഭ്രമിച്ചു് ഞാൻ വീണു. നിലവിളികേട്ടു് ആരോ ഓടിവന്നു് എന്നെ എടുത്തു. മുഖത്തും മേലും കുറേശ്ശ പരിക്കുകൾ പററിയിരുന്നു. ചുണ്ടത്തും മററും പററിയിട്ടുള്ള മുറിവുകളിൽ പഞ്ചസാര പുരട്ടി എന്നെ തെക്കിനിയിൽ കിടത്തി. ഞാനൊന്നു മയങ്ങിയിരിയ്ക്കണം. സന്ധ്യയായപ്പോഴേക്കു് എനിയ്ക്കു കുറേശ്ശ പനിയും വന്നു. അമ്മ കുറച്ചു ഭസ്മം എൻെറ നെററിയിന്മേൽ തേച്ചു്, ഏതാണ്ടു ജപിയ്ക്കുന്നതുപോലെ ഉച്ചരിയ്ക്കുവാൻ തുടങ്ങി. "അമ്മ ജപിയ്ക്കുന്നതു് എനിയ്ക്കുകൂടി കേൾക്കാമെങ്കിൽ ഉറക്കെ പറയൂ" എന്നു് ഞാൻ ആഗ്രഹം പ്രത്യക്ഷമാക്കിയപ്പോൾ

"അങ്ങിനെയുള്ള പോർ കണ്ടുനില്ക്കുന്നേര
മെങ്ങിനെയെന്നറിഞ്ഞീലഗസ്ത്യൻ തദാ
രാഘവൻ തേരിലിറങ്ങിനിന്നീടിനാ–
നാകാശദേശാൽ പ്രഭാകരസന്നിഭൻ."

എന്നു മുറയ്ക്കു തുടങ്ങി. അതവസാനിച്ചതോടുകൂടി എൻെറ തലയ്ക്കു രണ്ടുത്തും ഊതി. അപ്പോൾ എനിയ്ക്കു കൌതുകം വർദ്ധിച്ചു. "അമ്മ ഈ ജപിച്ചതു് എന്താണു്? ഇതുകൊണ്ടു് പനിമാറോ?" എന്നായി ഞാൻ.

"ഇതു് ആദിത്യഹൃദയം" മന്ത്രമാണു്. ഇതു ജപിച്ചാൽ ഏതു രോഗവും ഭയപ്പാടും നീങ്ങും. നിന്നെ തൊട്ടു ജപിച്ചതു് നിൻെറ പേടിയും പനിയും മാറാനാണു്."

"ഇതമ്മയ്യാരാണ് പറഞ്ഞു തന്നതു്?" ഞാൻ വീണ്ടും തിരക്കി.

"അദ്ധ്യാത്മരാമായണത്തിലുള്ളതാണ്. എൻെറ അമ്മ ഇതു പഠിച്ചു ദിവസേന വൈകുന്നേരം ജപിച്ചിരുന്നു. എന്നോടും അങ്ങനെ ചെയ്യണമെന്നുപദേശിയ്ക്കുകയുണ്ടായി. ഇന്നു ജപിയ്ക്കുന്നതു് നിന്നെത്തൊട്ടിട്ടാകയാൽ നിനക്കും സുഖം കിട്ടുമല്ലോ എന്നു വിചാരിച്ചു ചെയ്തതാണ്."

പിറേറ ദിവസത്തേയ്ക്കു്, ആദിത്യഹൃദയമന്ത്രശക്തി കൊണ്ടോ, എന്തോ, എനിയ്ക്കു സുഖക്കേടു ഭേദമായി. പിന്നീടു് അദ്ധ്യാത്മരാമായണം വീട്ടിലാരെങ്കിലും വായിയ്ക്കുന്നതു കേട്ടാൽ ഞാൻ മുന്നിലിരിയ്ക്കുന്നതു പതിവായി. ഇങ്ങനെയാണ് എഴുത്തച്ഛൻെറ കൃതികളുമായി എനിയ്ക്കുണ്ടായ ആദ്യത്തെ പരിചയം. അന്നു്, അദ്ധ്യാത്മരാമായണകത്താവിനെപ്പററി യാതൊരറിവുമില്ല. രാമായണം വായന കേട്ടും വീട്ടിലുള്ളവർ എൻെറ കൌതുകം കണ്ടു് അതിലെ ഓരോ കഥകൾ പറഞ്ഞുതന്നും, എന്നിലുദിച്ചു യന്ന കൌതുകം ഭക്തിയായി രൂപാന്തരപ്പെടുവാൻ അധികതാമസം വേണ്ടിവന്നില്ല. പക്ഷെ എൻെറ വളച്ച്യനുസരിച്ചു് എൻെറ ഭക്തിയ്ക്കു് ഇടയ്ക്കിടയ്ക്കു് ഇളക്കം തട്ടാതിരുന്നില്ല. എൻെറ ഒരു ചെറിയമ്മ അദ്ധ്യാത്മരാമായണത്തിൽ അഹല്യാമോക്ഷം ദിവസേന ചൊല്ലുക പതിവുണ്ടായിരുന്നു. ഒരു ദിവസം അവരുടെ പിന്നാലെക്കൂടി ആ കഥ വിസ്തരിച്ചു പറയിച്ചു. ഇതെന്തിനാണിങ്ങനെ ദിവസവും ചൊല്ലുന്നതെന്നു ചോദിച്ചപ്പോൾ, സ്ത്രീകൾക്കു് അതു പ്രത്യേകരക്ഷയാണെന്നുമാത്രം പറഞ്ഞു മടക്കി. അ

ഹല്യ ചെയ്ത അപരാധമെന്തെന്ന് എനിയ്ക്കന്നു വ്യക്തമായിരുന്നില്ല. പക്ഷെ അവരെ കല്ലായിപ്പോകുവാൻ ശപിച്ചതു കഠിനമായിപ്പോയെന്നു തോന്നുകയും ചെയ്തു. അഹല്യ ശ്രീരാമപാദസ്പർശംകൊണ്ട് വീണ്ടും സ്ത്രീരൂപം പ്രാപിച്ചതിനുശേഷം നന്ദിപൂർവ്വം അനുഗ്രഹത്തെ സ്തുതിയ്ക്കുന്നതും മററും കേൾക്കുന്നവർക്ക്, അവരെപ്പററി ബഹുമാനവും അനുകമ്പയും ജനിയ്ക്കാതിരിയ്ക്കയില്ല. അതെങ്ങിനെയായാലും അഹല്യാമോക്ഷവും ആദിത്യഹൃദയവും ഉൾക്കൊണ്ട അദ്ധ്യാത്മരാമായണത്തിന് മററു ഗ്രന്ഥങ്ങളേക്കാൾ മാഹാത്മ്യമുണ്ടെന്നു തോന്നുകയാൽ, എനിയ്ക്കു വായിയ്ക്കാറായതോടുകൂടി ഞാനും ആ ഗ്രന്ഥം നിത്യപാരായണം ചെയ്തുതുടങ്ങി പക്ഷെ അർത്ഥം മനസ്സിലാകാതെ പലപ്പോഴും വിഷമിയ്ക്കേണ്ടിവന്നിട്ടുണ്ട്. നിത്യപാരായണം ചെയ്യുന്നവർ വീട്ടിലും അയൽവക്കത്തും ധാരാളമുണ്ടായിരുന്നുവെങ്കിലും ശരിയായി അർത്ഥം മനസ്സിലാക്കിയിരുന്നവർ കുറവായിരുന്നു. നാട്ടെഴുത്തച്ഛന്മാരുടെ രാമായണവായനയ്ക്കു രാഗം കൂടുമെന്ന മാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു അർത്ഥത്തിനു അവർക്കും ക്ലേശം തന്നെയായിരുന്നു. അല്ലെങ്കിൽ "പൊട്ടിക്കൽ ബാലിയും" വാനരനായ "കമ്മാര"നും ഭാഷയ്ക്കു ദാനമായി അവരിൽനിന്നു കിട്ടുകയില്ലായിരുന്നു.

എന്റെ പ്രാഥമികവിദ്യാഭ്യാസം പഴയ മട്ടിലായിരുന്നു. "ശ്രീ"ത്തിനെന്ന് "അമരം" പിടിച്ചുകൊണ്ടിരുന്നു, അന്നത്തെ ഗണപതിക്കയ്യ് അതു കഴിഞ്ഞതിനുശേഷമേ സംസ്കൃതമോ മലയാളമോ പഠിയ്ക്കേണ്ടതെന്നു

തീൎച്ചയാക്കിയിരുന്നുള്ളു. സ്കൂളും മാസ്റ്ററും ഒന്നു് അവിടെ
തലപൊന്തിയ്ക്കാൻ തുടങ്ങിയിരുന്നതേയുള്ളു. നാട്ടെഴുത്ത
ശ്ശന്മാർ തന്നെയാണു് സ്കൂളുകളിലേയ്ക്കു് മാസ്റ്റർമാരായി
ആദ്യം പകൎന്നതു്. എൻെറ "അമരം" പകുതിയായ
പ്പോൾ എഴുത്തശ്ശൻ സ്കൂൾ തുടങ്ങി. സ്കൂൾ വിദ്യാഭ്യാസ
ത്തിന്നു് അമരം അസ്ഥിവാരമായി നിന്നപ്പോൾ എൻെറ
രാമായണവായനയ്ക്കും ശക്തികൂടി. ഉച്ചയ്ക്കുള്ള ഒഴിവിൽ
എഴുത്തശ്ശനും രാമായണം വായിയ്ക്കാറുണ്ടായിരുന്നു. ഇ
ങ്ങനെ പലരും വായിയ്ക്കുന്നതു കേൾക്കാനിടയായപ്പോൾ
അൎത്ഥത്തിന്നു് ക്ലേശങ്ങൾ കുറഞ്ഞുവന്നു. കടിച്ചാൽ പൊ
ട്ടാത്ത സംസ്കൃതം വരുമ്പോഴേ ദുൎഘടമുണ്ടായിരുന്നുള്ളു.
പക്ഷെ, അതോടുകൂടി എൻെറ അഭിപ്രായങ്ങൾക്കും വീക്ഷ
ണഗതിയ്ക്കും മാററം വന്നുതുടങ്ങി. സീതാസ്വയംബരം,
പരശുരാമഗൎവ്വഭംഗം, ബാലിസുഗ്രീവയുദ്ധം, സുന്ദര
കാണ്ഡം മുഴുവനും—പ്രത്യേകിച്ചു് ഹനുമാനും രാവണനു
മായുള്ള സംഭാഷണം-ഇന്ദ്രജിത്തിൻേറയും രാവണൻേറയും
യുദ്ധം, സീതയുടെ അഗ്നിപ്രവേശം എന്നീ ഭാഗങ്ങൾ വാ
യിയ്ക്കുവാൻ കൌതുകം വൎദ്ധിച്ചു. അതുപോലെതന്നെ
അഹല്യാമോക്ഷത്തിൽ ഗൌതമശാപം, വിച്ഛിന്നാഭി
ഷേകം, ശൂൎപ്പണഖയുടെ അംഗഭംഗം, ബാലിവധം, യുദ്ധം
നടക്കുമ്പോൾ നികുംഭിലയിൽ ചെന്നു വാനരന്മാർ മേഘ
നാദൻ, രാവണൻ ഇവരുടെ ഹോമം മുടക്കുന്ന വിവരണം,
എന്നീ ഭാഗങ്ങളിൽ കുറേശ്ശ വിപ്രതിപത്തിയും ജനിച്ചു. ഈ
സന്ദൎഭങ്ങളിൽ ചില പൊരുത്തക്കേടു് എനിയ്ക്കനുഭവപ്പെ
ട്ടുതുടങ്ങി. ചുരുക്കത്തിൽ, അദ്ധ്യാത്മരാമായണത്തോടു

എനിയ്ക്കുള്ള മനോഭാവം, പൊതുവെ സ്വഭാവഗുണമുള്ള വനും എന്നാൽ ചില ദുശ്ശീലങ്ങൾ വിടാതിരിയ്ക്കുന്നവനുമായ ഒരു സുഹൃത്തിനോടുള്ള സ്നേഹബഹുമാനത്തിനു തുല്യമായി. അദ്ദേഹത്തിന്റെ ഗുണാതിശയത്തിൽ ബഹുമാനസ്നേഹം, ദുസ്വഭാവത്തിൽ പരിതാപവും അനുകമ്പയും, എന്നീ മട്ടായി. അങ്ങിനെയിരിയ്ക്കുമ്പോഴാണ്, എഴുത്തച്ഛന്റെ മഹാഭാരതത്തിൽ എന്റെ ദൃഷ്ടി പതിഞ്ഞതു്. മഹാഭാരതം ഒരു പ്രാവശ്യം വായിച്ചതോടുകൂടി അതെന്റെ ഹൃദയം കവൎന്നു കഴിഞ്ഞു.

മഹാഭാരതബന്ധത്തിന്റെ മൂലവും ഒരു സംഭവമാണു്. എന്റെ അയൽവക്കത്തു് കളംപാട്ടുകഴിയ്ക്കുന്ന കുറുപ്പന്മാരുടെ ഒരു വീടുണ്ടു്. അതിൽ ഗോവിന്ദക്കുറുപ്പ് എന്നൊരാംഗം അന്നു ജീവിച്ചിരുന്നു. എന്റെ കുട്ടിക്കാലത്തു് അദ്ദേഹവുമായി ഒരു മമതാബന്ധം താനെ വന്നുചേരുകയുണ്ടായി. സാമാന്യം നല്ല "വികൃതി"യാണെന്നുള്ള പേര് ഞാൻ ബാല്യകാലത്തു സമ്പാദിച്ചിട്ടുണ്ടു്. അതിന്റെ അനുബന്ധമായി ചില കഠിനശിക്ഷകളും എന്റെ രക്ഷിതാക്കന്മാർ എനിയ്ക്കു സമ്മാനിയ്ക്കാറുണ്ടായിരുന്നു. ശിക്ഷാരംഗങ്ങൾ ദിവസത്തിനു് ഒന്നുകണ്ടെങ്കിലും ഉണ്ടായിട്ടില്ലെങ്കിൽ അന്നെനിയ്ക്കു വല്ല രോഗവും പിടിപെട്ടിട്ടുണ്ടെന്നു് അനുമാനിക്കാവുന്നതാണു്. ആ വക ഘട്ടങ്ങളിലെല്ലാം എന്റെ ഭാഗം വക്കാലത്തില്ലാതെ വാദിയ്ക്കുന്ന ഒരാളായിരുന്നു മേല്പറഞ്ഞ ഗോവിന്ദക്കുറുപ്പ്. രാമായണവും ഭാരതവും വായിച്ചു് അൎത്ഥം പറഞ്ഞുകൊടുക്കത്തക്ക പാണ്ഡിത്യവും അദ്ദേഹത്തിനുണ്ടായിരുന്നു. "വികൃ

തിക്കുട്ട”നെന്നു വിളിച്ച് എന്നെ പലപ്പോഴും അദ്ദേഹം ഓമനിയ്ക്കുകയും കളിപ്പിയ്ക്കുകയും ചെയ്യാറുണ്ട്. അങ്ങിനെയിരിയ്ക്കുയാണ് ഞാൻ ഒരു ദിവസം എൻെറ തൊടിയിൽ നിന്ന് ഗോവിന്ദക്കുറുപ്പിൻെറ തൊടിയിൽ നില്ക്കുന്ന മാവിന്മേലെ മാങ്ങയ്ക്ക് ഉന്നം വെച്ച് ഒരേറ് എറിഞ്ഞത്. ആ ഏറിന് ഒരേ വരിയായി നിന്നിരുന്ന നാലു മാങ്ങ ഒന്നിച്ചു വീണു. കല്ലും മാങ്ങയും ഗോവിന്ദക്കുറുപ്പിൻെറ മുററത്തു വീണു. കുറുപ്പു മുററത്തിറങ്ങി “ആരാ ഈ എറിഞ്ഞത്? ഇങ്ങിനെ കണ്ണും മൂക്കുമില്ലാതെ എറിയുന്നതാലോ?” എന്ന് ഉറക്കെ വിളിച്ചു ചോദിച്ചു. ചെയ്തത് അബദ്ധമായയെന്നോർത്ത് ഒരു മരം മറഞ്ഞു നിന്നു ഞാൻ ഉടനെ “ഞാനാണെറിഞ്ഞത്. അബദ്ധത്തിൽ പററിപ്പോയി. ദേഷ്യപ്പെടരുതേ!” എന്ന് അങ്ങോട്ടും വിളിച്ചുപറഞ്ഞു, അദ്ദേഹത്തിൻെറ വീട്ടിലേയ്ക്ക് ഓടിച്ചെന്നു.

എന്നെക്കണ്ട ഉടനെ ഗോവിന്ദക്കുറുപ്പിൻെറ സ്വരം വാത്സല്യത്തിൽ പുരണ്ടു മധുരമായി. “വികൃതിക്കുട്ടനേ ഇങ്ങനെ ചെയ്യു എന്നു വിചാരിച്ചു. പക്ഷെ ഇതു വല്ലവരുടേയും തലയിൽ കൊണ്ടാലോ? കല്ലെടുത്തെറിയുമ്പോൾ നാലുപുറവും നോക്കണ്ടേ? പിന്നെ മാങ്ങ വേണമെന്നു പറഞ്ഞാൽ ഞാൻ തരില്ലേ എൻെറ കുട്ടന്?” എന്നു സ്നേഹപൂർവ്വം എന്നെ എതിരേററു.

“ഞാനിത്ര കരുതിയില്ല. കുറുപ്പേ. അതുകൊണ്ട് മാപ്പുതരണം. ഉച്ചനേരത്ത് പുറത്തെങ്ങും ആരും ഉണ്ടാവില്ലെന്നും വിചാരിച്ചു. കല്ല് കയ്യിന്നു വിട്ടപ്പോൾ ഊക്ക് കൂടിപ്പോയി.”

"കുട്ടന് ഉറക്ക പിന്നെ കൂട്ടകതന്നെയാണ്. വളരുക യല്ലേ? ഒരേറിന് മാങ്ങ നാലാണ് വീണതു്."

"ഇതെല്ലാം എൻെറ ഏറിനു വീണതാ!" ഇതു കണ്ട പ്പോൾ ഏതാ ഈ "കുട്ടിയർജ്ജുനൻ" എന്നാണ് എനിയ്ക്കു തോന്നിയതു്. എഴുത്തച്ഛൻ അർജ്ജുനനേറയും ഭഗദത്ത ൻെറയും യുദ്ധം വർണ്ണിയ്ക്കുമ്പോൾ വിവരിച്ചതു കേട്ടിട്ടില്ലേ?

"വാരണവീരൻ തലയററു വില്ലററു
വീരൻ ഭഗദത്തൻ തൻെറ തലയററു
നാലാമതാന തൻ വാലുമരിഞ്ഞിട്ടു
കോലാഹലത്തോടെ വീണിതു ബാണവും!"

അതുപോലെയല്ലേ വികൃതിക്കുട്ടൻെറ പ്രയോഗം ഇവിടെ യുണ്ടായതു്? ഇതു കേട്ടപ്പോൾ ആ കഥയെനിയ്ക്കു പറ ഞ്ഞുതരണമെന്നു ഞാൻ കുറുപ്പിനോടു കിണഞ്ഞു. ഭഗ ദത്തൻെറ ആന ഭീമസേനനെ മേല്പോട്ടെറിഞ്ഞ് കൊമ്പു മേല്പോട്ടാക്കി നില്ക്കുമ്പോഴാണ് അർജ്ജുനൻ അമ്പെയ്ത തെന്നും അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ ഭീമൻ താഴോട്ടു വീഴുമ്പോൾ ആനയുടെ കൊമ്പിന്മേൽ വീണുമരിയ്ക്കുമായി രുന്നെന്നും ഗോവിന്ദക്കുറുപ്പ് വിസ്തരിച്ച് എന്നെ മനസ്സി ലാക്കി. ആനയുടെ പൊന്തിച്ച കഴുത്തും ഭഗദത്തൻെറ വില്ലും തലയും ഒരേ നടാനത്തിലാകയാൽ ഒരമ്പുകൊണ്ട് മുറിയ്ക്കാൻ സാധിയ്ക്കുമെന്ന് എനിയ്ക്ക് ഒന്നുകൂടി അദ്ദേഹം വിശദമാക്കി—വാലിൻെറ കാര്യം എന്നെ പരീക്ഷിയ്ക്കാ നായിരിയ്ക്കണം-അദ്ദേഹം എടുത്തു പറഞ്ഞില്ല. എന്നാൽ നിന്ന് ഒരു ചോദ്യം പ്രതീക്ഷിയ്ക്കുന്നപോലെ എന്നെ ഒന്നു സൂക്ഷിച്ചുനോക്കി. "അപ്പോൾ വാലു മുറിയ്ക്കുവാൻ അമ്പു

താഴോട്ടുവന്നുവോ?" എന്ന ഞാൻ ജിജ്ഞാസ വെളിവാക്കി. കുറുപ്പ് ഉടനെ എഴുത്തച്ഛനെ ഗന്ധർവ്വനാക്കി. വ്യാസൻ കാണാത്ത പലതും എഴുത്തച്ഛൻ കണ്ടിട്ടുണ്ടെന്നും അതിലൊന്നാണ് ഈ വാലിൻെറ സംഗതിയെന്നും പറഞ്ഞു് ഒഴിയുവാൻ നോക്കി. ഞാൻ വിട്ടില്ല. അദ്ദേഹത്തിൻെറ വീട്ടിൻെറ ചുവരിന്മേൽ ഒരാനയുടെ ചിത്രം വരച്ചതു് എൻെറ ദൃഷ്ടിയിൽപെട്ടു. ഓടുന്ന ഒരാനയുടെ ചിത്രം. വാൽ ഉയൎന്നു നില്ക്കുന്നു. ചില പഴയ പോക്കളചിത്രങ്ങളിലും ആനവാൽ പൊക്കിപ്പിടിച്ചു് ഓടുന്നതായി വരച്ചതും എനിയ്ക്കപ്പോഠം ഓൎമ്മവന്നു. ഗോവിന്ദക്കുറുപ്പിനെ വിവരം ധരിപ്പിച്ചപ്പോഠം, വാൽ ഉയൎന്നു നില്ക്കുകയാണെങ്കിൽ ഭഗദത്തൻെറ തലയററതിൽ പിന്നെ ആനയുടെ വാലും അതോടുകൂടിപ്പോകുമെന്നു് അദ്ദേഹം സമ്മതിച്ചു. വ്യാസനെപ്പററിയും ഞാനന്വേഷണം ചെയ്തു. അന്നാണു് മഹാഭാരതം മൂലത്തിൻെറ കൎത്താവു് വ്യാസനാണെന്നു മനസ്സിലായതു്. രാമായണം എഴുതിയ എഴുത്തച്ഛൻ തന്നെയാണോ മഹാഭാരതം എഴുതിയ ഗന്ധൎവ്വനായ എഴുത്തച്ഛൻ എന്ന സംശയത്തിനും അദ്ദേഹം പരിഹാരം നല്കി. ഇനി എഴുത്തച്ഛൻെറ ഈ കൃതി എനിയ്ക്കു വായിച്ചു് അൎത്ഥം പറഞ്ഞുതരണമെന്നും ഞാൻ കുറുപ്പിനോടപേക്ഷിച്ചു. പിറേറദിവസം മുതല്ക്കു് ഞാൻ ഗോവിന്ദക്കുറുപ്പിൻെറ വീട്ടിൽ ഉച്ചയ്ക്കൂണു കഴിഞ്ഞാൽ ഭാരതം വായന കേഠക്കാൻ ഹാജരായിത്തുടങ്ങി. മുഖവുരയായി, ഭാരതം രാമായണം പോലെ നിത്യപാരായണം ചെയ്യാറില്ലെന്നും അതിലെ കഥ ഒരു കുടുംബകലഹത്തെപ്പററിയാ

കയാൽ ആ കലഹം വായിയ്ക്കുന്നവൻെറ വീടിനേയും ബാധിച്ചേയ്ക്കുമോ എന്നൊരന്ധവിശ്വാസം നാടന്മാരുടെ ഇടയിലുണ്ടെന്നും എന്നെ ധരിപ്പിച്ചു. അതോടുകൂടി "പൎവ്വം * വായിച്ചാൽ സൎവ്വോമറിയാം" എന്ന പഴഞ്ചൊല്ലും എനിയ്ക്കു പറഞ്ഞുതന്നു. അതിൽനിന്നു് ജ്ഞാനസമ്പാദനത്തിനു് മഹാഭാരതമാണു് വായിയ്ക്കേണ്ടതെന്നുകൂടി ധരിയ്ക്കണമെന്നും ഉപദേശിച്ചു. "ഈ പാടത്തു കാണാറുള്ള കലഹങ്ങളൊക്കെ ഭാരതം വായിച്ചിട്ടാ?" എന്നു ഞാനും അദ്ദേഹത്തിൻെറ അഭിപ്രായം കൈക്കൊള്ളുന്നുണ്ടെന്നു വ്യക്തമാക്കിയപ്പോൾ, "അങ്ങനെ പറയു" എന്നു വീണ്ടും എന്നെ ഉത്സാഹിപ്പിച്ചു. വായന മുറയ്ക്കു നടന്നു. ഇതു കുട്ടിക്കാലത്തു് എന്നെ അത്യധികം സന്തോഷപ്പെടുത്തിയ ഒരു സംഗതിയാണു്. എൻെറ വികൃതി അടങ്ങിക്കണ്ടതിൽ വീട്ടുകാർ സന്തോഷിച്ചു. എനിയ്ക്കു വികൃതി കാട്ടാനുള്ള ഉത്സാഹവും കുറഞ്ഞു വന്നു. എൻെറ മനസ്സിനെ ആകൎഷിയ്ക്കാൻ മററു കാര്യങ്ങളില്ലാതിരുന്നതുകൊണ്ടാണു് വികൃതിയ്ക്കു മുൻപാട്ടമുണ്ടായിരുന്നതെന്നും എനിയ്ക്കു് അനുഭവപ്പെട്ടു തുടങ്ങി. ഞാൻ ബാല്യത്തിൽനിന്നു് യൌവനത്തിലേയ്ക്കു് കാലെടുത്തുവെയ്ക്കുന്ന ഘട്ടമായിരുന്നു അതു്. എൻെറ വളൎന്നുവന്നിരുന്ന ബുദ്ധിയ്ക്കും മനസ്സിനും എഴുത്തച്ഛൻെറ ഭാരതം ഒരു രസായനം തന്നെയായിരുന്നു. വായിയ്ക്കുന്തോറും രസം കൂടുകയല്ലാതെ ഒരിയ്ക്കലും കുറഞ്ഞു വന്നിട്ടില്ല. കുറുപ്പു് ഒരു തവണയേ വായിച്ചുതന്നിട്ടുള്ളു. അദ്ദേഹത്തിൻെറ വായന, കൌതുകവും ഉന്മേഷവും വ

---

* ഭാരതത്തിനുള്ള മറെറാരു പേരു്.

ദ്ധിപ്പിയ്ക്കത്തക്കതായിരുന്നു. ഇടയ്ക്ക് പല കഥകളും ഭാരതത്തിൽ പ്രതിപാദിച്ച തത്വത്തിന് ഉദാഹരണമായി കേൾപ്പിയ്ക്കും. കൃഷ്ണപരമായിട്ടുള്ള സ്തോത്രങ്ങളെത്തിയാൽ എഴുത്തച്ഛനെപ്പോലെ കുറപ്പും ഒന്നന്തം വിട്ടുപോകും. സന്ദർഭത്തിനുയോജിച്ച തരത്തിൽ നാരായണീയത്തിൽ നിന്നും ശ്ലോകങ്ങൾ ഉദ്ധരിച്ച് അർത്ഥം പറഞ്ഞുതരും! ശൃംഗാരരസം വരുമ്പോൾ മാത്രം വിസ്തരിയ്ക്കയില്ല. ഗൌരവം കൂട്ടുകയും ചെയ്യും. എൻെറ പ്രായത്തെ ഓർത്തിട്ടായിരുന്നിരിയ്ക്കണം ഈ മുൻകരുതൽ, അദ്ദേഹത്തെ വിഷമിപ്പിയ്ക്കരുതെന്നു കരുതി മുൻതള്ളിവരുന്ന ചോദ്യങ്ങളും വികാരങ്ങളും ഞാനും ഒതുക്കി വന്നു. എനിയ്ക്ക് അദ്ദേഹത്തിൻെറ പേരിൽ വദ്ധിച്ച ബഹുമാനാദരവും അദ്ദേത്തിന് എൻെറ നേരെയുണ്ടായിരുന്ന ശിഷ്യവാത്സല്യവും ഞങ്ങളെ പ്രായത്തിലുള്ള അന്തരം വിസ്മരിപ്പിച്ച് ഒരൊനാന്തരം മനപ്പൊരുത്തത്തിൽ അടിയുറപ്പിച്ചിരുത്തി. ഈ ഗുരുശിഷ്യബന്ധം ഞങ്ങൾ സ്വയമേവ അംഗീകരിച്ചതാകയാൽ ആ വക ബന്ധങ്ങളിൽ സാധാരണ കണ്ടുവരാറുള്ള അസ്വാതന്ത്ര്യവും അസമത്വവും അതിനെ തീണ്ടുകയുണ്ടായില്ല. ഈ ബന്ധദാർഢ്യത്തിന് ശരിയായ ഉത്തരവാദി എഴുത്തച്ഛൻെറ മഹാഭാരതമാണെന്നതാണ് വലിയ മെച്ചമായത്. വായന തുടന്നു പോകുന്തോറും ഭാരതത്തിൽ എള്ളിൽ എണ്ണപോലെ ലയിച്ചുകിടന്നിരുന്ന എഴുത്തച്ഛൻെറ മനോഭാവവും വ്യക്തിവൈശിഷ്ട്യവും ക്രമേണ പ്രകാശിയ്ക്കുവാൻ തുടങ്ങി.

കറപ്പിനോട്ട് ചേൎന്നുണ്ടായ മഹാഭാരതവായനയിൽ ആ മഹാഗ്രന്ഥത്തിൻെറ മാഹാത്മ്യവും അതിലടങ്ങിയ

രഹസ്യങ്ങളും മുഴുവൻ ഞാൻ ഗ്രഹിച്ചുവെന്നു പറഞ്ഞുകൂടാ. അദ്ദേഹം പറഞ്ഞുതരുന്നതു് കേട്ടു മനസ്സിലാക്കുക മാത്രമാണു് ഞാൻ ചെയ്തതു്. ഒരാവൃത്തി വായിച്ചതിനുശേഷം സംശയനിവൃത്തി വരുത്താമെന്നായിരുന്നു എൻെറ ആലോചന. പക്ഷെ അതിന്നു സംഗതി വന്നില്ല. ഞാൻ ഹൈസ്കൂളിലേയ്ക്കു് പഠിയ്ക്കാൻ പോയി. കുറുപ്പു് രോഗപീഡിതനായി കാലധർമ്മവും പ്രാപിച്ചു. പക്ഷെ അതിൻെറ മാഹാത്മ്യത്തിൽ എനിയ്ക്കു വിശ്വാസവും അഭിമാനവും ജനിപ്പിച്ചതു് ആ വാത്സല്യനിധിയാണു്. എഴുത്തച്ഛൻെറ മഹാഭാരതം ഒരു സാഹിത്യഗ്രന്ഥം എന്ന നിലയിൽ ഞാൻ പഠിയ്ക്കാൻ തുടങ്ങിയതു് അതിന്നു ശേഷമാണു്. ആ പഠിത്തത്തിൻെറ ഫലമായുണ്ടായ എൻെറ അഭിപ്രായമാണു് ഇനി രേഖപ്പെടുത്താൻ പോകുന്നതു്.

ഭാരതം എന്നിൽ ചെലുത്തിയ സ്വാധീനശക്തി കുറച്ചല്ല. കുട്ടിക്കാലത്തുതന്നെ ജീവിതത്തിലൊരു പരിവർത്തനം വരുത്തുകയാണല്ലോ അതു് ചെയ്തതു്. ഗോവിന്ദക്കുറുപ്പോടുകൂടി, അല്ലെങ്കിൽ ഗോവിന്ദകുറുപ്പ് എന്നോടുകൂടി ഭാരതം ഒന്നു "കമ്പോടിച്ച" മുതൽക്കു് എൻെറ കുട്ടിക്കളി നിന്നു; വികൃതിത്തം പോയി. ശകുന്തള, ശർമ്മിഷ്ഠ, സുഭദ്ര, ഭീഷ്മർ, അഭിമന്യു, വിദുരൻ, കർണ്ണൻ, സർവ്വോപരി ശ്രീകൃഷ്ണൻ എന്നീ കഥാപാത്രങ്ങൾ എൻെറ ചിന്താഗതിയിൽ സ്ഥായിയായി കടന്നുകൂടി. ഞാനെതിരിടുന്ന കാര്യങ്ങളിലോ, മററുള്ളവരുടെ നിർദ്ദേശപ്രകാരം ഞാൻ ചെയ്യേണ്ട കൃത്യങ്ങളിലോ എനിയ്ക്കു സംശയം നേരിട്ടാൽ മേലെഴുതിയ പുരാണപുരുഷന്മാരുടേയും നായികമാരുടേയും കഥകളിൽ അവയ്ക്കു ചേർന്നതായ ഭാഗങ്ങളുണ്ടോ എന്നാ

ലോചിയ്ക്കാനും, ഉണ്ടെങ്കിൽ കഴിയും വിധം അവയിലട ങ്ങിയ തത്വങ്ങളെ അനുസരിയ്ക്കുവാനും മോഹം ജനിച്ചു തുടങ്ങി. അതിനുശേഷം ഭാരതം പലതവണ ഞാൻ വായിച്ചു. ഇപ്പോഴും ഇടയ്ക്കിടയ്ക്ക് അതിലെ ചില ഭാഗങ്ങൾ വായിയ്ക്കുന്ന പതിവ് വിട്ടിട്ടുമില്ല. എന്നുതന്നെയല്ല, ഓരോ തവണ വായിയ്ക്കുന്തോറും അതിനുമുമ്പ് പ്രകാശിയ്ക്കാത്ത ചില ആശയങ്ങളും സന്ദർഭങ്ങളും പരിപൂർണ്ണതേജസ്സോടു കൂടി മനസ്സിൽ പതിയുന്നുമുണ്ട്. ഈ അനുഭവം മററു പല ഗ്രന്ഥങ്ങളുടെ പാരായണംകൊണ്ട് സിദ്ധിയ്ക്കാത്തതാണ്. ചില ഗ്രന്ഥങ്ങൾ ഒരു തവണ രസമായി വായിയ്ക്കാവുന്നതായിക്കാണാം. അവ രണ്ടാമതൊന്നെടുത്തു നോക്കാൻ നമുക്കുത്സാഹം തോന്നാതെ പോയേയ്ക്കാം. ചിലതു രണ്ടോ, മൂന്നോ നാലോ പ്രാവശ്യം വായിച്ചാലും മുഷിഞ്ഞു വെന്നുവരില്ല. നമുക്കു പ്രായവും ലോകപരിചയവും കൂടുന്തോറുമാണ് ഇങ്ങനെയൊരു വകതിരിവ് നമുക്കുണ്ടാകുന്നതു്. കുട്ടിക്കാലത്തു രസിച്ചവ യൌവനത്തിൽ നാം തള്ളുന്നു. യൌവനത്തിൽ നമ്മെ ആകർഷിയ്ക്കുന്നവയിൽ വാൎദ്ധക്യത്തിൽ നീരസം തോന്നുന്നു. ഏതു കാലത്തും ഒരു പോലെ എന്നെ രസിപ്പിച്ച ഒരു മഹാഗ്രന്ഥമാണ് എഴുത്തച്ഛന്റെ മഹാഭാരതം. ഞാനിപ്പോൾ വൃദ്ധനായിയെന്നു വായനക്കാർ തെററിദ്ധരിയ്ക്കരുതു്. അമ്പതു തികഞ്ഞാളെ ഏതു വകപ്പിൽ ചേർക്കാനാണ് നിങ്ങൾ ഇഷ്ടപ്പെടുന്നതെങ്കിൽ അതിൽ ഞാൻ അഭിമാനത്തോടുകൂടി ഇരുന്നു കൊള്ളാം. പ്രായത്തോടുകൂടി ജ്ഞാനത്തിനു മികവു കൂടുമെന്നാണ് എന്റെ അഭിപ്രായവും അനുഭവവും. നാല്പതു

വയസ്സാകുമ്പോഴേയ്ക്കുതന്നെ ഒരാളുടെ അഭിപ്രായത്തിനും ഗുണദോഷവിവേചനത്തിനും സ്ഥിരതക്കുറവുമെന്ന് മനശ്ശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. "നാല്പതാവുമ്പോഴേയ്ക്ക് ഒന്നുകിൽ ഒരു ഡോക്ടരാകും, അല്ലെങ്കിൽ പരമവിഡ്ഢിയാകും." എന്നു ഇംഗ്ലീഷിലും ഒരു ചൊല്ലുണ്ട്. അതുകൊണ്ട് എൻെറ അഭിപ്രായങ്ങൾക്ക് പഴക്കം പോരെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. തിളക്കമെത്രത്തോളമുണ്ടെന്നേ പരിശോധിയ്ക്കേണ്ടതുള്ളൂ.

എഴുത്തച്ഛൻെറ ഭാരതം മൂലത്തിൻെറ പരിഭാഷയല്ലേ? അതിൻെറ ഹൃദയംഗമത്വം മൂലത്തിൽനിന്ന് പകർന്നതല്ലേ? എഴുത്തച്ഛൻെറ മനോധർമ്മം കൊണ്ടോ കവനകൌശലം കൊണ്ടോ ഉണ്ടായതാണോ? എന്നീ ചോദ്യങ്ങൾ ഈ ഘട്ടത്തിൽ ഞാൻ പ്രതീക്ഷിയ്ക്കുന്നുണ്ട്. അവയ്ക്ക് പകരം ചില മറുചോദ്യങ്ങൾ ചോദിച്ചതിനു ശേഷം വിഷയപ്രതിപാദനം തുടരാം. കാളിദാസൻെറ ശാകുന്തളം ഭാരതം മൂലത്തിനെ ആശ്രയിച്ചുണ്ടായതല്ലേ? മൂലത്തിലെ ശകുന്തളോപാഖ്യാനവും കാളിദാസൻെറ ശാകുന്തളവും വായിച്ചാൽ നമുക്കുണ്ടാവുന്ന ആനന്ദം ഒരുപോലെയാണോ? ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ട് ഭാഗവതം ദശമത്തിനെ ആശ്രയിച്ചാണെഴുതീട്ടുള്ളത്. മൂലവും പാട്ടും ഒരേ പ്രതീതിയോ, അനുഭൂതിയോ ആണൊ നമ്മിൽ ഉളവാക്കുന്നത്? ഭട്ടതിരിയുടെ "നാരായണീയ"ത്തിനും ആസ്പദം ഭാഗവതം ദശമമാണ്. അതു വായിച്ചാലുള്ള രസാനുഭൂതി, മൂലം വായിച്ചാലോ കൃഷ്ണപ്പാട്ടു പാടിയാലോ കിട്ടുന്ന ഒന്നല്ല താനും. വള്ളത്തോളിൻെറ "അനിരുദ്ധനും"

നാലാപ്പാടിൻെറ "സുലോചന"യും പുരാണസന്താനങ്ങളാണ്. മൂലകഥയിൽനിന്ന് എത്രയോ വ്യത്യാസപ്പെട്ടുകൊണ്ടാണ് ഭാഷയിൽ ആ കൃതി തല്ലജങ്ങളും രൂപം കൈക്കൊണ്ടിട്ടുള്ളത്. ഇങ്ങനെ ഉദാഹരണങ്ങൾ വർദ്ധിപ്പിയ്ക്കുന്നില്ല. സാമഗ്രികൾ എന്തായാലും അവയെ ഹൃദയാകർഷകമായ വിധത്തിൽ പ്രകാശിപ്പിയ്ക്കുന്നതിൽ അതാതു കവികൾ പ്രത്യക്ഷമാക്കീട്ടുള്ള പ്രത്യേകതയും സൌകമാര്യവുമാണ് അവരുടെ കൃതികളുടെ ആകർഷണത്തിന്ന പ്രധാന ഹേതു. എല്ലാററിനും പുറമെ അവരുടെ "പൌരുഷമുദ്ര"യും അതിൽ പതിയുന്നുണ്ട്. വ്യാസനിർമ്മിതമായ ഭാരതം എഴുത്തച്ഛൻെറ കവിധർമ്മമൂശയിൽ പകന്നപ്പോൾ ആ മഹാകവിയുടെ കലാശില്പത്തിന്നനുസരിച്ച് രൂപാന്തരം വന്നിട്ടുണ്ട്. ആ രൂപാന്തരത്തിൻെറ മനോഹാരിതയാണ് എന്നെ ആകർഷിച്ചതു്.

ഈ സംഗതി മറെറാരു വിധത്തിൽ പ്രതിപാദിയ്ക്കാം. ഇതിന്നുമേൽ വിവരിയ്ക്കുന്ന അഭിപ്രായം എഴുത്തച്ഛൻെറ ഭാരതം പലതവണയായി വായിച്ചതിൻേറയും അതുസംബന്ധമായി ഗവേഷണം നടത്തിയതിൻേറയും ഫലമാണ്. ആദ്യത്തെ രണ്ടു മൂന്നു വായന വെറും കൌതുകം കൊണ്ടു് തന്നെ നിവ്വഹിച്ചു. പിന്നീട് ഇൻറർ, ബി. ഏ. എന്നീ ക്ലാസ്സുകളിൽ ഭാരതത്തിൽനിന്ന് പാഠമായി നിദ്ദേശിക്കപ്പെട്ട ഭാഗങ്ങൾ പഠിച്ചപ്പോൾ അധികവിവരങ്ങൾ ഗ്രഹിക്കാനും ശേഖരിക്കുവാനും ഇടയായി. അങ്ങിനെ മൂലഗ്രന്ഥത്തിലേയ്ക്ക് ശ്രദ്ധ തിരിഞ്ഞു. കുഞ്ഞുക്കുട്ടൻതമ്പുരാൻെറ തർജ്ജമയെ ശരണം പ്രാപിച്ചു—അപ്പോൾ വാ

സ്തവം പറയുകയാണെങ്കിൽ എഴുത്തച്ഛൻെറ ഭാരതത്തോ
ടുള്ള ബഹുമാനം പതിന്മടങ്ങു വൎദ്ധിക്കയാണുണ്ടായതു്—
കുഞ്ഞുക്കുട്ടൻ തമ്പുരാൻെറ തൎജ്ജമ ആവശ്യത്തിനു വായി
യ്ക്കുക, എഴുത്തച്ഛൻെറ ഭാരതം വായിയ്ക്കുന്നതാവശ്യമായി
ത്തീരുക എന്നായി മനോഭാവം. മഹാകവി കുഞ്ഞുക്കുട്ടൻ
തമ്പുരാൻെറ തൎജ്ജമയെ അപലപിയ്ക്കുകയാണെന്നു കരുത
രുതേ? ഒരു ഛായാഗ്രാഹിയന്ത്രംപോലെ മൂലത്തെ മലയാ
ളത്തിലേയ്ക്കു് പകൎത്തിത്തരികയാണദ്ദേഹം ചെയ്തതു്.
അതു തന്നെ ഒരമാനുഷകൃത്യമായിട്ടുണ്ടു്. തെലുങ്കിൽ മഹാ
ഭാരതം പരിഭാഷ മൂന്നു കവികൾ മൂന്നു തലമുറക്കാലം
കൊണ്ടാണു് സാധിച്ചിട്ടുള്ളതു്. തമ്പുരാൻ മൂന്നു സംവ
ത്സരംകൊണ്ടു് അനായാസേന ആ മഹാഗ്രന്ഥത്തിൻെറ
തൎജ്ജമ കൈരളിയ്ക്കുടിമവെച്ചു. "പതിനെട്ടു പുരാണ
ങ്ങൾ പതിരററു കിടക്കവെ" എന്നു വെല്ലുവിളിയ്ക്കുകകൂടി
ചെയ്തു. പതിനെട്ടു പുരാണങ്ങളും വ്യാസൻ തന്നെയാണോ
എഴുതിയതു് എന്നു സംശയിയ്ക്കുന്ന സഹൃദയലോകത്തിനു്
അവയെല്ലാം ഒരു മനുഷ്യനു ഭാഷയിലേയ്ക്കു് പകൎത്തുവാൻ
സാധിയ്ക്കുമെന്നു് അദ്ദേഹം അനുഭവപ്പെടുത്തി കൊടുക്കുക
യായിരുന്നു. ആ മഹാനുഭാവന്നു് എൻെറ കൂപ്പുകൈ.

വീണ്ടും വിഷയത്തിലേയ്ക്കു്. മഹാഭാരതത്തിൻെറ
പൂൎണ്ണരൂപവും പ്രാചീനരൂപവും ഇപ്പോഴും വാദവിഷയമാ
യിരിയ്ക്കയാണു്. വ്യാസനിൎമ്മിതമായ ഭാരതം (മഹാ!) ഏ
താണു്? അതിൽ അദ്ദേഹത്തിൻെറ ശിഷ്യന്മാരായ ജൈ
മിനി മുതലായവർ ചേൎത്തിട്ടുള്ള ഭാഗങ്ങൾ ഏതെല്ലാ
മാണു്? പിന്നീടു് ഹിന്ദുമതാചാൎയ്യന്മാർ തങ്ങളുടെ സി

ദ്ധാന്തങ്ങൾക്ക് പ്രചാരം വരുത്താനായി ചേർത്തിട്ടുള്ള ഭാഗങ്ങളും കഥകളും ഏതെല്ലാമാണ്? ഇങ്ങനെ പല പ്രശ്നങ്ങളും ഭാരതനിരൂപകന്മാർ അവതരിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യരാണ് ഈ വിഷയത്തിൽ അതിജാഗ്രതയോടെ ഗവേഷണം നടത്തിയവർ. ഹോപ്കിൻസ് എന്ന അമേരിക്കൻ പണ്ഡിതൻ 800 വത്സരങ്ങൾകൊണ്ടാണ് മഹാഭാരതം ഇപ്പോൾ കാണുന്ന രൂപത്തിലും വലുപ്പത്തിലും എത്തിച്ചേർന്നിട്ടുള്ളതെന്നു വാദിക്കുന്നു. പൌരസ്ത്യഗവേഷകനായ സി. വി. വൈദ്യ (Mahabharata-a criticism) പാണ്ഡവകഥയൊഴികെ—ബാക്കി ഭഗവദ്ഗീതയുൾപ്പെടെയുള്ള ഭാഗങ്ങളെല്ലാം ഭാരതത്തിൽ പ്രക്ഷിപ്തങ്ങളാണെന്നു സമർത്ഥിക്കുന്നു. ഈ വക അഭിപ്രായങ്ങളെല്ലാം ഒരു രണ്ടു മൂന്നു തലമുറയ്ക്കിപ്പുറം നാം നാഗരികതത്വത്തിന്റെ ഉച്ചകോടിയിലെത്തിയെന്ന് അഭിമാനിക്കുന്ന കാലത്താണ് രൂപമെടുത്തിട്ടുള്ളത്.

നാന്നൂറുകൊല്ലങ്ങൾക്കു മുമ്പെ—ഇപ്പോഴുള്ള സംസ്കാരസമ്പത്തു സ്വപ്നത്തിലില്ലാതിരിക്കുന്ന കാലത്ത്—ജനിച്ച എഴുത്തച്ഛൻ മഹാഭാരതത്തിനെപ്പററി ഇതിലും ഉപരിയായി ഗവേഷണം നടത്തിയിട്ടുണ്ടെന്ന് അറിയുമ്പോൾ ആ മഹാന്റെ പാണ്ഡിത്യത്തിന് എത്രതന്നെ നമോവാകം ചെയ്താലാണ് മതിയാവുക! ആ കവിവര്യൻ നമുക്കു സമ്മാനിച്ചിട്ടുള്ള ഭാരതത്തിന് വലിപ്പം കുറയാനുള്ള സംഗതിയും ഇതുതന്നെയാണ്. സി. വി. വൈദ്യ പ്രക്ഷിപ്തങ്ങളാണെന്നു പറഞ്ഞിട്ടുള്ള ഭാഗങ്ങളെല്ലാം എഴുത്തച്ഛനും തള്ളിക്കളഞ്ഞിരിക്കുന്നു — ഈ അഭിപ്രായൈക്യം എത്ര

ആശ്ചര്യകരമായിരിയ്ക്കുന്നു! ഭഗവൽഗീതയെപ്പററി എഴുത്തച്ഛൻ അവതരിപ്പിച്ചിട്ടുള്ള അഭിപ്രായം തന്നെ പ്രസിദ്ധതത്വശാസ്ത്രാചാൎയ്യനായ ദാസ്ഗുപ്തയും അദ്ദേഹം ഏതാനും വൎഷങ്ങൾക്കു മുമ്പെഴുതീട്ടുള്ള 'Indian Philosophy' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിയ്ക്കുന്നു. അതായത്, ഭഗവൽഗീതയിലുള്ള ആശയങ്ങളെല്ലാം ഓരോ ഉപനിഷത്തിൽ നിന്നെടുത്തതാണെന്ന്—"ഉഴറിയരുളിന മൊഴികളുപനിഷത്താകയാൽ" എന്നുതന്നെ തുഞ്ചത്താചാൎയ്യനും പ്രഖ്യാപനം ചെയ്യുന്നു. അതുകൊണ്ട് ഗീതാതൎജ്ജമ താനുപേക്ഷിച്ചിരിയ്ക്കയാണെന്നു വായനക്കാരെ ഭംഗ്യന്തരേണ മനസ്സിലാക്കുന്നു.

"ഋഷിപ്രോക്ത"മെന്നോ, "അപൌരുഷേയ"മെന്നോ കരുതിവരുന്ന ഒരു മഹാഗ്രന്ഥത്തിൽ ഒരു വള്ളിയോ പുള്ളിയോ മാററാൻ സാമാന്യക്കാൎക്കു ധൈൎയ്യമുണ്ടാവുന്നതല്ല. മഹാഭാരതമാകുന്ന മഹാക്ഷീരാബ്ധി കടഞ്ഞു് അതിന്റെ സാരാംശം ഒട്ടും ചോൎന്നു പോകാതെ, തിളക്കവും വിലാസഭംഗിയും ധാരാളം ചേൎത്ത് കൈരളീദേവിയ്ക്ക് എഴുത്തച്ഛൻ—വിഷ്ണുദേവകൾക്കെന്നപോലെ—സംഭാവന ചെയ്തിട്ടുള്ള ഒരു കാവ്യാമൃതമാണു് മലയാളഭാരതം. മഹാഭാരതത്തിനോടു് അദ്ദേഹം കാണിച്ചിട്ടുള്ള ദുസ്വാതന്ത്ര്യമാണിതെന്നു് വല്ലവരും ആക്ഷേപിയ്ക്കാനൊരുങ്ങുന്നുണ്ടെങ്കിൽ അവരുടെ വിവേകത്തെപ്പററി എനിയ്ക്കു് ലേശമെങ്കിലും അസൂയയുമില്ല! നേരെമറിച്ച് ആ മഹാഗ്രന്ഥത്തിനോടുള്ള ആദരാതിരേകമാണു് ഇങ്ങനെയൊരു വിശിഷ്ടകാവ്യം നിൎമ്മിയ്ക്കാൻ ആചാര്യരെ നിൎബ്ബന്ധിച്ചിട്ടുള്ളതു്. മൂല

ഭാരതം ഒരു വലിയ കലവറയാണ്. അതിൽ നിറഞ്ഞിട്ടുള്ള സാമഗ്രികൾക്ക് കയ്യും കണക്കുമില്ല. നാളികേരം ഒരു ഭാഗത്തു് അങ്ങനെ കുന്നുപോലെ കിടക്കുന്നു. പഞ്ചസാരയും ശർക്കരയും മറെറാരു ഭാഗത്തു് കുന്നുകൂടിയിരിക്കുന്ന വിധത്തിലും. ഇവയിൽനിന്നു വേണ്ടതെടുത്തു് അരയ്ക്കേണ്ടതു് അരച്ചു്, പിഴിയേണ്ടതു പിഴിഞ്ഞു്, പാവാക്കേണ്ടതു് പാവാക്കി എല്ലാം "നളപാകത്തിൽ" കൂട്ടിച്ചേർത്തു് കലാശില്പമാകുന്ന അടയോടുകൂടി യോജിപ്പിച്ചു് നല്ലൊരു പ്രഥമൻ നമുക്കു കഴിയ്ക്കാനായി വിളമ്പിക്കിട്ടുമ്പോഴുണ്ടാകുന്ന അനുഭവമാണ് മൂലം വായിച്ചതിനുശേഷം എഴുത്തച്ഛന്റെ ഭാരതം വായിയ്ക്കുമ്പോഴുണ്ടാകുന്നതു്. ഈ ഒരൊററ സംഗതി മതി ആ വിശിഷ്ടഗ്രന്ഥത്തിന്റെ നേരെയുള്ള ബഹുമാനം വർദ്ധിയ്ക്കുവാൻ. ഒരു വ്യത്യാസം മാത്രമുണ്ടു്. അടപ്രഥമൻ കണക്കിലേറെ കഴിച്ചാൽ തല്ക്കാലം മടുക്കും. എഴുത്തച്ഛന്റെ അടപ്രഥമൻ കഴിയ്ക്കുന്തോറും രുചി കൂടി കൂടി വരുന്നതാണ് എനിയ്ക്കുള്ള അനുഭവം. അപ്പോൾ അതിന്റെ ആകർഷണത്തിനും ശക്തികൂടുന്നതാണല്ലോ. എഴുത്തച്ഛന്റെ ഭാരതത്തോടു് എനിയ്ക്കുള്ള മമതാബന്ധത്തിന്റെ ഒരുവശം മാത്രമേ ഇതിൽ പ്രസ്താവിച്ചിട്ടുള്ളൂ.

---

# ഉള്ളൂർ.

ഭാഷാദേവി ഇടിവെട്ടേററതുപോലെ സ്തബ്ധയായി നില്ക്കുകയാണിപ്പോൾ. ഉള്ളൂർ എന്ന രണ്ടക്ഷരം ഉള്ളിൽതട്ടുന്ന പല ചിന്തകളും ഉദ്ദീപിപ്പിയ്ക്കുന്നതാണ്. ഒരു കാൽ നൂററാണ്ടിലധികമായി അദ്ദേഹവുമായി ഞാൻ പരിചയിച്ചിട്ട്. ഒരു സഹപ്രവത്തകനായി അദ്ദേഹമൊന്നിച്ച് പല യോഗങ്ങളിലും കമ്മിററികളിലും ഞാനിരുന്നിട്ടുണ്ട്. ഈ ഘട്ടങ്ങളിലെല്ലാം അദ്ദേഹത്തിൻെറ കൃത്യനിഷ്ഠ എന്നെ കണക്കിലധികം ആശ്ചര്യപരവശനാക്കിയിട്ടുണ്ട്. ഗൌരവമേറിയ സക്കാർ ജോലികൾ ധാരാളമുള്ള ഉള്ളൂരിന്ന് ഇതിനൊക്കെ സമയം കിട്ടുന്നുണ്ടല്ലോ എന്നു ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. മദിരാശി സവ്വകലാശാലയുടെ ആധിപത്യത്തിലുള്ള മലയാളം ബോർഡ്ഓഫ് സ്റ്റഡീസിൻെറ ഒരു യോഗത്തിൽ വെച്ചാണ് അന്തരിച്ച

പോയ പ്രൊ. ഏം. ഏ. കാണ്ടത്ത് മഹാകവിയുമായി എന്നെ പരിചയപ്പെടുത്തിയതു്. "പേരറിയാം, വ്യക്തിയെ കണ്ടിട്ടില്ലെന്നേയുള്ളു" എന്നും ലക്ഷ്മീഭായിയിൽ "വിവാഹം" എന്ന തലക്കെട്ടിൽ ഞാൻ അതിനിടെ എഴുതിയ ലേഖനം താൻ കാണുകയുണ്ടായെന്നും പറഞ്ഞു. "മേനോൻെറ ഭാഷാശൈലി എന്നെ സി. പി. അച്യുതമേനോനെ ഓർമ്മപ്പെടുത്തി. ലേഖനം വായിച്ചപ്പോൾ ഇത്ര ചെറുപ്പക്കാരനാണെന്നു തോന്നിയില്ല" എന്നും പറഞ്ഞു എന്നെ ഒന്നു പൊക്കി. സാഹിത്യക്കളരിയിൽ അന്നു കുറേശ്ശ പയററാൻ തുടങ്ങിയ എനിയ്ക്കു് അതെത്രത്തോളം പ്രോത്സാഹജനകമായെന്നു പറയേണ്ടതില്ലല്ലോ. പ്രൊ. രാജരാജവർമ്മ തിരുമേനിയുടെ ശിഷ്യനായി തിരുവനന്തപുരത്താണു് ബി. ഏ.യ്ക്കു് പഠിച്ചിട്ടുള്ളതെന്നുകൂടി അദ്ദേഹത്തിനെ അറിയിച്ചപ്പോൾ എന്തോ ഓർമ്മിയ്ക്കുന്നതുപോലെ തോന്നി. ഓർമ്മിയ്ക്കാൻ ചില കാര്യങ്ങൾ ഞാൻ തിരുവനന്തപുരത്തു വിദ്യാർത്ഥിയായിരുന്നപ്പോൾ ഉണ്ടായിട്ടുണ്ടു്. അതു സൂചിപ്പിയ്ക്കുമോ എന്നു ഞാൻ ഭയപ്പെട്ടു. പക്ഷെ പറഞ്ഞതു് "ഭാഷാഗദ്യ"ത്തിൽ ("ആത്മപോഷിണി"യിൽ ഞാനെഴുതിയ ലേഖനപരമ്പര. അന്നു വള്ളത്തോളായിരുന്നു അതിൻെറ പത്രാധിപർ) പ്രൊഫസരുടെ പ്രതിപാദനരീതി അനുകരിയ്ക്കുന്നതായി തോന്നി" എന്നായിരുന്നു. അനുകരിയ്ക്കുവാൻ പ്രയാസമാണെന്നു ഞാൻ മറുപടി കൊടുത്തതോടുകൂടി തിരുവനന്തപുരത്തുവെച്ചു് മഹാകവിയുടെ ആദ്ധ്യക്ഷത്തിൽ നടന്ന മഹാകാവ്യപ്രസ്ഥാന വാദപ്രതിവാദത്തെ ഓർമ്മപ്പെടുത്തി. ഞാനും, ഇ. വി. കൃ

ണ്ടപ്പിള്ളയുംമാണെന്നു തോന്നുന്നു, ഉമാകേരളത്തെക്കുറിച്ച് കുറച്ചാക്ഷേപിച്ചുപറയുകയുണ്ടായി. "അനാമുണ്ടുകളുമോ?" എന്നു തുടങ്ങുന്ന സദ്യവർണ്ണനയുദ്ധരിച്ച് ഇതെഴുതിയ കവിയ്ക്ക് ഔചിത്യബോധമുണ്ടെന്നു സമ്മതിയ്ക്കുവാൻ ഞാനൊരുക്കമില്ല എന്ന രീതിയിൽ രൂക്ഷമായിട്ടായിരുന്നു, എൻെറ നിരൂപണം. പ്രകൃതാൎത്ഥത്തിനു പുറമെ, മറെറാരൎത്ഥം കൂടി ജനിപ്പിയ്ക്കുന്നതു് ഒരു മിടുക്കാണെന്നു സമ്മതിയ്ക്കാമെങ്കിലും അതില്ലാതെ രണ്ടൎത്ഥം വരുത്തുന്നതു് ഒരു സൎക്കസ്സുവിദ്യയായിട്ടുകൂടി ഞാൻ ഗണിയ്ക്കാൻ ഭാവമില്ലെന്നും മേലുദ്ധരിച്ച ശ്ലോകശകലം സദ്യയുടെ പ്രകൃതി എന്നിലുണ്ടാക്കിയില്ലെന്നു മാത്രമല്ല, ഒരു ചളിക്കുളത്തിൽ ചെന്നു വീണബോധം ഉളവാക്കിയെന്നുമായിരുന്നു എൻെറ വാദഗതി. പൗരസ്ത്യകാവ്യങ്ങൾ നിരൂപണം ചെയ്യുമ്പോൾ പാശ്ചാത്യക്കണ്ണാടി അഴിച്ചുവെയ്ക്കണമെന്നും മററും അദ്ദേഹം തൻെറ ഉപസംഹാരപ്രസംഗത്തിൽ ആവേശത്തോടുകൂടി മറുപടി പറയുകയുണ്ടായി. ഈ അനുസ്മരണം, "ചെറുപ്പക്കാരായ നിങ്ങൾക്കു ഞങ്ങളെ കളിയാക്കാൻ വാസന കൂടുമല്ലോ?" എന്ന പുഞ്ചിരിയോടുകൂടിയ മറുപടി മാത്രമേ അദ്ദേഹത്തിൽ തട്ടിയുണൎത്തുകയുണ്ടായുള്ളു. വിഷയം തുടരാൻ അദ്ദേഹം ആഗ്രഹം പ്രദൎശിപ്പിയ്ക്കുകയുണ്ടായില്ല.

ഉള്ളൂരിനെ ഒരു വ്യക്തിയായിട്ടല്ല, ഒരു സ്ഥാപനമായിട്ടാണു് ഞാൻ കരുതിവരാറു്. അദ്ദേഹവുമായി സംസാരിയ്ക്കാൻ തുടങ്ങുമ്പോൾ ഒരു വലിയ ഗ്രന്ഥാലയത്തിൽ ചെന്നു കൂടിയ അനുഭവമാണു് എന്നിലുളവായിരുന്നതു്. അദ്ദേഹത്തിൻെറ ഓൎമ്മശക്തി പ്രസിദ്ധമാണു്.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനേ ഇത്തരത്തിലുള്ള ഓർമ്മാശക്തിയുണ്ടായിരുന്നതായി കേട്ടിട്ടുള്ളൂ. ഒരിയ്ക്കൽ അവനവനുണ്ടാക്കിയ ശ്ലോകങ്ങൾ മാത്രമേ ചൊല്ലാവൂ എന്ന നിർബ്ബന്ധത്തോടുകൂടിയ അക്ഷരശ്ലോകപരീക്ഷ കഴിഞ്ഞതപ്പോൾ താനുണ്ടാക്കിയതിനു പുറമേ മററുള്ളവരുണ്ടാക്കിയ മൂന്നോറോളം ശ്ലോകങ്ങളും അദ്ദേഹം കാണാപ്പാഠം ചൊല്ലുകയുണ്ടായത്രെ. പഴയ താളിയോല ഗ്രന്ഥങ്ങളോ, രേഖകളോ ശേഖരിയ്ക്കാൻ വല്ലേടത്തും പോയാൽ പിന്നെ നമ്മുടെ ഗവേഷകാഗ്രേസരന്ന് ഊണുമില്ല, ഉറക്കവുമില്ല. ഒരു ദിക്കിൽ ചെന്ന് അത്താഴം കഴിഞ്ഞ് ഉള്ളൂർ ഗ്രന്ഥപരിശോധനയ്ക്കിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ കൂട്ടുകാരനുറങ്ങി. ഉള്ളൂർ പുലരുന്നതുവരെ ഗ്രന്ഥങ്ങൾ നോക്കിക്കൊണ്ടിരുന്നു. പുലർന്നപ്പോൾ "ഇനി പോകാം" എന്നായി. കൂട്ടുകാരനെ ഉണർത്തുകയുണ്ടായെന്ന കഥ ശ്രീ. എൻ. വി കൃഷ്ണവാരിയർ ഈയിടെ ഒരു പത്രത്തിൽ * എഴുതികണ്ടു. ഉള്ളൂർ ഒരു ജ്ഞാനഭണ്ഡാഗാരം തന്നെയായിരുന്നു. ഭാഷാചരിത്രത്തെപ്പററിയോ കേരളചരിത്രത്തെപ്പററിയോ എന്തു ചോദിച്ചാലും നാം അറിയാത്ത ഒരു പുതിയ വിവരം മഹാകവി നമുക്കു നൽകാതിരിയ്ക്കയില്ല. ആ വിഷയം പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടേയും ലേഖനങ്ങളുടേയും പേരും കിട്ടുന്നതാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരം അതിവിപുലമാണെന്നാണ് കേൾവി. തിരുവിതാംകൂർ സർവ്വകലാശാലാധികൃതന്മാർ അതു പൊതുജനങ്ങൾക്കുപയോഗമാകത്തക്കവണ്ണം വാങ്ങി സൂക്ഷിയ്ക്കുവാനേർപ്പാടു ചെയ്യേണ്ടതാണ്.

---

* നവയുഗം.

അർത്ഥത്തിൽ കുട്ടി അക്ഷരത്തിൽ ചുരുക്കുക എന്ന സമ്പ്രദായം മഹാകവിയ്ക്കു് പരിചിതമായിരുന്നില്ല. വിവിധവിഷയങ്ങളിൽ തനിയ്ക്കുള്ള ജ്ഞാനം തന്റെ കവിതയിലും ലേഖനങ്ങളിലും ചെലുത്തുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി.

"ഉമാകേരളം."

മഹാകവിയെന്ന പ്രശസ്തി ഉള്ളൂരിന്നു നൽകിയതു് ഉമാകേരളമാണെന്നതിൽ പക്ഷാന്തരമുണ്ടാകുമെന്നു തോന്നുന്നില്ല. അതു പ്രകാശിയ്ക്കുന്നതിന്നുമുമ്പുതന്നെ ഭാഷയിലെ മഹാകാവ്യപ്രസ്ഥാനത്തിൽ ഏകഛത്രാധിപത്യം ഉമാകേരളം വഹിയ്ക്കുമെന്നു് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, അന്നത്തെ സാഹിത്യചക്രവർത്തി, ദീർഘദർശനം ചെയ്കയുണ്ടായി. അതിന്നു വേണ്ടി ചെയ്ത ആത്മധ്യാനം കൊണ്ടായിരിയ്ക്കുമോ, ഉള്ളൂർ പിന്നെ വളരുകയുണ്ടായില്ല. ഇത്ര ഉള്ളിൽ തട്ടിയ ഒരിതിവൃത്തം മറെറാരു മഹാകവിയ്ക്കും കൈകാര്യം ചെയ്യാൻ കിട്ടിയിട്ടില്ല. അതും നമ്മുടെ ചരിത്രത്തിൽ നിന്നു കടഞ്ഞെടുത്ത ഒരു സംഭവം. ആ സംഭവത്തിന്ന ചരിത്രസാധുത്വം കുറവാണെന്നു പിന്നീട് ചരിത്രകാരന്മാർ തെളിയിച്ചിട്ടുണ്ടെങ്കിലും ഉള്ളൂരിന്റെ ഉമാകേരളം ഉത്തമകാവ്യമായിത്തന്നെ ഭാഷയിൽ നിലനില്ക്കുന്നതാണു്. അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളിൽ "കർണ്ണഭൂഷണം" മുന്നണിയിൽ നില്ക്കുന്നു. ഉള്ളൂർ എന്ന നാമധേയം ഭാഷാഭിമാനികൾ തൊഴുകയ്യോടെ എന്നും സ്മരിയ്ക്കുമെന്നാണു് എന്റെ വിശ്വാസം.

# രാമന്റെ രാവണപക്ഷം

ശ്രീമാൻ പള്ളത്തു രാമനും ഞാനുമായിട്ടുള്ള പരിചയം ഒരു കാൽ നൂററാണ്ടിലധികം നീണ്ടുനിന്നിട്ടുണ്ട്. ബോർഡ് ഓഫ് സ്ററഡീസിന്റെ ഒരു യോഗത്തിൽ വെച്ചാണ് ആദ്യം ഞങ്ങൾ തമ്മിൽ കണ്ടതു്. അന്നതിന്റെ അദ്ധ്യക്ഷൻ വിദ്യാഭ്യാസലോകത്തിൽ സുപ്രസിദ്ധനും സർവ്വകലാശാലയിൽ ഭരണകേന്ദ്രത്തിലെ അംഗവും ആയിരുന്ന "കാണ്ടത്താ"യിരുന്നു. അദ്ദേഹവും ശ്രീമാൻ പള്ളത്തും ഒന്നിച്ചാണ് യോഗത്തിലേയ്ക്കു് വന്നതു്. എന്നെ നോക്കി, പള്ളത്തു് രാമൻ—അറിയില്ലേ? എന്നു പരിചയപ്പെടുത്തി. ഉടനെ രാമനെ നോക്കി. "അച്ചുതമേനോൻ-ഞങ്ങളെയൊക്കെ (മദിരാശി മലയാളികളെ എന്ന അർത്ഥത്തിൽ) മലയാളം പഠിപ്പിയ്ക്കുന്ന ആള്" എന്നു നേരംപോക്കായി എന്നേയും പരിചയപ്പെടുത്തി. "കേട്ടു

പരിചയം ധാരാളമുണ്ടു്" എന്നു ഞാനും, "മലയാളാദ്ധ്യാപകന്മാരിൽ അച്യുതമേനോനെ അറിയാത്തവരുണ്ടോ? എന്നദ്ദേഹവും അന്യോന്യം അഭിവാദ്യം ചെയ്തു.

യോഗം പകുതിയായപ്പോൾ ഞങ്ങളെല്ലാവരും ചായ കുടിയ്ക്കാനിരുന്നു. ഞാൻ പള്ളത്തിന്റെ അടുത്തുകൂടി. അദ്ദേഹത്തിന്റെ പദ്യകൃതികളുടെ സമാഹാരമായ "പ്രകൃതി വിലാസ"വും "ആഖ്യായിക"യായ "അമൃതപുളിന"വും അന്നു പത്രലോകത്തിൽ നിരൂപണവിഷയമായിരിയ്ക്കുകയായിരുന്നു. അവയെ സൂചിപ്പിച്ചു്, "പ്രയോഗചതുരനായ ഒരു സവ്യസാചിയുടെ കരുത്തുള്ള കൈ ഈ രണ്ടു കൃതികളിലും പ്രത്യക്ഷമായിട്ടുണ്ടു്. പക്ഷേ, ആ കൈ കടം വാങ്ങി തൃപ്തിപ്പെടരുതു്—" എന്നായി ഞാൻ, സംഭാഷണമാരംഭിച്ചു. "പ്രകൃതിവിലാസ"ത്തിൽ വേഡ്സ്വത്തിനെ അനുകരിച്ചു് ചില കവനങ്ങളുണ്ടു്. അമൃതപുളിനം ഒരു കന്നാടകാഖ്യായികയുടെ സ്വതന്ത്രവിവർത്തനമാണെന്നും കേട്ടിരുന്നു. ഈ സംഗതികളായിരുന്നു എന്റെ അഭിപ്രായത്തിന്റെ പിന്നിൽ—കുറഞ്ഞൊന്നു് ആലോചിച്ചു് "കവിതയ്ക്കും ചില പുതുമ വേണ്ടേ? പുരാണത്തിൽ തന്നെ കിടന്നു കളിച്ചാൽ മതിയോ? നോവലിൽ ചില സമുദായങ്ങളെ വഞ്ചിച്ചില്ലെങ്കിൽ സ്വർഗ്ഗം തുടങ്ങും "സൂരിനമ്പൂതിരിപ്പാടു്" നമ്പൂതിരിമാരുടെ ഇടയിൽ കിളത്തിവിട്ട കോളിളക്കം ഇനിയും നിലച്ചിട്ടില്ലല്ലോ." എന്നു പകുതി സ്വരത്തിൽ കവി അർത്ഥഗർഭമായി അഭിപ്രായപ്രകടനം ചെയ്തു.

"അതിന്നു ചന്തുമേനോൻ തന്നെ മറുപടി പറഞ്ഞിട്ടുണ്ടല്ലോ."

"അതുകൊണ്ടൊന്നും അവർ തൃപ്തിപ്പെട്ടില്ല. ചന്തുമേനോന്റെ കഥ പറഞ്ഞപ്പോഴാണു് ഓർമ്മവന്നതു്. പഞ്ചുമേനോന്റെ വേഷം കേമമായിയെന്നു കേട്ടു. (മദിരാശി മലയാളിക്ലബ്ബിലെ ഓണാഘോഷത്തിന്നു് ഇന്ദുലേഖ അഭിനയിക്കയുണ്ടായി. അതിൽ പഞ്ചുമേനോന്റെ ഭാഗം ഞാനാണു് അഭിനയിച്ചതു്) ആ ഛായയും കാണുകയുണ്ടായി. അതു കണ്ടപ്പോൾ ഇത്ര ചെറുപ്പമാണെന്നു തോന്നുകയുണ്ടായില്ല.

"അന്നു കാണികൾക്കു രസമായെങ്കിലും എന്റെ കൈക്കു് കോട്ടമാണുണ്ടായതു്. അന്നു രാവിലെ അഭിനയിക്കുമ്പോൾ "പഞ്ചുമേനോൻ" ശരിയ്ക്കു് വീണു. ഇടത്തെ കയ്യും തോളുമായുള്ള ബന്ധം കുറച്ചു തകരാവുകയുമുണ്ടായി—പിന്നെ ഉഴിഞ്ഞു നേരെയാക്കേണ്ടിവന്നു."

"കലയിൽ പ്രാവീണ്യമുണ്ടാകണമെങ്കിൽ ചില ത്യാഗങ്ങൾ വേണമല്ലോ. അതിലൊന്നാണിതെന്നു സമാധാനിയ്ക്കാം."

"നമ്മുടെ കലാകാരന്മാർക്ക് "ത്യാഗമെന്നതേ നേട്ടം" എന്നു തന്നെയാണു് അനുഭവം. പുരാണങ്ങളെപ്പററി പറഞ്ഞുവല്ലോ. അതിലും ഒരു പുതിയ വീക്ഷണഗതിയ്ക്കു് വഴിയില്ലേ"

"ആ വഴിയ്ക്കാണു് ഇപ്പോൾ എന്റേയും ആലോചന. രാമായണമാണു് ഇപ്പോൾ എന്റെ ശ്രദ്ധയിലു

രിയ്ക്കുന്നതു്:—പിന്നെ, "മണിമാല" എനിയ്ക്കു് പിടിച്ചു. (ഞാനക്കാലത്തെഴുതിയ ചെറുകഥകളുടെ സമാഹാരമാണതു്) പക്ഷെ, കുഞ്ഞുണ്ണിനായരുടെ അഭിപ്രായത്തിനോടു യോജിയ്ക്കുന്നില്ല. അമ്പാടി നാരായണപ്പൊതുവാൾ ഫലിതത്തിനു വേണ്ടി കഥയെഴുതുന്ന ആളാണു്. എഴുതുമ്പോൾ ഫലിതം താനെ വരികയല്ല. നിങ്ങൾ ഫലിതത്തിന്നായി ക്ലേശിയ്ക്കുന്നില്ല.

"അതിനെപ്പററി എനിയ്ക്കൊന്നും പറയാനില്ല."

"നാം തമ്മിൽ ചില വിഷയങ്ങളിൽ അഭിപ്രായൈക്യമുണ്ടല്ലോ. അതുകൊണ്ടു് പലതും നമുക്കു യോജിച്ചു പ്രവൎത്തിയ്ക്കാനുണ്ടു്."

അപ്പോഴേയ്ക്കു യോഗം വീണ്ടും കൂടി. ഞങ്ങൾ സംഭാഷണത്തിനു വിരാമമിട്ടു. സംഗതിവശാൽ അദ്ദേഹം സൂചിപ്പിച്ച ആഗ്രഹം പ്രവൃത്തിയിൽ ഫലിയ്ക്കുയുണ്ടായില്ല. ഞങ്ങളുടെ സൗഹാൎദ്ദവും തുടൎന്നു പോകാനുള്ള സൗകര്യവുമുണ്ടായില്ല. സാഹിത്യത്തിന്റെ വിശാലനഭസ്സിൽ സ്വച്ഛന്ദം സഞ്ചരിയ്ക്കേണ്ട ഈ കവിഹംസം ഉദ്യോഗമാകുന്ന മുടക്കിൽ ശ്വാസം മുട്ടിക്കഴിയുന്നല്ലോ എന്നെനിയ്ക്കു പലപ്പോഴും തോന്നീട്ടുണ്ടു്.

അങ്ങിനെയിരിക്കെ, കൊല്ലത്തു് പരിഷത്സമ്മേളനമുണ്ടായി—ആദ്യത്തേതു്. ഒടുവിലത്തെ ദിവസം, പരിപാടിയിലുൾപ്പെടുത്തിയിരുന്നില്ലെങ്കിലും, എന്റെ ഒരു പ്രസംഗം വേണമെന്നു് സ്നേഹിതന്മാരും ഭാരവാഹികളും തിരക്കി. സാധാരണ സംഭവിയ്ക്കാറുള്ളപോലെ, പ്രസം

ണ"വും "സ്വതന്ത്രചിന്ത"യും ആയിരുന്നു വിഷയം—ഹൈന്ദവസാഹിത്യം മതവുമായി പലപ്പോഴും കൂട്ടിപ്പിണഞ്ഞു് അലിഞ്ഞുചേൎന്നു കിടക്കുന്നതുകൊണ്ടു് നിരൂപണത്തിൽ സ്വതന്ത്രചിന്ത ചുളുങ്ങിപ്പോകാറുണ്ടു്. രാമായണം ഉദാഹരണമായെടുക്കാം. രാമൻ ഒരു കാവ്യത്തിലെ നായകൻ എന്ന നിലയിൽ നിന്നു് ഒരു ദൈവമായി കയറിപ്പോയിട്ടുണ്ടു്. ഈശ്വരൻ നമ്മുടെ നിരൂപണത്തിന്നു അതീതനാണു്. വാല്മീകിരാമായണത്തിലെ രാമൻ ഒരു മാതൃകാരാജാവായിരിയ്ക്കുന്നതേയുള്ളു. അദ്ധ്യാത്മരാമായണത്തിൽ സകല ചരാചരങ്ങൾക്കും അന്തർഭൂതമായ പരമാത്മാവു തന്നെയായി, സാക്ഷാൽ ശ്രീനാരായണനായി, അങ്ങിനെ പലതുമായി. ഇങ്ങിനെയൊക്കെയാണെങ്കിലും ഒരു കാവ്യത്തിലെ നായകനെന്ന നിലയിൽ, ഒന്നു വിശകലനം ചെയ്തു നോക്കുമ്പോൾ പല വീഴ്ചകളും ആ അവതാരപുരുഷനിൽ നാം കാണുന്നു. ശൂൎപ്പണഖയോടുള്ള പെരുമാററംതന്നെ നോക്കുക. രാക്ഷസിയായ ശൂൎപ്പണഖ സുന്ദരനായ രാമനെ കണ്ടപ്പോൾ കാമാതുരയായി, തന്റെ ആഗ്രഹം തുറന്നു പറഞ്ഞു. അവളുടെ ഭാഷയ്ക്കു മിനുസം മതിയായില്ല. കാട്ടിൽ പരിചയിച്ചവളാകയാൽ ഒരു പരുക്കൻ മട്ടിലേ പെരുമാറാനും അറികയുള്ളു. വികാരത്തിന്നും ശക്തികൂടും. ഇങ്ങിനെയൊക്കെയാണെങ്കിലും അംഗഭംഗം ചെയ്യത്തക്കവണ്ണം ഒരു കുററം അവൾ ചെയ്തുവെന്നു പറഞ്ഞുകൂടാ. കാമവികാരത്തിന്നു് ഈശ്വരന്മാരും കൂടി വിധേയരായിട്ടുണ്ടു്. അവരുടെ ചാപല്യങ്ങളും മനുഷ്യരുടേതിനേക്കാൾ

സ്ഥിതിയ്ക്ക് ശൂർപ്പണഖ ഒരു വലിയ അപരാധമാണ് ചെയ്തതെന്നു സ്ഥാപിയ്ക്കാൻ പ്രയാസമുണ്ട്. അന്നുള്ള രാജാക്കന്മാർ ഏകപത്നീവ്രതക്കാരായിരുന്നതുമില്ല. അംഗഭംഗം വരുത്തിയതിനാൽ അവൾ എന്നെന്നേയ്ക്കും മററുള്ളവരുടെ പരിഹാസത്തിന്നു പാത്രവുമായി. അവളുടെ ജീവിതംതന്നെ നിഷ്ഫലമായി! രാക്ഷസവംശത്തിന്നു തന്നെ അതൊരപമാനമായി. പ്രതാപലങ്കേശ്വരൻ ഇങ്ങിനെയൊരപമാനം സഹിയ്ക്കുമോ? "ഒരു സ്ത്രീയ്ക്കു പകരം ഒരു സ്ത്രീ" എന്ന നിയമമനുസരിച്ച് സീതയെ ആ വീരൻ അപഹരിച്ചു. അന്വേഷിച്ചുവരുന്ന രാമനോട്ട് ശേഷം ചോദിയ്ക്കാൻ എന്നാലേ സൌകര്യവും ശക്തിയും കൂടുകയുള്ളൂ—പക്ഷെ സീതയോടുള്ള പെരുമാററത്തിൽ രാവണൻ കുറേക്കൂടി നയവും ഔചിത്യബോധവും കാണിച്ചിട്ടുണ്ടെന്നു സമ്മതിയ്ക്കാതെ തരമില്ല. അധീനമാക്കാനുള്ള അടവുകൾ പലതും അന്നത്തെ സമുദായ മര്യാദയ്ക്കു യോജിച്ചവിധത്തിൽ പരീക്ഷിച്ചുനോക്കി. അവൾക്കു വേണ്ടുന്ന സുഖസൌകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു. ഒരു കൊല്ലം ക്ഷമയോടുകൂടി കാക്കുകയുംചെയ്തു. ഇത്രയും കഴിഞ്ഞു് ആഗ്രഹനിവൃത്തിയ്ക്കു വഴിയില്ലെന്നു കണ്ടപ്പോഴേ കോപാവേശമുണ്ടായുള്ളൂ. ആ ഘട്ടത്തിലും സാഹസം പ്രവർത്തിയ്ക്കാൻ ആ വീരാഗ്രണിയുടെ ധർമ്മപത്നി സമ്മതിച്ചതുമില്ല. സപത്നീ ദുഃഖത്തെയും അതിലംഘിച്ച അവരുടെ ധർമ്മബോധം ഇന്നും അനുകരണീയമല്ലേ? ബാലിവധത്തിന്റെ കഥ ഇതിലധികം അപകടത്തിലാണിരിയ്ക്കുന്നതു്.

സീതാവിരഹത്തിൽ രാമൻ വ്യസനിയ്ക്കുവാൻ ഒരു ആത്മാ എന്നൊരു ചോദ്യം വേറെയുമുണ്ട്. ഈശ്വരനാ

ണെങ്കിൽ അപായമൊന്നും വരാൻ പോകുന്നില്ലെന്നു് അറിയാവുന്നതുകൊണ്ടു്, വ്യസനിയ്ക്കുന്നതിന്നർത്ഥമില്ല. ഒരു നായകന്റെ നിലയ്ക്കു് വിലപിയ്ക്കാതിരുന്നാൽ ഹൃദയമില്ലാത്തവനാണെന്നുവരും. ഈ ധർമ്മസങ്കടത്തിലാണു് നമ്മുടെ എഴുത്തച്ഛൻ "മായാമാനുഷൻ മൂഢാത്മകളെയൊപ്പിക്കാനാ"യി രാമനെക്കൊണ്ടു കരയിച്ചതു്—

ഇങ്ങനെയായിരുന്നു എന്റെ വാദഗതി. സാമാന്യം നീണ്ട ആ പ്രസംഗം മലയാളരാജ്യത്തിൽ നാലു കോളുത്തോളം പിറേറദിവസം പ്രത്യക്ഷമായി. അതു കേട്ട സാമാജികന്മാർ ഒരു യുക്തിവാദം പോലെ സ്വീകരിച്ചതല്ലാതെ, വലിയ ഗൌരവം അതിൽ ആരോപിയ്ക്കുകയുണ്ടായെന്നു തോന്നിയില്ല. പക്ഷെ പരിഷത്തിൽ പങ്കുകൊള്ളാതെ അകലത്തിരുന്നു് അതിൽ നടക്കുന്ന കോലാഹലങ്ങളെ സൂക്ഷിച്ചിരുന്ന "രാമനെ" അതിളക്കിയെന്നുതോന്നുന്നു. ഒരു സ്നേഹിതൻ മുഖാന്തിരം എന്നോടു പറഞ്ഞയയ്ക്കുയുണ്ടായി. "അച്ചുതമേനോന്റെ രാമായണനിരൂപണം വായിച്ചുവെന്നു പറയണം. രാവണനെ മാനിയ്ക്കുന്ന ഒരാളെക്കൂടി കിട്ടിയതിൽ എനിയ്ക്കു സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ടെന്നുകൂടി അറിയിയ്ക്കു."—ശ്രീരാമന്റെ "രാവണപക്ഷം" ഇതിന്നുശേഷമാണു് ഒരു വലിയ സിദ്ധാന്തമായി അരങ്ങു കയറി[illegible]ണം ഞാനാണെന്നു സ്ഥാപിയ്ക്കാനല്ല[illegible]ന്റെ പ്രസംഗം ഒഴുകുന്ന തോണിയ്ക്ക[illegible]ക്കാം.

MUL
165305
165305
38233
032:1:9
J2
UNIVERSITY LIBRARY

9 DEC 1955